ISSN-0971-8400

# യോജന

ആഗസ്റ്റ് 2015 ഒരു വികസനപത്രിക ₹ 10

## സർവ്വതല സ്പർശിയായ വളർച്ചയും സാമൂഹിക മാറ്റവും




### ധനകാര്യ സർവ്വതല വ്യാപനവും സാമൂഹ്യ പരിവർത്തനവും
ചരൺ സിങ്, സി.എൽ. ദധീച്, എസ് അനന്ത്

### ഭാരതത്തെ കരുത്തുറ്റതാക്കാൻ ഡിജിറ്റൽ സാങ്കേതിക വിദ്യ
വിജയ് കുമാർ കൗൾ

### മൈക്രോ, ചെറു, ഇടത്തരം സംരംഭങ്ങളും സർവ്വതല വളർച്ചയും
പി.എം. മാത്യു

# നൈപുണ്യ സംരംഭങ്ങൾ

## ദേശീയ നൈപുണ്യ വികസന ദൗത്യം

കേന്ദ്ര സർക്കാരിന്റെ സ്കിൽ ഇന്ത്യ പദ്ധതിക്ക് പ്രഥമ ലോക യുവജന നൈപുണ്യ ദിനമായ 2015 ജൂലൈ 15 ന് തുടക്കമിട്ടു. പ്രധാനമന്ത്രിയാണ് ദേശീയ നൈപുണ്യ വികസന ദൗത്യം അഥവാ നാഷണൽ സ്കിൽ ഡവലപ്മന്റ് മിഷൻ പദ്ധതിയുടെ ഉദ്ഘാടനം നിർവഹിച്ചത്. രാജ്യത്ത് വൻ തോതിലുള്ള പ്രവർത്തന ശേഷി വികസനത്തിനുള്ള ശ്രമങ്ങളാണ് ഇതുവഴി ഉദ്ദേശിക്കുന്നത്. തൊഴിൽ ദാതാക്കളുടെ ആവശ്യമനുസരിച്ച് സുസ്ഥിര ജീവിതം എന്ന ഇന്ത്യൻ പൗരന്മാരുടെ ആഗ്രഹം സാധ്യമാക്കാൻ, മികച്ച പരിശീലനം ലഭിച്ച തൊഴിലാളികളുടെ വൻ നിര ഇവിടെ സജ്ജമാക്കുക എന്നതാണ് ഈ ദൗത്യത്തിന്റെ ഉദ്ദേശ്യം.

**ലക്ഷ്യങ്ങൾ**

- ജീവിത്തിലുടനീളം പഠനത്തിനുള്ള സൗകര്യത്തോടെ നൈപുണ്യ വികസനത്തിനുള്ള ചട്ടക്കൂട് തയാറാക്കുക. ഇതിനായി സ്കൂൾ പാഠ്യപദ്ധതിയിൽ തൊഴിൽ പരിശീലനം കൂടി ഉൾപ്പെടുത്തുക, അതുവഴി പരിശീലനം നേടുന്നവർക്ക് നല്ല തൊഴിൽ ലഭിക്കാൻ സഹായിക്കുക.

- ആവശ്യമനുസരിച്ച് പരിശീലനം സിദ്ധിച്ച തൊഴിലാളികളെ നൽകി തൊഴിലുടമകളെ സഹായിക്കുക, സുസ്ഥിര ജീവിതമെന്ന ആഗ്രഹ സാക്ഷാത്ക്കാരത്തിനുതകുന്ന തൊഴിൽ ലഭ്യമാക്കി തൊഴിലാളികളെ സഹായിക്കുക.

- രാജ്യത്തെ എല്ലാ മന്ത്രാലയങ്ങളുടെയും സംസ്ഥാനങ്ങളുടെയും സ്വകാര്യ സ്ഥാപനങ്ങളുടെയും പ്രവർത്തനം പ്രയോജനപ്പെടുത്തി പരിശീലന പരിപാടി മികച്ച ഗുണമേന്മയിലൂടെ ലോകോത്തര നിലവാരം കൈവരിക്കുക.

- കെട്ടിട നിർമ്മാണം പോലുള്ള അസംഘടിത മേഖലകളിൽ പ്രവർത്തന ശേഷി വികസനത്തിനുള്ള അവസരങ്ങൾ ലഭ്യമാക്കി അവരെയും ഔപചാരിക തൊഴിലാളികളാക്കി മാറ്റുക.

- ഉയർന്ന ഗുണനിലവാരമുള്ള ദീർഘകാല പ്രവർത്തന ശേഷി ഉറപ്പാക്കുക, അതിന് അന്താരാഷ്ട്ര യോഗ്യതകളും മാനദണ്ഡങ്ങളും സ്വീകരിക്കുക, അങ്ങനെ അതിസമർത്ഥമായ ഒരു തൊഴിൽ സേനയെ തന്നെ സൃഷ്ടിക്കുക.

- മികച്ച ഗുണനിലവാരമുള്ള പരിശീലകരുടെ ശൃംഖല രൂപപ്പെടുത്തുക. അതിനായി രാജ്യത്തുടനീളം അധ്യാപന പരിശീലന കേന്ദ്രങ്ങൾ സ്ഥാപിക്കുക.

- പ്രാപ്തി നിർമ്മാണത്തിനും പ്രവർത്തന ശേഷി വികസനത്തിനുമുള്ള പരിശ്രമങ്ങളെ വിലയിരുത്തുന്നതിനായി നിലവിലുള്ള അടിസ്ഥാന സൗകര്യങ്ങളും വ്യവസായങ്ങളും പ്രയോജനപ്പെടുത്തുക.

- വിദേശ രാജ്യങ്ങളിലെ തൊഴിൽ സാധ്യതകൾ മനസിലാക്കി, ആവശ്യാനുസരണം വിദഗ്ധ തൊഴിലാളികളെ അവിടങ്ങളിലേയ്ക്ക് അയക്കുക.

- ഔപചാരിക വിദ്യാഭ്യാസത്തിനും സാങ്കേതിക തൊഴിൽ പരിശീലന(വൊക്കേഷണൽ ട്രെയിനിങ്) സംവിധാനത്തിനും മധ്യേ ഇരു മേഖലകളിലേയ്ക്കും ആവശ്യാനുസരണം പ്രവേശനത്തിനുള്ള സൗകര്യം ഒരുക്കുക.

- കേന്ദ്ര മന്ത്രാലയങ്ങൾ, വകുപ്പുകൾ, സംസ്ഥാനങ്ങൾ, വിവിധ നിർവഹണ ഏജൻസികൾ തുടങ്ങിയവ നടത്തുന്ന പ്രവർത്തന ശേഷി വികസന സംരംഭങ്ങളെ ഏകോപിപ്പിക്കുക.

- പ്രവർത്തന ശേഷി വികസന സംരംഭങ്ങളിൽ സമൂഹത്തിലെ ദുർബല വിഭാഗങ്ങളെയും ഭിന്നശേഷിയുള്ളവരെയും പ്രത്യേകമായി പരിഗണിക്കുകയും പദ്ധതിയെ അവരിലേയ്ക്കു കൂടി എത്തിക്കാൻ ശ്രമിക്കുകയും ചെയ്യുക.

- പ്രവർത്തന ശേഷി വികസനത്തിന്റെ മൂല്യവും നൈപുണ്യ പരിശീലനത്തിന്റെ പ്രാധാന്യവും സംബന്ധിച്ച് യുവജനങ്ങൾക്കിടയിൽ വ്യാപകമായ ബോധവത്ക്കരണം നടത്തുക.

- രാജ്യത്തു നടക്കുന്ന പ്രവർത്തന ശേഷി വികസനം സംബന്ധിച്ച് പൗരന്മാർക്ക് വേണ്ട വിവരങ്ങൾ ലഭ്യമാക്കാനുള്ള ഉത്തരവാദിത്തം എൽഎംഐഎസ് ന് ആയിരിക്കും. നിലവിൽ ഓരോ സംസ്ഥാനത്തും നടക്കുന്ന പ്രവർത്തന ശേഷി വികസന പരിപാടികൾ വിലയിരുത്തുന്നതും എൽഎംഐഎസ് തന്നെ ആയിരിക്കും.

ആഗസ്റ്റ് 2015

വാല്യം 44 | ലക്കം 1

# യോജന

*ചീഫ് എഡിറ്റർ:*
**ദീപിക കച്ചൽ**

**മലയാളം പതിപ്പ്**

*സീനിയർ എഡിറ്റർ:*
**ഡോ. നീതു സോണ എം.**

*എഡിറ്റർ ഇൻ ചാർജ്:*
**ജെ. മഹേഷ് കുമാർ**




ഈ ലക്കത്തിൽ

## സർവ്വതല സ്പർശിയായ വളർച്ചയും സാമൂഹിക മാറ്റവും

**മലയാളം പതിപ്പ്** : റ്റി.സി 25/139, ഗവൺമെന്റ് പ്രസ്സ് റോഡ്, തിരുവനന്തപുരം - 695 001, ഫോൺ : 0471 - 2323826
ഇ-മെയിൽ : yojanamal50@yahoo.co.in, yojanamalayalam@gmail.com

**വെബ്സൈറ്റ്** : www.yojana.gov.in
**ഇ-മെയിൽ** : yojanace@gmail.com

വരിസംഖ്യ/ബിസിനസ് സംബന്ധമായ വിവരങ്ങൾക്ക് : pdjucir@gmail.com

ആസൂത്രണവും വികസനവും ലക്ഷ്യമാക്കി മലയാളം, ഇംഗ്ലീഷ്, ഹിന്ദി, ബംഗാളി, തമിഴ്, അസമിയ, മറാഠി, തെലുങ്ക്, ഗുജറാത്തി, ഉറുദു, പഞ്ചാബി, കന്നട, ഒറിയ എന്നീ 13 ഭാഷകളിൽ പ്രസിദ്ധീകരിക്കുന്നത്.

ഇംഗ്ലീഷ് യോജനയുടെ വരിസംഖ്യാ സംബന്ധമായ അന്വേഷണങ്ങൾക്ക് എഴുതേണ്ട വിലാസം:

ബിസിനസ് മാനേജർ (സർക്കുലേഷൻ ആന്റ് അഡ്വർടൈസ്മെന്റ്), പബ്ലിക്കേഷൻസ് ഡിവിഷൻ, റൂം നം. 48-53, സൂചനാ ഭവൻ, സിജിഒ കോംപ്ലക്സ്, ലോധി റോഡ്, ന്യൂഡൽഹി 110 003

വരിസംഖ്യ ഒരു വർഷം ₹ 100/-, രണ്ടു വർഷം ₹ 180, മൂന്നുവർഷം ₹ 250/-

യോജനയിൽ അച്ചടിച്ചു വരുന്ന ലേഖനങ്ങളിലെ അഭിപ്രായം ലേഖകരുടേതായിരിക്കും; അവ സർക്കാരിന്റേതാകണമെന്നില്ല. പരസ്യങ്ങളുടെ ഉള്ളടക്കത്തിലും യോജനയ്ക്ക് ഉത്തരവാദിത്തമില്ല.

യോജനയുടെ ഉദ്ദേശ്യം വികസനത്തിന്റെ സന്ദേശം നാടെങ്ങും എത്തിക്കുകയാണ്. പക്ഷേ ഇതിൽ ഔദ്യോഗികാഭിപ്രായങ്ങൾക്കു മാത്രമല്ല സ്ഥാനം നല്കപ്പെടുക. ജനാഭിലാഷങ്ങളുടെയും നൈരാശ്യങ്ങളുടെയും കണ്ണാടി കൂടിയാണ് യോജന.

കവർ. അനിൽ തിവാരി

യോജന ആഗസ്റ്റ് 2015








## ലേഖനങ്ങൾ ക്ഷണിക്കുന്നു

**സമ്പദ് വ്യവസ്ഥ, ആരോഗ്യ, വിദ്യാഭ്യാസ, സാമൂഹ്യക്ഷേമ മേഖലകളിലെ പ്രവണതകൾ എന്നിവ സ്ഥിതിവിവര കണക്കുകളോടെ വിശകലനം ചെയ്യുന്ന**

# ലേഖനങ്ങൾ

**വിദഗ്ദ്ധരിൽ നിന്നും ഗവേഷണ വിദ്യാർത്ഥികളിൽനിന്നും**

# ക്ഷണിക്കുന്നു

**വിലാസം:**

**പത്രാധിപർ, യോജന, ഗവ. പ്രസ്സ് റോഡ്, തിരുവനന്തപുരം – 695 001**

**ഫോൺ നമ്പർ : 0471 – 2323826**

**ഇ–മെയിൽ:**

yojanamalayalam@gmail.com,yojanamal50@yahoo.co.in

# യോജന

● ആഗസ്റ്റ് 2015 ● വാല്യം 44 ● ലക്കം ഒന്ന്


## ഉള്ളടക്കം

### സർവ്വതല സ്പർശിയായ വളർച്ചയും സാമൂഹിക മാറ്റവും


7 ധനകാര്യ സർവ്വതല വ്യാപനവും സാമൂഹ്യ പരിവർത്തനവും
ചരൺസിംഗ്, സി എൽ ദധീച്, എസ്. അനന്ത്

12 ഭാരതത്തെ കരുത്തുറ്റതാക്കാൻ ഡിജിറ്റൽ സാങ്കേതിക വിദ്യ
വിജയ് കുമാർ കൗൾ

20 മൈക്രോ, ചെറു, ഇടത്തരം സംരംഭങ്ങളും സർവ്വതല വളർച്ചയും
ഡോ. പി.എം. മാത്യു

27 സാമൂഹ്യ സുരക്ഷ: പുതിയ ചുവടുവെയ്പുകൾ
ജിതേന്ദർ സിങ്

30 സമഗ്ര വളർച്ചയ്ക്ക് കാർഷിക മേഖല
ഭുവൻ ഭാസ്കർ

35 ഇന്ത്യയുടെ വളർച്ച സമഗ്രമോ? താത്വിക സങ്കല്പങ്ങളും തെളിവുകളും
ശ്രീപാദ് മോത്തിറാം

39 ചരക്ക് സേവന നികുതി: ഒരു അവലോകനം
ഡോ. ജോസ് സെബാസ്റ്റ്യൻ

44 ഇന്റർനെറ്റ് പ്രവണതകൾ
വി. കെ. ആദർശ്

48 ഇന്ത്യയുടെ കായിക പാരമ്പര്യം
ആർ സുരേഷ്

54 നിങ്ങൾക്കറിയാമോ?


### അടുത്ത ലക്കം

**സെപ്തംബർ 2015**

**സ്മാർട്ട് സിറ്റി: നാഗരികതയുടെ മാറുന്ന മുഖം**

## സാമ്പത്തിക വളർച്ചയുടെ ജനകീയവൽക്കരണം

ശ്രദ്ധേയമായ വളർച്ചയിലൂടെ അവികസിത രാഷ്ട്രങ്ങളുടെ പട്ടികയിൽ നിന്ന് ഏറ്റവും വലിയ സമ്പദ്‌വ്യവസ്ഥകളിലൊന്നായി വളരാൻ ഇന്ത്യക്കു സാധിച്ചു. ആഗോള സമ്പദ്‌വ്യവസ്ഥയിൽ ഉയർച്ചതാഴ്ച്ചകൾ പലതുമുണ്ടായെങ്കിലും ഇന്ത്യ തളർന്നില്ല. കഴിഞ്ഞ പാദവർഷത്തിൽ 7.5% വളർച്ച നേടാൻ രാഷ്ട്രത്തിനു സാധിച്ചു. ലോകബാങ്ക് അടുത്തിടെ പുറത്തുവിട്ട റിപ്പോർട്ടിൽ ലോകത്തിൽ ഏറ്റവും വേഗത്തിൽ വളരുന്ന സമ്പദ്‌വ്യവസ്ഥ ഇന്ത്യയുടേതാണെന്നു ചൂണ്ടിക്കാട്ടിയിട്ടുണ്ട്. ഇന്ത്യയുടെ മൊത്തം ആഭ്യന്തര ഉൽപാദനം (ജി.ഡി.പി.) 2015–16ൽ ഏഴര ശതമാനമായും 2016–17ൽ 7.9 ശതമാനമായും ഉയരുമെന്നു റിപ്പോർട്ടിൽ ചൂണ്ടിക്കാട്ടുന്നു. 2017–18ൽ ഇതു പിന്നെയുമുയർന്ന് എട്ടു ശതമാനത്തിലെത്തുമെന്നാണ് ലോകബാങ്കിന്റെ കണക്ക്. ധനശാസ്ത്ര സൂചികകൾ പ്രകാരം കഴിഞ്ഞ വർഷം നിർണായക വളർച്ച നേടാൻ നമുക്ക് സാധിച്ചിട്ടുമുണ്ട്.

ബജറ്റ് സമ്മേളനത്തിന്റെ തുടക്കത്തിൽ, പാർലമെന്റിന്റെ സംയുക്തസമ്മേളനത്തെ അഭിസംബോധന ചെയ്യവെ, രാഷ്ട്രപതി പ്രണബ് മുഖർജി ദരിദ്രരിൽ ദരിദ്രരെക്കൂടി ഉൾപ്പെടുത്തിയുള്ള വളർച്ചയ്ക്കാണു ഗവൺമെന്റ് പ്രാധാന്യം നൽകുന്നതെന്നു വ്യക്തമാക്കിയിരുന്നു. രാജ്യത്തിന്റെ വളർച്ചയുടെ വേഗവും രീതിയും തമ്മിൽ വിടവുണ്ടെന്ന തിരിച്ചറിവിലാണ് ഈ ഊന്നൽ. വിവിധ മേഖലകളിൽ ഇന്ത്യ കൈവരിച്ച പുരോഗതി ദരിദ്രരുടെയും പാർശ്വവൽക്കരിക്കപ്പെട്ടവരുടെയും ജീവിതം മെച്ചപ്പെടുത്തുന്നതിനു ഗുണകരമായില്ല. യു.എൻ.ഡി.പിയുടെ മാനവികതാ വികസന സൂചികയിൽ ലോക രാഷ്ട്രങ്ങൾക്കിടയിൽ ഇന്ത്യയുടെ സ്ഥാനം 135 ആണെന്നതിൽ നിന്നു വ്യക്തമാകുന്നതും ഇതു തന്നെ. സാമ്പത്തിക വളർച്ചയുടെ അടിത്തറ വിശാലമാക്കുകയെന്നതും വളർച്ചയുടെ നേട്ടം എല്ലാവർക്കുമിടയിൽ പങ്കുവെക്കപ്പെടുകയെന്നതും എല്ലാ കാലത്തും നിലനിന്നുപോരുന്ന ആവശ്യമാണ്. എല്ലാവരെയും ഉൾപ്പെടുത്തിയുള്ള വളർച്ചയെന്ന ആശയം അവതരിപ്പിക്കപ്പെട്ടതാകട്ടെ, 11–ാമതു പഞ്ചവൽസര പദ്ധതി വിശദീകരിച്ചുകൊണ്ടു പുറത്തിറക്കിയ രേഖയിലാണ്. എല്ലാവരുടെയും ജീവിത നിലവാരം ഉയർത്തുകയും തുല്യ അവസരങ്ങൾ ഉറപ്പാക്കുകയും ചെയ്യുകയെന്ന ലക്ഷ്യം 11–ാം പദ്ധതിക്കുണ്ടായിരുന്നു. 12–ാം പദ്ധതിയിൽ ദാരിദ്ര്യം കുറയ്ക്കൽ, ആരോഗ്യ- വിദ്യാഭ്യാസ മേഖലകൾ മെച്ചപ്പെടുത്തൽ, തൊഴിലവസരങ്ങൾ വർധിപ്പിക്കൽ എന്നീ മേഖലകൾക്കു പ്രത്യേക പ്രാധാന്യം നൽകുക വഴി 11–ാം പദ്ധതിയുടെ അജണ്ട പിന്നെയും ഉയർത്തിക്കാട്ടി.

വികസനത്തിൽ നിന്ന് ഒറ്റപ്പെടുത്തപ്പെട്ടവരെ മുഖ്യധാരയിലെത്തിക്കാനും ദ്രുതഗതിയിലുള്ള സാമ്പത്തിക വളർച്ചയുടെ നേട്ടം കൊയ്യാൻ അവരെ പ്രാപ്തരാക്കാനും ഒട്ടേറെ പദ്ധതികളാണ് ഗവൺമെന്റ് ആരംഭിച്ചിരിക്കുന്നത്. സാമ്പത്തിക ഉൾച്ചേർക്കൽ ലക്ഷ്യമിട്ടു തുടക്കമിട്ട പ്രധാനമന്ത്രി ജൻധൻ യോജന (പി.എം.ജെ.ഡി.വൈ.) പദ്ധതി ആരംഭിച്ച് പത്തു മാസത്തിനകം തന്നെ 98% കുടുംബങ്ങൾക്കും ബാങ്ക് അക്കൗണ്ട് ലഭിക്കുക വഴി വലിയ നേട്ടമാണുണ്ടായത്. മുദ്ര ബാങ്ക്, സേതു (എസി.ഇ.ടി.യു.), സ്കിൽ ഇന്ത്യ മിഷൻ എന്നിവ തൊഴിൽ നൈപുണ്യമുള്ള ഏറെപ്പേരെ സൃഷ്ടിക്കാനും തൊഴിലവസരങ്ങൾ ലഭ്യമാക്കാനുമുള്ള ഗൗരവമേറിയ പദ്ധതികളാണ്. രാജ്യത്താകമാനം എല്ലാവർക്കും സുരക്ഷാവലയം തീർക്കുകയെന്ന ലക്ഷ്യത്തോടെയാണ് പ്രധാനമന്ത്രി ജീവൻ ജ്യോതി ബീമ യോജന, പ്രധാനമന്ത്രി ജീവൻ സുരക്ഷ യോജന, അടൽ പെൻഷൻ യോജന എന്നീ പദ്ധതികൾ ആവിഷ്കരിച്ചിരിക്കുന്നത്. മഹാത്മാ ഗാന്ധി റൂറൽ എംപ്ളോയ്മെന്റ് ഗ്യാരണ്ടി ആക്റ്റ് (എം.ജി.എൻ.ഇ.ആർ.ജി.എ.) ജനങ്ങളുടെ ജീവിത നിലവാരം ഉയർത്താനും ഒരുപരിധിവരെ കുടിയേറ്റം ഇല്ലാതാക്കാനും സഹായകമായിട്ടുണ്ട്. കിസാൻ കാർഡ്, പ്രധാനമന്ത്രി കൃഷി സിഞ്ചായീ യോജന (പി.എം.കെ.എസ്.വൈ.), നാഷണൽ അഗ്രിക്കൾച്ചറൽ മാർക്കറ്റ് (എൻ.എ.എം.) എന്നിവ കർഷകജനതയെ ലക്ഷ്യംവെച്ചുള്ളതാണ്. രാജ്യത്തിന്റെ സാമൂഹ്യ, സാമ്പത്തിക വളർച്ചയുടെ സൂചികകളെ അനുകൂലമാക്കിയെടുക്കുന്നതിൽ കർഷകരുടെ ജീവിത സാഹചര്യങ്ങൾ മെച്ചപ്പെടുത്തുകയെന്നതു വളരെ പ്രധാനമാണ്.

വൈജാത്യങ്ങൾ നിറഞ്ഞ 120 കോടി ജനങ്ങൾ അധിവസിക്കുന്ന രാജ്യം നേരിടുന്ന ഏറ്റവും വലിയ വെല്ലുവിളി മുഴുവൻ പ്രദേശങ്ങളിലും സമൂഹത്തിലെ എല്ലാ വിഭാഗങ്ങളിലേക്കും വളർച്ചയുടെ ഗുണഫലങ്ങൾ എത്തിക്കുകയെന്നതാണ്. ഇക്കാര്യത്തിൽ സാങ്കേതിക വിദ്യക്കുള്ള സ്ഥാനം നിർണായകമാണ്. ഈ മാസം തുടക്കമിട്ട 'ഡിജിറ്റൽ ഇന്ത്യ' പദ്ധതി ഈ ലക്ഷ്യം വെച്ചുള്ളതാണ്. സാങ്കേതിക വിദ്യയെ ഫലപ്രദമായി ഉപയോഗപ്പെടുത്തുക വഴി ഭരണവുമായി ബന്ധപ്പെട്ട ഓരോ കാര്യങ്ങളും സേവനങ്ങളും എല്ലാ പൗരൻമാരിലും നേരിട്ടെത്തിക്കുന്നതിനു പദ്ധതിയിലൂടെ ശ്രമിക്കും. സാങ്കേതിക വിദ്യയുടെ സഹായത്തോടെ വിദ്യാഭ്യാസം, ആരോഗ്യം, കൃഷി, ഉത്പാദനം എന്നീ അടിസ്ഥാനമേഖലകളിൽ സമ്പൂർണമായ മാറ്റം സാധ്യമാക്കുകവഴി ജീവിത നിലവാരം മെച്ചപ്പെടുത്തുകയെന്ന മാർഗമാണു ഡിജിറ്റൽ ഇന്ത്യ പദ്ധതിയിൽ അവലംബിക്കുക. എല്ലാവരെയും ഉൾപ്പെടുത്തിയുള്ള വളർച്ചയെ വിശാലമായ കാഴ്ചപ്പാടിലേക്കു മാറ്റാൻ ഇന്ത്യൻ സമ്പദ്‌വ്യവസ്ഥ തയ്യാറെടുക്കുമ്പോൾ അവസരങ്ങളുടെയും ജീവിത സാഹചര്യങ്ങളുടെയും ശരിയായ അർഥത്തിലുള്ള തുല്യതയാണു ലക്ഷ്യം വെക്കുന്നത്.

# ധനകാര്യ സർവ്വതല വ്യാപനവും സാമൂഹ്യ പരിവർത്തനവും

ചരൺ സിംഗ്, സി.എൽ. ദധീച്, എസ്. അനന്ത്

സർവ്വതല സ്പർശിയായ ധനകാര്യ പ്രവർത്തനങ്ങളുടെ മുഖ്യമായ ഉദ്ദേശ്യം സമൂഹത്തിലെ അരക്ഷിത - ദുർബല വിഭാഗങ്ങൾക്ക് നിക്ഷേപത്തിനും സാമ്പത്തിക വളർച്ചയ്ക്കും ആവശ്യമായ വായ്പ/ധനസഹായം അയവുള്ള നിബന്ധനകളോടെ ലഭ്യമാക്കുക എന്നതാണ്. സർവ്വതല സ്പർശിയായ ധനവ്യവഹാരത്തിലൂടെ രാജ്യവ്യാപകമായി സമത്വത്തിലധിഷ്ഠിതമായ, മേന്മയേറിയ സാമൂഹ്യ വികസനം ത്വരിതപ്പെടുത്താൻ സാധിക്കുന്നതാണ്. ഇതിലൂടെ സ്ത്രീകൾ ഉൾപ്പെടെയുള്ള അധഃസ്ഥിത - ദാരിദ്ര്യവിഭാഗങ്ങളെ സ്വയം പര്യാപ്തരും, സുചിന്തിതമായ ധനകാര്യ തീരുമാനങ്ങൾ കൈക്കൊള്ളുവാൻ കെല്പുള്ളവരും ആക്കുന്നതിനും ആ രീതിയിൽ ശാക്തീകരിക്കുന്നതിനും സാദ്ധ്യമാണ്. സമ്പാദ്യം, സാമ്പത്തിക കൊടുക്കൽ വാങ്ങലുകൾ, പെൻഷൻ, സൂക്ഷ്മ ഇൻഷ്വറൻസ് തുടങ്ങിയ ബഹുവിധ സാമ്പത്തിക സേവനങ്ങൾ സാർവ്വത്രികമായി സുനിശ്ചിതമാക്കുക എന്നതാണ് ലക്ഷ്യം. ധനകാര്യം സർവ്വതല വ്യാപനത്തിലൂടെ, ജനങ്ങൾക്ക് ആകമാനം ബിസിനസ്സ് അവസരങ്ങൾ, വിദ്യാഭ്യാസം, വാർദ്ധക്യകാലം മുന്നിൽ കണ്ടുകൊണ്ടുള്ള നിക്ഷേപങ്ങൾ, ജീവിതത്തിലെ അവിചാരിത സന്ദർഭങ്ങൾ നേരിടുന്നതിനുള്ള വായ്പകൾ എന്നീ സേവനങ്ങളും പ്രദാനം ചെയ്യാൻ ശ്രമിക്കേണ്ടതുണ്ട്.

ഒരു രാജ്യത്തിലെ /ഓരോ രാജ്യത്തിലെയും മുഴുവൻ പൗരന്മാർക്കും മെച്ചപ്പെട്ട ജീവിത നിലവാരവും വരുമാനവും യാഥാർത്ഥ്യമാക്കുക എന്നതാണ് ആത്യന്തികമായി ധനകാര്യ സർവ്വതല വ്യാപനം കൊണ്ട് ലക്ഷ്യമാക്കുന്നത്.

ഔപചാരിക ധനകാര്യമേഖല വർദ്ധിച്ച തോതിൽ ജനങ്ങൾക്ക് പ്രാപ്തമാക്കുക എന്നത് ഒരു നിരന്തരമായ പരിശ്രമം തന്നെയാവണം. സ്വാതന്ത്ര്യ പ്രാപ്തിക്കുശേഷം ഈ ലക്ഷ്യം മുൻനിർത്തി സർക്കാരും റിസർവ് ബാങ്കും ബോധപൂർവ്വമായ നടപടികൾ സ്വീകരിച്ച് വരികയാണ്. മുൻകാലങ്ങളിൽ കൈക്കൊണ്ട പല നടപടികളും ഫലപ്രദമായിട്ടില്ല എന്ന് പറയേണ്ടിവരുന്നു. സമീപകാലത്ത് ഇന്ത്യാഗവൺമെന്റ് ഈ വിഷയം അവലോകനം ചെയ്യുകയും, വ്യാപകമായി പുതിയ ബാങ്ക് അക്കൗണ്ടുകൾ തുറക്കുന്നതിനുള്ള പരിശ്രമങ്ങൾക്ക് തുടക്കം കുറിക്കുകയും ചെയ്തു. പ്രധാന മന്ത്രിയുടെ ജൻധൻ യോജന (PMJDY) യുടെ ആഭിമുഖ്യത്തിൽ രാജ്യത്തെ 98% വീടുകളെയും ബാങ്കുകളുമായി ബന്ധിപ്പിക്കുവാൻ സാധിച്ചിരിക്കുന്നു. ഇത്തരം പരിശ്രമങ്ങളുടെ ഫലമായി, ഇന്ത്യയിൽ സാമൂഹ്യ സാമ്പത്തിക മേഖലകളിൽ ശ്രദ്ധേയമായ പരിവർത്തനം സംഭവിച്ചുകൊണ്ടിരിക്കുകയാണ്.

### ധനകാര്യസർവ്വതല വ്യാപനത്തിന്റെ ചരിത്രപരമായ പരിണാമം.

കൊളോണിയൽ കാലംമുതൽ തന്നെ അസംഘടിത മേഖലയുടെ അധീശത്വത്തിന് കടിഞ്ഞാണിടുന്നതിന് നയരൂപീകരണരംഗത്തുള്ളവർ പരിശ്രമിച്ചു പോന്നിട്ടുണ്ട്. കൊള്ള പലിശക്കാരുടെ സാന്നിദ്ധ്യം അവസാനിപ്പിക്കുന്നതിലേക്കായി ഭൂബാങ്കുകൾ സ്ഥാപിക്കണമെന്ന ആവശ്യം നിക്കോൾസൺ റിപ്പോർട്ട് (1895) ഉയർത്തി കാണിക്കുകയുണ്ടായി. തൽഫലമായി 1904 ലെ സഹകരണവായ്പാ സംഘ നിയമത്തിലൂടെ സഹകരണ വായ്പാ സംഘങ്ങൾക്ക് നിയമ സാധുത നൽകപ്പെട്ടു. സ്വാതന്ത്ര്യ ലബ്ധിക്കുശേഷം സാമ്പത്തിക സേവനങ്ങളുടെ പ്രാപ്തി വർദ്ധിച്ചതോതിലാക്കുന്നതിലേക്കുള്ള പരിശ്രമങ്ങൾ തുടർന്നുപോന്നു.

1951–54 ലെ അഖിലേന്ത്യാ ഗ്രാമീണ വായ്പാ സർവ്വെയുടെ നിരീക്ഷണ പ്രകാരം 1951–ൽ കാർഷികവായ്പയുടെ 0.9% മാത്രമാണ് വാണിജ്യബാങ്കുകൾ ലഭ്യമാക്കിയിരുന്നത്, കാർഷിക പണമിടപാടുകൾ 44.8% വും ലഭ്യമാക്കിയിരുന്നു എന്നും ആർബിഐ ആവർത്തിച്ച് വ്യക്തമാക്കുന്നുണ്ട്. ധനകാര്യ സർവ്വതല വ്യാപനത്തിന്റെ ആദ്യനടപടികളായി 1955 ലെ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുടെയും പിന്നീട് 1969 ലും 1980 ലും നടന്ന ഇതര വാണിജ്യ ബാങ്കുകളുടെയും ദേശസാൽക്കരണത്തെ ചിത്രീകരിക്കാവുന്നതാണ്. ദേശീയ കാർഷിക ഗ്രാമവികസന ബാങ്ക് (NABARD) സ്ഥാപിച്ചതും കാർഷിക അനുബന്ധ മേഖലകളുടെ വായ്പാ സൗകര്യത്തെ ഉൾപ്പെടുത്തിക്കൊണ്ടുള്ള മുൻഗണനാവായ്പാ സമ്പ്രദായം ഏർപ്പെടുത്തിയതും ഈ ദിശയിലേക്കുള്ള കാൽവെയ്പുകൾ തന്നെയാണ്. 2005 –ൽ റിസർവ് ബാങ്ക് വിവിധ ധനകാര്യസേവനങ്ങൾ സാർവ്വത്രികമായി ലഭ്യമാക്കുന്നതിനുള്ള നടപടികൾ പ്രഖ്യാപിച്ചു. വ്യക്തികൾക്ക് നിശ്ശേഷം ഭാരം അനുഭവപ്പെടാത്ത രീതിയിൽ ബാങ്ക് അക്കൗണ്ടുകൾ തുറക്കുന്നതിന് സൗകര്യം 'അടിസ്ഥാന സേവിംങ്ങ്സ് ബാങ്ക്' 2012 – ൽ ആരംഭിച്ചു. No frill account എന്ന ഈ സംവിധാനമാണ് ഇപ്പോൾ ജൻധൻയോജന എന്നറിയപ്പെടുന്നത്. 2008ൽ ഗവൺമെന്റ് ഓഫ് ഇന്ത്യ നിയോഗിച്ച രംഗരാജൻ കമ്മറ്റിയുടെ നിർദ്ദേശങ്ങൾ സർവ്വതലവ്യാപനത്തിന് ആക്കം കൂട്ടുന്നുണ്ട്. നിക്ഷേപം, വായ്പ, മൈക്രോ ഇൻഷുറൻസ്, പണം അടയ്ക്കൽ എന്നിവയ്ക്കുള്ള സൗകര്യങ്ങൾ ദരിദ്ര വിഭാഗങ്ങൾക്ക് ലഭ്യമാക്കണം എന്ന് നിർദ്ദേശിക്കുന്നു. ഇതിലേക്കായി ഏതെങ്കിലും ഒരു ജില്ലയിൽ മാതൃകാപദ്ധതി ഏർപ്പെടുത്താൻ കമ്മറ്റി നിർദ്ദേശിക്കുന്നു. ബാങ്കുകൾക്ക് നൽകപ്പെട്ട മറ്റു നിർദ്ദേശങ്ങൾ:– (i) വിദൂര ഗ്രാമങ്ങളിൽ ബാങ്കിങ് സേവനങ്ങൾ നൽകുന്നതിന് ICT സാങ്കേതിക വിദ്യയും ബിസിനസ്സ് കറസ്പോൺഡന്റ് മാതൃകയും അവലംബിച്ച്, കുറഞ്ഞ ചിലവിൽ അത് പടിമുറ്റത്ത് എത്തിക്കാൻ ശ്രമിക്കണം. (ii) 2010 മുതൽ മൂന്നു വർഷങ്ങളിൽ അനുവർത്തിക്കേണ്ട ധനകാര്യ സർവ്വതലസ്പർശിയായ പദ്ധതികൾക്ക് ബാങ്കുളുടെ ബോർഡ് തല അംഗീകാരം (iii) 2000 ലേറെ ജനസംഖ്യയുള്ള എല്ലാ ഗ്രാമങ്ങളെയും 2012 വർഷത്തിനുള്ളിലും 1000 മുതൽ 2000 വരെ ജനസംഖയയുള്ള എല്ലാ ഗ്രാമങ്ങളെയും 2013നുള്ളിലും ബാങ്കിംഗ് പരിധിയിൽ കൊണ്ടുവരുന്നതിനുള്ള മാർഗ്ഗ രേഖ തയ്യാറാക്കുക (iv) ചുരുങ്ങിയത് 4 ബാങ്കിംങ് ഉല്പന്നങ്ങൾ/സേവനങ്ങൾ – ലഭ്യമാക്കുക. (vi) പുതുതായി ആരംഭിക്കുന്ന ശാഖകളിൽ 25% എങ്കിലും ഇപ്പോൾ ബാങ്കിങ് സേവനങ്ങൾ ലഭ്യമല്ലാത്ത ഗ്രാമപ്രദേശങ്ങളിൽ സുനിശ്ചിതമാക്കുക. മറ്റൊരു സുപ്രധാനമായ നടപടി കിസാൻ ക്രെഡിറ്റ് കാർഡ് വിതരണമാണ്. 10 ലക്ഷം രൂപാ വരെ വേണ്ടിവരുന്ന ചെറുകിട സംരംഭകർക്ക് വായ്പ നൽകുകയാണ് ഇപ്പോൾ രൂപീകരിക്കപ്പെട്ടിട്ടുള്ള മുദ്രാ ബാങ്കിന്റെ ശ്രദ്ധാവിഷയം. 20000 കോടി മൂലധനവും 3000 കോടി രൂപാ കുടിശിഖ ഗ്യാരണ്ടി ഫണ്ടായും അംഗീകരിച്ചുകൊണ്ട് ഏർപ്പെടുത്തിയിട്ടുള്ള ഈ ബാങ്ക് രാജ്യത്തെ മൈക്രോ സംരംഭങ്ങൾക്ക് വായ്പ നൽകുന്ന സ്ഥാപനങ്ങൾക്ക് പുനർവായ്പ നൽകുന്നതാണ്. എന്നാൽ നിരന്തര പരിശ്രമങ്ങൾക്ക് ശേഷവും ഗ്രാമീണ കടവായ്പാ വ്യവസ്ഥിതിയിലേക്ക് ഔപചാരിക ദാതാക്കളുടെ സാന്നിദ്ധ്യം സുനിശ്ചിതമാക്കാൻ നമുക്ക് ഇനിയും സാധിച്ചിട്ടില്ല. 2013 ലെ അഖിലേന്ത്യാ ഋണ നിക്ഷേപ സർവെ (AIDIS 2013) പ്രകാരം 17.2 ശതമാനം ഗ്രാമീണ കുടുംബങ്ങൾ ഔപചാരിക സ്ഥാപനങ്ങളിൽ നിന്നും വായ്പ സ്വീകരിച്ചിട്ടുള്ളപ്പോൾ 19 ശതമാനം കുടുംബങ്ങൾ സ്ഥാപനേതര സ്രോതസ്സുകളിൽ നിന്നുമാണ് കടം വാങ്ങിയിട്ടുള്ളത്. ഇപ്പോഴും ഗ്രാമപ്രദേശങ്ങളെ സ്വകാര്യ ഇടപാടുകാരിൽ നിന്നും മോചിപ്പിക്കാൻ ഗവൺമെന്റ് പദ്ധതികൾക്കും ധനകാര്യസ്ഥാപനങ്ങൾക്കും സാധിച്ചിട്ടില്ല എന്നതാണ് സ്ഥിതി വിശേഷം.

ഇപ്പോൾ പ്രധാനമന്ത്രി ജൻധൻ യോജന മുന്നോട്ടു വരുന്നത് തികച്ചും വ്യത്യസ്തമായ സമീപനത്തോടു കൂടിയാണ്. അത് പൂർണ്ണമായും ദൗത്യശൈലി സമീപനമാണ് സ്വീകരിച്ചിരിക്കുന്നത്. റുപേ കാർഡ്, മൈക്രോ ഇൻഷ്വറൻസ് എന്നിവ പദ്ധതിയുടെ അവിഭാജ്യഘടകമാണ്. കൂടാതെ ബാങ്കിങ് സേവനങ്ങൾ ഗ്രാമതലത്തിൽ എത്തിക്കുക എന്നതിനുപകരമായി ബാങ്കിങ് സേവനങ്ങൾ ഓരോ കുടുംബത്തിലും എത്തിക്കുക എന്നതും പുതിയ സമീപനത്തിന്റെ ഭാഗമാണ്. 2015 ജനുവരി 26 ന് 7.5 കോടി ബാങ്ക് അക്കൗണ്ടുകൾ തുടങ്ങുക എന്ന ലക്ഷ്യം പദ്ധതിയുടെ ആദ്യ ദിവ

സങ്ങളിൽ തന്നെ പൂർത്തീകരിക്കപ്പെടുകയും പുതിയ വിജയ തലങ്ങളിൽ എത്തിച്ചേരുകയുമാണ് യഥാർത്ഥത്തിൽ സംഭവിച്ചത്.

**ധനകാര്യ സർവ്വതല വ്യാപനത്തിന്റെ സാമൂഹ്യ സാമ്പത്തിക ഫലങ്ങൾ**

പ്രധാനമന്ത്രി ജൻധൻ യോജന (രൂപാ കോടിയിൽ)

| ക്രമ സംഖ്യ | പുതിയ അക്കൗണ്ടുകൾ എണ്ണം (കോടി) | | | റൂപേ കാർഡുകൾ എണ്ണം (കോടി) | ബാലൻസ് | ബാലൻസില്ലാത്ത അക്കൗണ്ടുകൾ % |
|---|---|---|---|---|---|---|
| | മൊത്തം | ഗ്രാമങ്ങളിൽ | നഗരങ്ങളിൽ | | | |
| 1 പൊതുമേഖല ബാങ്കുകൾ | 12.7 | 6.9 | 5.8 | 11.3 | 14357.5 | 52.3 |
| 2 സ്വകാര്യ ബാങ്കുകൾ | 2.9 | 0.4 | 2.5 | 2.1 | 3258.5 | 52.1 |
| 3 മേഖല ബാങ്കുകൾ | 0.7 | 0.4 | 0.3 | 0.6 | 1068.6 | 49.3 |
| മൊത്തം | 16.3 | 9.79 | 6.5 | 14.5 | 18684.6 | 52.2 |

വ്യാപന വർദ്ധനയുടെ സദ്ഫലങ്ങൾ ബാങ്കിങ് മേഖലയിൽ ഒതുങ്ങി നിൽക്കുന്നില്ല. ഉൾക്കരുത്തുള്ള ഒരു ബാങ്കിങ് മേഖലയുടെ സംസ്ഥാപനവും വ്യാപനവും സാമ്പത്തിക വളർച്ചയ്ക്കും അത്യന്ത്യാപേക്ഷിതമാണെന്ന വിഷയത്തിൽ കഴിഞ്ഞ രണ്ടു ദശാബ്ദങ്ങൾ കൊണ്ട് കൂടുതൽ വ്യക്തത വന്നിട്ടുണ്ട്. സാമ്പത്തിക പരിവർത്തനങ്ങൾ നിയമേന സാമൂഹ്യ പരിവർത്തനങ്ങളിലേക്ക് നയിക്കുന്നു എന്നതും ചരിത്ര സത്യമാണ്. സർവതല വ്യാപന പ്രക്രിയ സാമ്പത്തിക - സാമൂഹ്യ പരിവർത്തനങ്ങൾക്ക് പ്രേരണ നൽകുന്ന ഘടകമാണ്. ഗ്രാമീണ ഭാരതത്തിൽ ഇന്ന് പ്രകടമായിക്കൊണ്ടിരിക്കുന്ന മാറ്റങ്ങൾ ശ്രദ്ധേയമാണ്. കാർഷിക മേഖലയിലെ ദ്രുതഗതിയിലുള്ള യന്ത്രവൽക്കരണം, ഗതാഗതം, വാർത്താ, വിനിമയം, ഇതര മേഖലകളിലെ സാങ്കേതിക പുരോഗതി തുടങ്ങിയവ അതിനു ഉദാഹരണങ്ങളാണ്. ബാങ്കിങ് ഇടപാടുകളിൽ സംഭവിച്ചിട്ടുള്ള സാങ്കേതിക നവീകരണങ്ങളും ഗ്രാമീണ സമൂഹത്തിന്റെ പൊതുവിലുള്ള പുരോഗതിയും തമ്മിലും അഭേദ്യമായ ബന്ധം ദർശിക്കാൻ കഴിയുന്നു.

സമഗ്ര സാമൂഹ്യ സുരക്ഷാവലയം സൃഷ്ടിക്കാനുള്ള ജൻധൻ യോജനയുടെ കരുത്ത് മറ്റ് മൂന്ന് പദ്ധതികളുമായി ബന്ധപ്പെട്ടാണ് നിലകൊള്ളുന്നത്. പ്രധാനമന്ത്രി സുരക്ഷ ബീമ യോജന, ജീവൻ ജ്യോതി ബീമാ യോജന, അടൽ പെൻഷൻ യോജന എന്നിവയിൽ PMJDY ആണ് ഇതിന്റെയെല്ലാം കേന്ദ്രബിന്ദു. അസംഘടിതമേഖലയിലുള്ള പാവപ്പെട്ടവർക്ക് അനുയോജ്യമായ രീതിയിൽ ചെറിയ മാറ്റങ്ങളോടുകൂടി കുറഞ്ഞ ചിലവിൽ സാമൂഹ്യ സുരക്ഷ ഉറപ്പുവരുത്താൻ ബദ്ധശ്രദ്ധമായ സമഗ്ര പദ്ധതി തന്നെയാണ് ഇത്.

ധനകാര്യ സർവ്വതല വ്യാപനത്തിന്റെ മുഖ്യ ആശ്രയം സാങ്കേതിക വിദ്യതന്നെയാണ്. ജൻധൻ യോജന, ആധാർ, മൊബൈൽ ഇവയുടെ സംയോജനം (JAM) ഒരു യഥാർത്ഥ മുന്നേറ്റത്തിലേക്ക് നയിക്കുമെന്നത് തീർച്ചയാണ്. ക്രെഡിറ്റ്/ഡെബിറ്റ് കാർഡുകളുടെ ഉപയോഗത്തിന് ലഭ്യമാക്കാൻ ഉദ്ദേശിക്കുന്ന ഏതാനും ആനുകൂല്യങ്ങൾ സാമൂഹ്യ സാമ്പത്തിക കാര്യങ്ങളിൽ അതിശയകരമായ മാറ്റങ്ങളിലൂടെ പുതിയ അവസരങ്ങൾ സൃഷ്ടിക്കാൻ സമർത്ഥമാണ്. ബാങ്കിങ് മേഖലയുടെ വികസനം, കേന്ദ്ര സംസ്ഥാന സർക്കാരുകൾ സ്വായത്തമാക്കിക്കൊണ്ടിരിക്കുന്ന ICT നൂതന സങ്കേതങ്ങൾ, അവ അനായസമാക്കുന്ന സർക്കാർ സേവനങ്ങൾ, ഇവയെല്ലാം ആധാറുമായി ബന്ധപ്പെടുത്തുക എന്നീ ബഹുമുഖ നടപടികളിലൂടെ ഒരു പുതിയ ഡിജിറ്റൽ വ്യവഹാരമണ്ഡലം ആവിർഭവിക്കുകയാണ്. ജൻധൻ യോജനക്ക് ലഭ്യമായ വൻ ജന പിൻതുണയും ഗ്രാമീണ കുടുംബങ്ങൾ അവരുടെ വരുമാനം 25 ച. കി. ഉള്ളിലുള്ള പ്രദേശങ്ങളിൽ ചെലവഴിക്കുന്നു എന്ന വസ്തുതയും കൂട്ടിവായിക്കുമ്പോൾ, സൂക്ഷ്മതലത്തിൽ ഒരു ഡിജിറ്റൽ വ്യവഹാരമണ്ഡലം രൂപപ്പെടും എന്ന് നിശ്ചയമായും മനസ്സിലാക്കാം. കൂടാതെ ഇന്ത്യൻ ഗ്രാമങ്ങൾക്ക് നഗരങ്ങളോട് ഭൂമിശാസ്ത്രപരമായ അടുപ്പം/ സാമീപ്യം ഉള്ളതായും കാണപ്പെടുന്നുണ്ട്.

ജൻധന അക്കൗണ്ടുകളുടെ അസ്തിത്വം ചെറുകിട വ്യാപന- ബിസിനസ്സുകളെ പരസ്പരം ബന്ധിപ്പിക്കുന്നതിന് പ്രയോജനപ്പെടുന്നതാണ്. ആധാറിന്റെ അടിസ്ഥാനത്തിൽ സക്രിയമാക്കുന്ന മൈക്രോ ATM കാർഡുകൾ, ബയോ മെട്രിക് സാക്ഷ്യപ്പെടുത്തൽ സൗകര്യമുള്ള റുപേ കാർഡുകളുടെ വ്യാപകമായ ഉപയോഗത്തിനും അതിലൂടെ കാഷ് രഹിത ഇടപാടുകൾക്കും അവസരം ഒരുക്കുന്നതാണ്. എന്നാൽ ഇതിന് മുൻപായി

ഏതാനും നിബന്ധനകൾ പൂർത്തീകരിക്കപ്പെടേണ്ട തായിട്ടുണ്ട്. ഈ രീതിക്ക് സഹായകരമായ രീതിയിൽ തൽസമയാടിസ്ഥാനത്തിൽ പണം എത്തിച്ചുകൊടുക്കാനുള്ള സംവിധാനം ബാങ്കുകൾ ഏർപ്പെടുത്തേണ്ടതാണ്. റുപേ കാർഡുകളുടെ അനിവാര്യ സൗകരമായി IMPS രജിസ്ട്രേഷനും NFC ടാഗിങ്ങും ഏർപ്പെടുത്തണം. അങ്ങനെയുള്ള ഒരു ഡിജിറ്റൽ വ്യവസ്ഥയിലൂടെ മാത്രമെ ക്യാഷ് രഹിത വ്യവഹാരങ്ങൾ നിലവിൽ വരുകയുള്ളു. മൊബൈലിന്റെ സാർവ്വത്രികതയും അനുബന്ധ സാങ്കേതികവിദ്യകളുടെ പ്രചാരവും നിരക്ഷര ജനസംഖ്യ ഏറെയുള്ള ഇന്ത്യയിൽ ഇതൊക്കെ സാദ്ധ്യമാക്കാൻ കഴിയും എന്ന് പ്രത്യാശക്ക് വഴിയൊരുക്കുന്നുണ്ട്. സിഗ്നേചറിന് തത്തുല്യമായി പരിഗണിക്കപ്പെടുന്ന വിരലടയാളം അതീവ ലളിതമായ രീതിയിൽ പരിശോധിച്ച് ഉറപ്പുവരുത്താൻ സാധിക്കുന്ന ഫോൺ മെമ്മറി, സാംസങ്ങ് കമ്പനി വികസിപ്പിച്ചെടുത്തിട്ടുള്ളതും അതിന് യു.എസ്. പേറ്റന്റ് ലഭിച്ചിട്ടുള്ളതും ഈ സന്ദർഭത്തിൽ പ്രസക്തമായ കാര്യമാണ്.

ബിസിനസ്സ് കറസ്പോൺഡന്റ് മാതൃകയ്ക്ക് വളരെ എളുപ്പത്തിൽ സാമൂഹ്യ അംഗീകാരം ലഭിക്കുന്നതായി നാം കാണുന്നു. ഔപചാരിക ധനകാര്യ സേവനങ്ങൾക്കു വേണ്ടിയുള്ള ജനാഭിലാഷം ഒരതിർത്തിവരെ പൂർത്തീകരിക്കുന്നതിന് ഇത് സഹായകമാകുന്നുണ്ട്. ഇത് ജനങ്ങൾക്ക് സൗകര്യപ്രദമാണ് ഇടപാടുകളുടെ ചെലവ് വളരെ മിതമാണ്. കൂടാതെ തിരിച്ചടവിന്റെ ശതമാനവും വളരെ ഉയർന്ന തോതിൽ എത്തിക്കാൻ കഴിയുന്നുണ്ട്. അനൗപചാരിക സംവിധാനത്തെക്കാൾ എല്ലാ രീതിയിലും കുറഞ്ഞ പ്രവർത്തനചെലവ് ഉറപ്പാക്കാൻ ഔപചാരിക ധനകാര്യ സേവനങ്ങളിലൂടെ സാധിക്കുന്നു എന്നത് പരമപ്രധാനമായ വസ്തുതയാണ്. ATM കളുടെയും ബിസിനസ്സ് കറസ്പോൺഡന്റുകളുടെയും വ്യാപനത്തിന്റെ ഫലമായി തെലുങ്കാന സംസ്ഥാനത്തിലെ മെഹബൂബ് നഗർ ജില്ലയിൽ അനൗപചാരിക പണമിടപാടുകാർ പൂർണ്ണമായും തിരോധാനം ചെയ്തു കഴിഞ്ഞിരിക്കുന്നു. കോർ ബാങ്കിങ് സംവിധാനം പ്രാബല്യത്തിൽ വന്നതോടുകൂടി, തത്സമയാടിസ്ഥാനത്തിൽ പണം കൈമാറ്റം ചെയ്യാനും ചെലവ് കുറയ്ക്കുന്നതിനും ബാങ്കുകൾക്ക് സാധിക്കുന്നുണ്ട്. ഔപചാരിക മേഖലയിലേക്ക് നിക്ഷേപത്തിന്റെ ഒഴുക്ക് തിരിച്ചുവിടാൻ ഇപ്പോൾ സാധിക്കുന്നു. ഇതിന്റെ ഫലമായി ഗ്രാമീണ നിക്ഷേപകർക്ക് അവരുടെ നിക്ഷേപസംബന്ധിയായ അനിശ്ചിതത്വവും നഷ്ടസാദ്ധ്യതകളും അതിജീവിക്കാനും ക്ഷമത ലഭിക്കുന്നു. ബാങ്കിങ് വ്യവസ്ഥയിൽ നിക്ഷേപിക്കുന്നതിലൂടെ തങ്ങളുടെ സമ്പാദ്യം രാഷ്ട്ര നിർമ്മാണത്തിനുതകുന്ന വിദ്യാഭ്യാസ-ആരോഗ്യ ഭവന നിർമ്മാണ പ്രവർത്തനങ്ങൾക്ക് ലഭ്യമാക്കുന്നതിനും അതിലൂടെ ആത്മസംതൃപ്തിക്കും കാരണമാകുന്നു.

**ജൻധൻ - വീണ്ടും മുന്നോട്ട്**

ജൻധൻ എല്ലാ അർത്ഥത്തിലും വിജയിച്ചു എന്ന് പറയാറായിട്ടില്ല ഔപചാരിക ബാങ്കിങ് മേഖല സ്വകാര്യ അനൗപചാരിക പണമിടപാടുകാരെ നിശ്ശേഷം നിർമ്മാർജ്ജനം ചെയ്യുമ്പോൾ മാത്രമേ ആത്യന്തിക വിജയം കൈവരിക്കപ്പെടുന്നുള്ളൂ. ബാങ്ക് കറസ്പോൺഡന്റ്സ് മുഖേന ആരംഭിച്ചിട്ടുള്ള അക്കൗണ്ടുകളുടെ കാര്യത്തിൽ അവർക്ക് സമ്പർക്കം പുലർത്താനുള്ള ബുദ്ധിമുട്ടുകളും തുക സംബന്ധിച്ച പരിമിതികളും അനുഭവപ്പെടുന്നുണ്ട്. ഇത് PMJDY ലക്ഷീകരിക്കുന്ന ഗുണഭോക്താക്കളിലേക്ക് എത്തിച്ചേരുന്നതിന് തടസ്സമായി തീരുന്നുണ്ട്. ഇത്തരം അക്കൗണ്ടുകളിൽ ഏർപ്പെടുത്തിയിട്ടുള്ള പരിധി പിൻവലിക്കുന്നത് ഇവയെ ആകർഷകമാക്കാൻ സഹായിക്കും. ജനങ്ങളിൽ ബാങ്കിങ് ഒരു ശീലവും സംസ്കാരവും ആക്കി മാറ്റുകയാണ് ജൻധൻ- ന്റെ ലക്ഷ്യം. അതിന് അയവുള്ള സമീപനം ബാങ്കുകളിൽ നിന്നും പ്രതീക്ഷിക്കുന്നു. പ്രതിദിനം നിക്ഷേപിക്കാവുന്ന/പിൻവലിക്കാവുന്ന തുക 1500 രൂപ മുതൽ 10,000 രൂപാ വരെ എന്ന രീതിയിൽ വിവിധ ബാങ്കുകൾ വ്യത്യസ്തമായി നിജപ്പെടുത്തിയിട്ടുണ്ട്. 50,000 രൂപയ്ക്കു മുകളിൽ കൈമാറ്റം അനുവദിക്കാറേയില്ല. ഇതിൽ കൂടുതൽ കൈമാറ്റം ചെയ്യുന്നതിന് ബിസിയും അക്കൗണ്ടുടമയും നേരിട്ട് ബാങ്ക് ശാഖയിൽ ഹാജരായി പ്രത്യേക അംഗീകാരം നേടേണ്ടതുണ്ട്. ഇന്നത്തെ സ്ഥിതിക്ക് JDY അക്കൗണ്ടുകൾ സർക്കാരിൽ നിന്നും ലഭിക്കേണ്ട ആനുകൂല്യങ്ങൾ സ്വീകരിക്കുന്നതിനും DBT പ്രകാരം ഉള്ള തുകകൾ സ്വീകരിക്കുന്നതിനും LIC തുകകൾ കൈകാര്യം ചെയ്യുന്നതിനും മാത്രം കഷ്ടിച്ച് പ്രയോജനപ്പെടുന്നു എന്നതാണ് അവസ്ഥ. മറ്റൊരു വസ്തുത ഇന്ത്യയിലെ മൊത്തം ഗ്രാമങ്ങളിൽ പകുതിയോളം ഇട

ങ്ങളിൽ ഇപ്പോഴും ബാങ്ക് ശാഖകൾ നിലവിലില്ല എന്നതാണ്. ഈ കാരണങ്ങളാൽ ബാങ്കിങ് സേവനങ്ങൾ ഇനിയും സാർവ്വത്രികമായിട്ടില്ല.

പോസ്റ്റ് ഓഫീസുകളിൽ 28 കോടി അക്കൗണ്ടുകൾ നിലവിലുണ്ട്. ഇവയിൽ 13 കോടി സേവിങ്സിനുവേണ്ടിയും 11 കോടി റിക്കറിംങ്ങ് നിക്ഷേപത്തിനുള്ളതും ആകുന്നു. സമൂഹത്തിലെ എല്ലാ വിഭാഗങ്ങളെയും ഉൾക്കൊള്ളുന്നതിനുള്ള നിരന്തരമായ പരിശ്രമങ്ങൾ നടത്തിപോരുന്നു എങ്കിലും ഭാഗികവിജയം മാത്രമെ കൈവരിക്കാൻ സാധിച്ചിട്ടുള്ളു. റേഷൻ വിതരണത്തിനുവേണ്ടി പ്രവർത്തിക്കുന്ന ന്യായവിലഷോപ്പുകളിലൂടെ PMJDY അക്കൗണ്ടുകൾ സക്രിയമാക്കാനുള്ളള സാദ്ധ്യതകളും പരിശോധിക്കപ്പെടേണ്ടതാണ്. ഇതിലൂടെ ഗ്രാമീണ തലത്തിൽ സാമൂഹ്യ - സാമ്പത്തിക ഘടനയിൽ തന്നെ ചലനങ്ങൾ ഉണ്ടാക്കാൻ കഴിയും. നാം പ്രതീക്ഷിക്കുന്ന പുതിയ ഡിജിറ്റൽ വ്യവസ്ഥ ഇതിന് സഹായകരമാകും. ആന്ധ്രാപ്രദേശ് നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന വളരെ അയവുള്ള, സൗകര്യപ്രദമായ "any where rations" എന്ന നടപടി പ്രകാരം ഗുണഭോക്താവിന് ഏത് ഷോപ്പിൽ നിന്ന് വേണമെങ്കിലും റേഷൻ സാധനങ്ങൾ വാങ്ങാൻ സാധിക്കും. സിവിൽസപ്ലൈസ് ഡിപ്പാർട്ടുമെന്റിന് ആധാറുമായി ബന്ധപ്പെടുത്തിയ ഡേറ്റാ കൈവശമുള്ളതിനാൽ ഏത് ന്യായവില ഷോപ്പിൽ നിന്നും റേഷൻ നൽകാൻ കഴിയും. സംസ്ഥാനത്തിലെ 27176 റേഷൻ ഷോപ്പുകൾ ഒരു പ്രത്യേക മെഷീൻ ഉപകരണം ഇതിനായി സ്ഥാപിച്ചിട്ടുണ്ട്. ഇതിലൂടെ 267 സ്റ്റോക്ക് പോയിന്റുകളുമായി ബന്ധപ്പെടാനും സാധിക്കുന്നതാണ്. ഇതിനുപുറമേ റേഷൻ കടകളിൽ റേഷൻ ഇതര സാധനങ്ങൾ കൂടി ലഭ്യമാക്കുന്നുണ്ട്. ഇതിലൂടെ ധനകാര്യ സേവനങ്ങൾ കൂടി പ്രദാനം ചെയ്യാൻ സാധിക്കുമെങ്കിൽ, കൂടുതൽ ജനവിഭാഗങ്ങൾക്ക് ബാങ്കിങ് പ്രാപ്തമാക്കാം.

**ഉപസംഹാരം**


ധനകാര്യ സർവ്വതല വ്യാപനം ഗ്രാമീണ സമ്പദ് വ്യവസ്ഥയിൽ സവിശേഷമായ വ്യത്യാസങ്ങൾ വരുത്തുമെന്ന് പ്രതീക്ഷിക്കപ്പെടുന്നു. ഇപ്പോൾ പുതിയ ധനകാര്യ ഉപകരണങ്ങൾ ജനങ്ങൾക്ക് ലഭ്യമായിരിക്കുകയാണ്. ജൻധൻ യോജന, സ്വർണ്ണത്തെ നാണ്യവൽക്കരിക്കുന്നതിനുള്ള പദ്ധതി, മുദ്രാ തുടങ്ങിയവ. ആനുകൂല്യങ്ങളുടെ ബാങ്കുകളിലൂടെയുള്ള പ്രത്യക്ഷ കൈമാറ്റം പാവപ്പെട്ട ജനവിഭാഗങ്ങളെ ധന സമൃദ്ധമാക്കാൻ കെല്പുള്ളതാണ്. ഇത് അവരെ നിക്ഷേപ സമർത്ഥരാക്കുന്നു. ബാങ്കുകൾ, മൈക്രോഫിനാൻസ് സ്ഥാപനങ്ങൾ, സ്വയം സഹായ സംഘങ്ങൾ, പോസ്റ്റ് ഓഫീസുകൾ, മുദ്ര ബാങ്ക് തുടങ്ങിയ സ്ഥാപനങ്ങളാണ് ധനകാര്യ സർവ്വതല വ്യാപനത്തിലെ ചാലക ശക്തികൾ. ധനത്തിന്റെ പ്രവാഹ മാദ്ധ്യമം മാത്രമാണ് ബാങ്കുകൾ എങ്കിലും, നൂതന ധനകാര്യ ഉപകരണങ്ങളിലൂടെ നിക്ഷേപ സമാഹരണത്തിനുള്ള പ്രത്യേക കഴിവ് അവയ്ക്കാണ്. അത് അവർ സമർത്ഥമായി ഉപയോഗിക്കേണ്ടതാണ്. 1,40,000 പോസ്റ്റോഫീസുകൾ നിലവിലുണ്ട്. ഇവയ്ക്ക് പ്രകടമായ ഗ്രാമീണ സാന്നിദ്ധ്യം ഉണ്ട്. അതിനായി ഭാവനാപൂർണ്ണമായ പദ്ധതികൾ ആവിഷ്കരിക്കണം. ബാങ്കുകൾ വ്യത്യസ്ത നിക്ഷേപദ്ധതികളും പോസ്റ്റാഫീസുകൾ ലഘുനിക്ഷേപ പദ്ധതികളും രൂപീകരിക്കണം.

പ്രസ്താവിത ധനകാര്യ സ്ഥാപനങ്ങളുടെ സംയോജിത പ്രവർത്തനങ്ങളിലൂടെ സമ്പദ് വ്യവസ്ഥയിൽ ഒളിഞ്ഞിരിക്കുന്ന സൃഷ്ടിപരമായ കഴിവുകളെ വിപണി ആഗ്രഹിക്കുന്ന ഉത്പന്നങ്ങളായി മാറ്റാൻ സാധിക്കണം. 'മേക്ക് ഇൻ ഇന്ത്യ' യുടെ സാക്ഷാൽക്കാരത്തിന് സർവ്വതല സ്പർശി ആയ വളർച്ച അനിവാര്യമാണ്. അതിലൂടെ മാത്രമെ തൊഴിലവസരങ്ങളും ഉത്പാദനവും വർദ്ധിക്കുകയുള്ളു.

**(ലേഖകരായ ചരൺ സിംഗ് റിസർവ് ബാങ്ക് ഗവേഷണ വിഭാഗം മുൻ ഡയറക്ടറും, സി എൽ ദധീച് ISAE സെക്രട്ടറിയും, എസ് അനന്ത് ഹൈദരാബാദ് ആസ്ഥാനമായ IDBRT യിൽ അസോ. പ്രൊഫസറുമാണ്.)**

# ഭാരതത്തെ കരുത്തുറ്റതാക്കാൻ ഡിജിറ്റൽ സാങ്കേതിക വിദ്യ

വിജയ് കുമാർ കൗൾ




**ഡി**ജിറ്റൽ ഇന്ത്യ വാരത്തിന്റെ ഉദ്ഘാടനം ജൂലൈ ഒന്നിനു പ്രധാനമന്ത്രി നരേന്ദ്രമോദി നിർവഹിച്ചു. ജനങ്ങളെയും ഉൽപന്നങ്ങളെയും സേവനങ്ങളെയും പരസ്പരം ബന്ധപ്പെടുത്തുന്നതിന് ഉതകുന്ന ഏറ്റവും ഒടുവിലത്തെ കണ്ടുപിടിത്തമാണു ഡിജിറ്റൽ സാങ്കേതിക വിദ്യ അഥവാ ഡിജിറ്റൽ വൽക്കരണം. വിവര സാങ്കേതിക വിദ്യ, ടെലികമ്മ്യൂണിക്കേഷൻ, ഇന്റർനെറ്റ് തുടങ്ങിയ മേഖലകളുടെ ഏകോപനമാണ് ഡിജിറ്റൽ സാങ്കേതിക വിദ്യയെ മികവുറ്റതാക്കുന്നത്. ലോകത്ത് ഇപ്പോൾ നടക്കുന്ന സാങ്കേതിക വിപ്ലവത്തിന്റെ ഭാഗം കൂടിയാണിത്. ആറാമത്തെ സാങ്കേതിക വിപ്ലവമാണ് ഇപ്പോൾ അരങ്ങേറുന്നത്. ഡിജിറ്റൽവൽക്കരണം വിവിധ രാഷ്ട്രങ്ങളിൽ സാമൂഹ്യ, സാമ്പത്തിക, രാഷ്ട്രീയ മാറ്റങ്ങൾക്കു വഴിവെക്കുമെന്നാണു പ്രതീക്ഷിക്കപ്പെടുന്നത്. അതേസമയം, കഴിഞ്ഞ 250 വർഷങ്ങൾക്കിടെ നടന്ന ആദ്യത്തെ അഞ്ചു സാങ്കേതിക വിപ്ലവങ്ങളിലും ഇന്ത്യക്കു പങ്കാളിത്തമുണ്ടായിരുന്നില്ല. ഏതെങ്കിലും ഒരു പാശ്ചാത്യ രാജ്യത്താണ് അവയ്ക്കെല്ലാം തുടക്കമിട്ടത്. തുടർന്ന് അവ മറ്റു പാശ്ചാത്യ രാഷ്ട്രങ്ങളിലേക്കു വ്യാപിച്ചു. മിക്ക പാശ്ചാത്യ രാഷ്ട്രങ്ങൾക്കും ഇതിൽ നിന്നു നേട്ടമുണ്ടാക്കാൻ സാധിക്കുകയും ചെയ്തു.

സ്വാതന്ത്ര്യം ലഭിച്ചിട്ട് ആറു ദശാബ്ദം പിന്നിട്ടെങ്കിലും ഇന്ത്യ ഇപ്പോഴും ദാരിദ്ര്യം, പോഷകാഹാരക്കുറവ്, തൊഴിലില്ലായ്മ, നിരക്ഷരത, അനാരോഗ്യം തുടങ്ങിയ സാമൂഹ്യ, സാമ്പത്തിക വെല്ലുവിളികളിൽ നിന്നു മുക്തമായിട്ടില്ല. മേൽപറഞ്ഞവയ്ക്കു പുറമെ, പരിസ്ഥിതി നാശമെന്ന പുതിയ വെല്ലുവിളികൂടി കടന്നുവരികയും ചെയ്തു. ദീർഘകാലത്തെ കോളനിവൽക്കരണവും പരാജയപ്പെട്ട ഭരണ സംവിധാനവുമാണ് ഈ ദുരവസ്ഥയ്ക്കു കാരണം. ഇത്തരത്തിൽ ഇന്ത്യ നേരിടുന്ന പല പ്രശ്നങ്ങൾക്കുമുള്ള പരിഹാരം പ്രദാനം ചെയ്യാൻ നവീന ഡിജിറ്റൽവൽക്കരണ സാങ്കേതിക വിദ്യക്കു സാധിക്കും. ഭാരതീയ ജനതയുടെ സമഗ്രപുരോഗതി ഉറപ്പുവരുത്താനും അതുവഴി സാമൂഹിക പരിവർത്തനം സൃഷ്ടിക്കാനും ഡിജിറ്റൽവൽക്കരണ സാങ്കേതിക വിദ്യക്ക് എത്രത്തോളം സാധിക്കുമെന്നതിൽ ഊന്നിയുള്ള പരിശോധനയാണ് ഈ ലേ

ഖനം.

**സാമൂഹ്യ, സാമ്പത്തിക വെല്ലുവിളികളും സമഗ്ര വളർച്ചയും പുത്തൻ സാങ്കേതിക വിദ്യയെ ഉൾക്കൊള്ളലും**

ഭാരതം ഒട്ടേറെ സാമൂഹ്യ, സാമ്പത്തിക, പാരിസ്ഥിതിക വെല്ലുവിളികൾ നേരിടുന്നുണ്ട്. ഏറ്റവുമധികം ദരിദ്രരുള്ള രാഷ്ട്രമാണിത്. ഒട്ടേറെ കുട്ടികൾ പോഷകാഹാരക്കുറവ് അനുഭവിക്കുന്നു. ക്ഷയം, അർബുദം, പ്രമേഹം തുടങ്ങിയ രോഗങ്ങൾ പിടിപെടുന്നവരുടെ എണ്ണം മറ്റു മിക്ക രാഷ്ട്രങ്ങളെയും അപേക്ഷിച്ചു കൂടുതലാണ്. ഇത്രയും കാലത്തിനിടെ നിരക്ഷരത കുറച്ചുകൊണ്ടുവരാൻ സാധിച്ചിട്ടുണ്ടെങ്കിലും ഇപ്പോഴും ഇന്ത്യയിൽ അക്ഷരാഭ്യാസമില്ലാത്തവർ ഏറെയാണ്. നല്ലൊരു പങ്കു യുവാക്കൾക്കു തൊഴിലില്ല. തൊഴിൽരഹിതരുടെ എണ്ണമാകട്ടെ, വരുംവർഷങ്ങളിൽ വർധിച്ചുകൊണ്ടേയിരിക്കും. ഇതിനൊക്കെ പുറമെ, പാർശ്വവൽക്കരിക്കപ്പെട്ടവരുടെ ജീവിതം ആഗോളവൽക്കരണം കൂടുതൽ ദുസ്സഹമാക്കുകയും ചെയ്തു.

നമുക്ക് ഊഹിക്കാവുന്നതുപോലെ തന്നെ ഈ പ്രശ്നങ്ങൾക്കൊന്നും നേരിട്ടുള്ള പരിഹാരങ്ങൾ ഒറ്റയടിക്കു നിർദേശിക്കാനില്ല. ചില പ്രശ്നങ്ങളാകട്ടെ പരസ്പരം കെട്ടുപിണഞ്ഞുകിടക്കുകയുമാണ്. അതിനാൽ തന്നെ, പരസ്പരബന്ധിതമായ ഒന്നിലധികം പ്രശ്നങ്ങൾ പരിഹരിക്കാൻ ഉതകുന്ന സമഗ്ര നയരൂപരേഖയാണ് ആവശ്യം. എല്ലാ പ്രശ്നങ്ങൾക്കും ഉതകുന്ന പൊതു പരിഹാരം കണ്ടെത്തുകയെന്നതു ബുദ്ധിമുട്ടായേക്കാം. അഥവാ കണ്ടെത്തിയാൽ തന്നെ, ഫലപ്രദമായിക്കൊള്ളണമെന്നുമില്ല. പ്രാദേശികമായി ലഭ്യമായ വിഭവങ്ങളും ജനങ്ങളുടെ തയ്യാറെടുപ്പും ഇടപെടലും കഴിവും അതോടൊപ്പം ഭരണസംവിധാനത്തിന്റെയോ അധികൃതരുടെയോ കാഴ്ചപ്പാടും കണക്കിലെടുത്തുവേണം പ്രശ്നപരിഹാരത്തിനുള്ള വഴി നിർണയിക്കാൻ.

അതേസമയം, വികസ്വര രാഷ്ട്രങ്ങളിലെ ചില സാമൂഹിക, സാമ്പത്തിക പ്രശ്നങ്ങൾ പരിഹരിക്കുന്നതിൽ ഡിജിറ്റൽവൽക്കരണത്തിന്റെ രൂപത്തിലുള്ള നവീന സാങ്കേതികവിദ്യക്കു ഗണ്യമായ സ്ഥാനമുണ്ട്. വിദ്യാഭ്യാസം വ്യാപകമാക്കുന്നതിലും ഭരണനിർവഹണത്തിൽ സുതാര്യത കൈവരിക്കുന്നതിലും ആശയവിനിമയം മെച്ചപ്പെടുത്തുന്നതിലും ഡിജിറ്റൽ സാങ്കേതിക വിദ്യയ്ക്കു പ്രയോഗക്ഷമത ഏറെയാണ്. ഉത്പാദനം വർധിപ്പിക്കുന്നതിനും സംരംഭകത്വം മെച്ചപ്പെടുത്തുതിനും പുതിയ വ്യവസായങ്ങൾ വളർത്തിയെടുക്കുന്നതിനും പുതുമയാർന്ന പ്രവർത്തനങ്ങൾ സജീവമാക്കാനും ഇതു സഹായകമാകും. ഈ സാങ്കേതിക വിദ്യ കാർഷിക, ഗ്രാമീണ, വിദ്യാഭ്യാസ, ഉത്പാദന, ആരോഗ്യ, ഇ-ഗവേണൻസ് രംഗങ്ങളിൽ നടപ്പാക്കുതിനെക്കുറിച്ചു വിശദീകരിക്കാം.

ഇന്ത്യയുടെ സാമൂഹിക, സാമ്പത്തിക വെല്ലുവിളികളും അവയുടെ പരിഹാരങ്ങളും എല്ലാവരെയും ഉൾപ്പെടുത്തിയുള്ള വളർച്ചയും അവയുടെ ഫലവും തമ്മിൽ ബന്ധമുണ്ടെന്നു കാണാം. ചരിത്രപരമായി, ലോകത്തിലെ ഏറ്റവും അഭിവൃദ്ധിയുണ്ടായിരുന്ന രാഷ്ട്രമെന്ന ചരിത്രമാണു ഭാരതത്തിനുള്ളത്. നീണ്ട കാലത്തെ കോളനി ഭരണമാണ് ഈ രാഷ്ട്രത്തിന്റെ അഭിവൃദ്ധി തല്ലിക്കെടുത്തിയത്. സാങ്കേതിക വിപ്ലവങ്ങളിലൊന്നും പങ്കാളിയാകാൻ രാഷ്ട്രത്തിനു സാധിച്ചില്ല. സ്വാതന്ത്ര്യം ലഭിക്കുന്ന കാലത്ത് ദാരിദ്ര്യവും നിരക്ഷരതയും മോശം സാമൂഹിക-സാമ്പത്തിക സൂചികകളുമായി ഏറ്റവും ദരിദ്ര രാഷ്ട്രങ്ങളിലൊന്നായിരുന്നു ഇന്ത്യ. ആറു പതിറ്റാണ്ടു പിന്നിട്ട സ്വയംഭരണത്തിനും പ്രശ്നങ്ങൾ പരിഹരിക്കാൻ സാധിച്ചില്ല. മെച്ചപ്പെട്ടതല്ലാത്ത ഭരണസംവിധാനമാണു സമ്പദ്‌വ്യവസ്ഥയുടെ മോശം സ്ഥിതിക്കും അതിന്റെ പ്രകടനത്തിലെ മികവില്ലായ്മയ്ക്കും കാരണം. മെച്ചപ്പെട്ട ഭരണത്തിനു മാത്രമേ ഈ സ്ഥിതി മാറ്റാൻ സാധിക്കൂ എന്നു വ്യക്തമാണു താനും. നല്ല ഭരണത്തിനു നല്ല സാമ്പത്തിക, സാമൂഹിക നയങ്ങൾ രൂപീകരിക്കാൻ സാധിക്കുമെന്നു തെളിയിക്കപ്പെട്ടിട്ടുള്ളതാണ്. നല്ല പദ്ധതികളും പരിപാടികളും രൂപീകരിച്ചു ശരിയാം വണ്ണം നടപ്പാക്കിയാൽ എല്ലാവരെയും ഉൾപ്പെടുത്തിയുള്ള വളർച്ച സാധ്യമാണെന്നതിനും തെളിവുകളുണ്ട്. നവീന സാങ്കേതികവിദ്യയുടെ പങ്ക് ഇവിടെ പരിഗണിക്കപ്പെടുന്നുണ്ട്. സ്ഥാപനങ്ങളിലും വ്യവസായമേഖ

ലയിലും നഗരങ്ങളിലും സമ്പദ്‌വ്യവസ്ഥയിലുമൊക്കെയുള്ള ഭരണസംവിധാനത്തിൽ വലിയ മാറ്റം കൊണ്ടുവരാൻ ഡിജിറ്റൽ സാങ്കേതികവിദ്യകൾക്കു സാധിച്ചിട്ടുണ്ട്. ഗവൺമെന്റ് പരിപാടികളുടെയും പദ്ധതികളുടെയും നടത്തിപ്പു സുഗമമാക്കാനും സാങ്കേതികജ്ഞാനത്തിനു സാധിച്ചു. ചുരുക്കിപ്പറഞ്ഞാൽ, ശരിയായ നയങ്ങളിലും പരിപാടികളിലും പദ്ധതികളിലും ഊന്നിയുള്ള മെച്ചപ്പെട്ട ഭരണത്തിലൂടെ രാജ്യം ഇന്നു നേരിടുന്ന സാമ്പത്തിക, സാമൂഹിക പ്രശ്നങ്ങൾക്കു പരിഹാരം കാണാൻ സാധിക്കും. ഇത് എല്ലാവരെയും ഉൾപ്പെടുത്തിയുള്ള സമഗ്രവികസനത്തിലേക്കു വഴി തുറക്കും.

**നവീന സാങ്കേതിക വിദ്യകളും ഭാരതത്തിന്റെ സമഗ്ര വളർച്ചയും**

ഇന്ത്യയുടെ സാമൂഹിക, സാമ്പത്തിക സവിശേഷതകൾ കണക്കിലെടുക്കുമ്പോൾ സമഗ്രമായ വളർച്ചയ്ക്കു പ്രത്യേക തരം സാങ്കേതിക വിദ്യ അനിവാര്യമാണെന്നു കാണാം. ഒരു സമയക്രമത്തിൽ അതിവേഗം സ്വാംശീകരിക്കാവുന്ന 12 സാങ്കേതികവിദ്യകൾ ഭാരതത്തിന് അനുയോജ്യമാണെന്നു മെക്കിൻസി ഗ്ലോബൽ ഇൻസ്റ്റിറ്റ്യൂട്ട് കണ്ടെത്തിയിട്ടുണ്ട്. ധാരാളം ജനങ്ങളെയും സ്ഥാപനങ്ങളെയും ഉൽപന്നങ്ങളെയും വിപണികളെയും ബാധിക്കുന്നുവെന്നതിനാൽ ഈ സാങ്കേതികവിദ്യകളുടെ ഗുണങ്ങളും സ്വാധീനവും വ്യാപകമായി അനുഭവപ്പെടും. ഈ സാങ്കേതിക വിദ്യകൾക്കു ശ്രദ്ധേയമായ സാമ്പത്തിക സ്വാധീനം ചെലുത്താൻ സാധിക്കുമൊണ് അവർ കണ്ടെത്തിയിട്ടുള്ളത്.

ഭാരതത്തെ കരുത്തുറ്റതാക്കാൻ ശേഷിയുള്ള 12 സാങ്കേതികവിദ്യകളെ മൂന്നു ഗണങ്ങളായി തിരിക്കാം: (1) ജീവിതത്തെയും തൊഴിലിനെയും ഡിജിറ്റൽവൽക്കരിക്കുന്നവ (2) വൈഭവമാർന്ന ഭൗതിക സങ്കേതങ്ങൾ (3) ഊർജത്തെക്കുറിച്ചു പുനർവിചിന്തനത്തിനു പ്രേരിപ്പിക്കുന്നവ

ഇവിടെ, ഇന്ത്യൻ പശ്ചാത്തലത്തിൽ നാലു സാങ്കേതികവിദ്യകൾക്ക് സാംഗത്യമേറെയാണ്. ഡിജിറ്റൽ പണമിടപാടുകൾ, പരിശോധിച്ച് ഉറപ്പിക്കാവുന്ന ഡിജിറ്റൽ വ്യക്തിവിവരങ്ങൾ, വൈഭവമാർന്ന ചരക്കു കൈമാറ്റവും വിതരണവും, ആധുനിക ജി.ഐ.എസ്. എന്നിവയാണവ. വരുന്ന ദശാബ്ദത്തിൽ ഈ നാലു സാങ്കേതികവിദ്യകളും അതിവേഗം സ്വീകരിക്കപ്പെടാനാണു സാധ്യത. മറ്റേതാനും സാങ്കേതികവിദ്യകളായ നൂതന റോബോട്ടിക്സ്, സ്വയം പ്രവർത്തിക്കുന്ന വാഹനങ്ങൾ, 3ഡി അച്ചടി, നൂതന വസ്തുക്കൾ എന്നിവയും ഇന്ത്യയെ സംബന്ധിച്ചിടത്തോളം പ്രധാനമാണ്.

രാജ്യത്തിന്റെ അതിവേഗമുള്ള സാമ്പത്തികവളർച്ച, വർധിച്ച തോതിലുള്ള സാമൂഹിക ഉൾച്ചേർക്കൽ, മെച്ചപ്പെട്ട ഭരണം എന്നീ ലക്ഷ്യങ്ങൾ 2025 ആകുമ്പോഴേക്കും യാഥാർഥ്യമാക്കാനുള്ള ശേഷി ഈ 12 സാങ്കേതികവിദ്യകൾക്കുണ്ട്. ആദ്യമായി 'ഡിജിറ്റൽ ഇന്ത്യ പദ്ധതി' എന്താണെന്നു ചർച്ച ചെയ്യാം. തുടർന്ന് ഭാരതത്തിന്റെ സമ്പദ് വ്യവസ്ഥയുടെ അഞ്ചു മേഖലകളിൽ ഡിജിറ്റൽവൽക്കരണത്തിന്റെ സ്വാധീനം എത്രത്തോളമെന്നു ശ്രദ്ധിക്കാം.

**ഡിജിറ്റൽ ഇന്ത്യ: സാങ്കേതിക വിദ്യയിൽ നിന്നു നേട്ടമുണ്ടാക്കാനുള്ള പദ്ധതി**

രാജ്യം നേരിടുന്ന കടുത്ത വെല്ലുവിളികളിൽ ചിലതു നേരിടുന്നതിനുവേണ്ടി, ജനക്ഷേമത്തിനായി സാങ്കേതിക വിദ്യ ഉപയോഗപ്പെടുത്തുകയെന്നതാണു കേന്ദ്ര ഗവൺമെന്റ് തുടക്കമിട്ടിരിക്കുന്ന ഡിജിറ്റൽ ഇന്ത്യ പദ്ധതിയുടെ ലക്ഷ്യം. ഡിജിറ്റൽ സാക്ഷരതയുള്ള ജനതയ്ക്ക് സാങ്കേതിക വിദ്യയെ അനന്തമായ സാധ്യതകൾക്കായി എങ്ങനെ ഉപയോഗപ്പെടുത്താൻ സാധിക്കുമെന്നതിന്റെ രൂപരേഖ പദ്ധതി അവതരിപ്പിക്കുന്നു. ബ്രോഡ്ബാന്റ് ഹൈവേകൾ ദേശീയപാതകൾ പോലെ തന്നെ പ്രധാനമാണെന്നു പ്രമുഖ രാഷ്ട്ര നേതാക്കൾ വ്യക്തമാക്കിയിട്ടുണ്ട്. കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയും നവീന ആശയങ്ങളെ പ്രോൽസാഹിപ്പിക്കുകയും മെച്ചപ്പെട്ട സേവനം ഉറപ്പുവരുത്തുകയുമാണു ലക്ഷ്യമെന്നതു സംബന്ധിച്ച തിരിച്ചറിവു രാഷ്ട്രീയ നേതൃത്വത്തിനുണ്ട് താനും. ഇതു സാധ്യമാക്കുന്നതാകട്ടെ സാങ്കേതിക വിദ്യയായിരിക്കും.

ഒരു ഡിജിറ്റൽ രാഷ്ട്രത്തിന്റെ അടിത്തറ ഒരു ദേശീയ ശൃംഖല കെട്ടിപ്പടുക്കലാണ്. ഡിജിറ്റൽ രംഗത്ത് ഓരോ പൗരനും ആവശ്യമായ അടിസ്ഥാനസൗകര്യ വികസനമാണ് ഡിജിറ്റൽ ഇന്ത്യ പദ്ധതി ലഭ്യമാക്കുക. നല്ല ഭരണവും യഥാസമയമുള്ള സേവനവും സാധ്യമാക്കുന്നതിനൊപ്പം മുഴുവൻ ജനതയെയും ഡിജിറ്റൽ സാങ്കേതിക വിദ്യ ഉപയോഗപ്പെടുത്താൻ പ്രാപ്തമാക്കുകയും ചെയ്യും. വളർച്ചയുടെ ഒൻപതു തൂണുകളാണു പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ബ്രോഡ്ബാൻഡ് ഹൈവേ രൂപീകരണമാണു ഗവൺമെന്റ് ഊന്നൽ നൽകുന്ന ഒരു പ്രവർത്തനം. രണ്ടര ലക്ഷം പഞ്ചായത്തുകളെ ഉൾപ്പെടുത്തിയുള്ള ശൃംഖല 2016 ഡിസംബറോടെ പൂർത്തിയാക്കാനാണു ലക്ഷ്യമിടുന്നത്. വ്യവസ്ഥകൾക്കു വിധേയമായി പുതിയ കെട്ടിടങ്ങളിൽ ആശയവിനിമയത്തിനുള്ള അടിസ്ഥാന സൗകര്യം സ്ഥാപിക്കുക വഴി നഗരപ്രദേശങ്ങളിൽ ബ്രോഡ്ബാൻഡ് സൗകര്യം കൂടുതൽ വ്യാപകമാക്കുന്നതിനു പ്രാധാന്യം നൽകും. ബ്രോഡ്ബാൻഡ് ഹൈവേ യാഥാർഥ്യമാകുന്നതോടെ നാട്ടിൻപുറങ്ങളിൽ പോലും സാങ്കേതിക വിദ്യയിൽ അധിഷ്ഠിതമായ സേവനങ്ങൾ ലഭ്യമാകും. മൊബൈൽ കണക്ഷനുകൾ എല്ലായിടത്തും ലഭ്യമാക്കാനും പദ്ധതിയുണ്ട്. 2018 ആകുമ്പോഴേക്കും 40,000 ഗ്രാമങ്ങളിൽ മൊബൈൽ സാങ്കേതിക വിദ്യ നടപ്പാക്കപ്പെട്ടേക്കും.

**കൃഷിയും ഗ്രാമീണ വികസനവും**

ഇന്ത്യൻ സമ്പദ്‌വ്യവസ്ഥയുടെ ഓരോ മേഖലയിലും ഡിജിറ്റൽ സാങ്കേതിക വിദ്യ എങ്ങനെ പ്രയോജനപ്പെടുത്താമെന്നു പരിശോധിക്കാം. ദാരിദ്ര്യം, സമഗ്ര വളർച്ച, ഭക്ഷ്യസുരക്ഷ എന്നീ പ്രശ്നങ്ങളെക്കുറിച്ചു പഠിക്കുന്നതിൽ കൃഷിരീതിയെക്കുറിച്ചും കാർഷിക-പാരിസ്ഥിതിക സംവിധാനത്തെക്കുറിച്ചും മനസ്സിലാക്കുകയെന്നതു പ്രധാനമാണ്. കേവലം ഒരു മാതൃക വികസിപ്പിച്ചാൽ പോരെന്ന തിരിച്ചറിവാണ് ഈ പ്രശ്നത്തിന്റെ പരിഹാരത്തിന് ആദ്യം ആവശ്യമായിട്ടുള്ളത്. പകരം, ഓരോ സ്ഥലത്തും ലഭ്യമായ വിഭവങ്ങൾക്കനുസരിച്ചു നൂതന മാതൃകകൾ പരിഗണിക്കപ്പെടണം. ദാരിദ്ര്യനിർമാർജനവും മെച്ചപ്പെട്ട ജീവിത സാഹചര്യമൊരുക്കലും ഭക്ഷ്യസുരക്ഷ ഉറപ്പാക്കലുമാകണം ലക്ഷ്യം.

സങ്കര വിളകൾ, ജനിതക വിളകൾ, സൂക്ഷ്മതയാർന്ന കൃഷിരീതി (കാർഷികകാര്യങ്ങളിൽ തീരുമാനമെടുക്കാൻ സെൻസറുകളും ജി.ഐ.എസ്. അധിഷ്ഠിത മണ്ണ്, കാലാവസ്ഥ, ജലലഭ്യതാ വിവരങ്ങൾ എന്നിവ ഉപയോഗപ്പെടുത്തിക്കൊണ്ട്), മൊബൈൽ ഇന്റർനെറ്റ് അധിഷ്ഠിത കൃഷിവികസനം, വിപണിയെക്കുറിച്ചുള്ള വിവരങ്ങൾ ലഭ്യമാക്കൽ എന്നിവ വഴി, 4500 കോടി ഡോളർ പ്രതിവർഷമെന്ന നിരക്കിൽനിന്ന് 2025 ആകുമ്പോഴേക്കും ലക്ഷ്യമിടുന്ന പ്രതിവർഷം 8000 കോടി ഡോളർ നേട്ടമുണ്ടാക്കാൻ സാധിക്കുമെന്നു മെക്കിൻസി ഗ്ലോബൽ ഇൻസ്റ്റിറ്റ്യൂട്ട് കണക്കാക്കുന്നു. ബാക്കി നേട്ടം ലഭിക്കുക ശേഖരിച്ചു സൂക്ഷിക്കുന്നതിലും വിതരണസംവിധാനത്തിലും പരിഷ്കരണം വരുത്തുക വഴിയാണ്. വിളവെടുത്ത ശേഷമുണ്ടാകുന്ന നഷ്ടം കുറയ്ക്കാനും പൊതുവിതരണ സമ്പ്രദായത്തിലുണ്ടാകുന്ന ചോർച്ച തടയാനും സാധിക്കുക വഴി 2025 ആകുമ്പോഴേക്കും പ്രതിവർഷം 3.2 കോടി ഡോളറിന്റെ ലാഭമുണ്ടാകുമെന്നാണു കണക്ക്. ഇത്തരത്തിലുണ്ടാകുന്ന നേട്ടം രാജ്യത്തെ പത്തു കോടിയോളം വരുന്ന കർഷകരുടെ ജീവിതത്തിൽ അഭിവൃദ്ധിയുണ്ടാക്കും. 30 കോടിക്കും 40 കോടിക്കും ഇടയിലുള്ള ഉപഭോക്താക്കൾക്കു പോഷകസമൃദ്ധി ഉറപ്പാക്കാനും ഇതു സഹായകമാകും.

കാർഷികവിള ഇൻഷുറൻസ് ലഭ്യമാക്കുന്നതിൽ പോലും സാങ്കേതിക വിദ്യക്കു നിർണായക സ്ഥാനമുണ്ട്. കാലാവസ്ഥാനിരീക്ഷണ കേന്ദ്രങ്ങൾ വഴി കൃഷിനാശം നിരീക്ഷിക്കുക, ഉപഗ്രഹതല, ചിത്രീകരണം, മൊബൈൽ അധിഷ്ഠിത സന്ദേശ കൈമാറ്റം എന്നിവ വഴി സംവിധാനത്തെയാകെ ശാസ്ത്രീയമാക്കാനും കൃഷി നശിപ്പിക്കുന്നതുൾപ്പെടെയുള്ള അഴിമതിനീക്കങ്ങളെ പ്രതിരോധിക്കാനും സാധിക്കും.

ഒരു കൂട്ടം സേവനങ്ങളിലൂടെ ഗ്രാമീണ ജനതയെ കരുത്തുള്ളവരാക്കിത്തീർക്കാനും ഡിജിറ്റൽ ഇന്ത്യ ലക്ഷ്യമിടുന്നു. മെച്ചപ്പെട്ട ഭരണം, ഭൂരേഖകൾ, തൊ

ഴിലുകൾ, ആരോഗ്യം, വിദ്യാഭ്യാസം, കൃഷി, പൊതു-സ്വകാര്യ രേഖകൾ ഡിജിറ്റൽ രൂപത്തിൽ സുരക്ഷിതമായി സൂക്ഷിക്കൽ തുടങ്ങിയ മേഖലകളിൽ പരമാവധി പൗരൻമാർക്ക് ഒട്ടേറെ സേവനങ്ങൾ ലഭ്യമാക്കുകയാണു പദ്ധതിയിലൂടെ ഗവൺമെന്റ് ഉദ്ദേശിക്കുന്നത്. ഇതു യാഥാർഥ്യമാകുന്നതോടെ പുതുസംരംഭകർക്ക് എത്രയോ അവസരങ്ങളാണു ലഭിക്കുക. നിലവിലുള്ള ബിസിനസുകാർക്കു തങ്ങളുടെ സേവനം ഗ്രാമീണ മേഖലകളിലേക്കു വ്യാപിപ്പിക്കാൻ സാധിക്കുകയും ചെയ്യും.

**ഉത്പാദന ആവാസ വ്യവസ്ഥ കെട്ടിപ്പടുക്കൽ**

അടുത്ത അഞ്ചു വർഷത്തിനകം വളരെയധികം യുവാക്കളും യുവതികളും തൊഴിൽരംഗത്തേക്കെത്തുമെന്നാണു ധനകാര്യമേഖലയിലെ വിദഗ്ധരും സ്ഥാപനങ്ങളും ചൂണ്ടിക്കാട്ടുന്നത്. ഇത് ഉത്പാദനരംഗത്തും ആവാസവ്യവസ്ഥയിലും ഇന്ത്യ ശ്രദ്ധ കേന്ദ്രീകരിക്കേണ്ടതിന്റെ ആവശ്യകത വർധിപ്പിക്കുന്നു. ആഗോളതലത്തിൽ ഉത്പാദനരംഗം, കേവലം ഒരു കമ്പനിയും അവർക്കു വസ്തുക്കൾ ലഭ്യമാക്കുന്നവരും പണം ലഭ്യമാക്കുന്നവരും ഉപഭോക്താക്കളും എന്ന മാതൃകയിൽനിന്ന് ഉത്പാദന ആവാസ വ്യവസ്ഥയെന്ന മാതൃകയിലേക്കു മാറുകയാണ്. ഡിജിറ്റൽവൽക്കരണം ഈ മാറ്റത്തെ സുഗമമാക്കുകയാണ്. വിപണിയിൽ മത്സരക്ഷമത ആർജിക്കുന്നതിനും യുവാക്കൾക്കു തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും ഇന്ത്യൻ കമ്പനികളും നയരൂപീകരണം നടത്തുന്നവരും സത്വര ശ്രദ്ധ പതിപ്പിക്കേണ്ടിയിരിക്കുന്നു. ആധുനിക സാങ്കേതികവിദ്യക്ക് ഇക്കാര്യത്തിൽ ഏറെ സഹായം ചെയ്യാൻ കഴിയും. ശ്രദ്ധേയമായ വസ്തുത ഇന്ത്യൻ കമ്പനികളാണ് സാങ്കേതിക വിദ്യ കയ്യടക്കുന്നതിൽ മുൻപന്തിയിലെന്നതാണ്.

വാണിജ്യരംഗം പരിഷ്കരിക്കപ്പെടുകയും ഡിജിറ്റൽവൽക്കരിക്കപ്പെടുകയും ചെയ്ത സാഹചര്യത്തിൽ കമ്പനികളുടെ പരമ്പരാഗതമായ പ്രവർത്തന രീതിയിൽ പ്രകടമായ മാറ്റം ഒഴിച്ചുകൂടാനാവാത്തതാണ്. എല്ലാ വ്യവസായങ്ങളിലെയും മൂല്യനിർണയ രീതി പരിഷ്കരിക്കപ്പെട്ടു. നിലവിലുള്ള




മൂല്യനിർണയ ശൃംഖല ഉപേക്ഷിക്കപ്പെടുകയും മൂല്യവർധന വരുത്തുന്ന മറ്റു ഘടകങ്ങൾ ഉൾപ്പെടുത്തി പുതിയ മൂല്യവർധന ശൃംഖല സൃഷ്ടിക്കപ്പെടുകയും ചെയ്യുന്നതു വഴിയും മറ്റു വ്യവസായങ്ങളുടെ മൂല്യവർധന ശൃംഖലയുമായി കൂടിച്ചേരുക വഴിയും മൂല്യം കണക്കാക്കുന്നതിൽ ഉൾപ്പെടുന്ന പുതിയ ഘടകങ്ങളുടെ പ്രാധാന്യം വർധിക്കുകയാണ്.

ഈ സാഹചര്യത്തിൽ, കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതും നമ്മുടെ വ്യവസായങ്ങളെ ആഗോള തലത്തിൽ മൽസരക്ഷമതയുള്ളതാക്കാൻ കെൽപുള്ളതുമായ ഉൽപാദന ആവാസ വ്യവസ്ഥയെ പ്രോൽസാഹിപ്പിക്കുന്ന വിധത്തിലേക്കു ഗവൺമെന്റ് നയങ്ങൾ മാറ്റണം. ചെറുകിട, ഇടത്തരം സംരംഭങ്ങൾക്കും വൻകിട വ്യവസായങ്ങളുമായി അവയ്ക്കുള്ള ബന്ധത്തിനും പ്രാമുഖ്യം നൽകണം. ഉൽപാദന ആവാസവ്യവസ്ഥാ സങ്കൽപം പരസ്പര ബന്ധത്തിലെ ഇത്തരം വിടവുകൾ പരിഹരിക്കാൻ സഹായകമാകും. അസംസ്കൃതവസ്തുക്കളുമായും ഭൂമിയുമായും ഉപഭോക്തൃവിപണിയുമായു ബന്ധപ്പെട്ടുള്ളതും സാമ്പത്തികവുമായ പ്രശ്നങ്ങൾ പരിഹരിക്കപ്പെടേണ്ടതുണ്ട്.

ചരക്കുസേവന നികുതി (ജി.എസ്.ടി.) നടപ്പാക്കപ്പെടുന്നതു വളരെ പ്രധാനവും ഇന്ത്യയുടെ വാണിജ്യ, കോർപറേറ്റ് മേഖലയുടെ വളർച്ചയും മൽസരക്ഷമതയും വർധിപ്പിക്കുന്നതിൽ നിർണായകവുമാണ്. ഇതും സാധ്യമാകുക ആധുനിക സാങ്കേതിക വിദ്യയുടെ സഹായത്താലാണ്. ഇതിനൊക്കെ പുറമെ, ഡിജിറ്റൽ ഇന്ത്യ പദ്ധതി പ്രാമുഖ്യം നൽകുന്നത് ഇലക്ട്രോണിക് വ്യവസായത്തിനു കരുത്തു പകരാനും അതുവഴി ഇറക്കുമതി ഒട്ടും ഇല്ലാതാക്കുകയെന്നതിനുമാണ്. ഈ

ഊന്നൽ ഇന്ത്യയുടെ ഉൽപാദന ശേഷി വർധിപ്പിക്കുകയും രാജ്യത്തെ മികച്ച ഉത്പാദന കേന്ദ്രമാക്കിത്തീർക്കുകയും ചെയ്യും. പദ്ധതിയുടെ ഭാഗമായി അടുത്ത അഞ്ചുവർഷത്തിനകം ഗ്രാമങ്ങളിലും ചെറുപട്ടണങ്ങളിലുമായി വിവരസാങ്കേതിക വിദ്യാമേഖലയിൽ ജോലി ചെയ്യുന്നവർക്കു പരിശീലനം നൽകി ഈ രംഗത്തു പ്രവർത്തനക്ഷമതയുള്ള ഒരു വൻ സംഘത്തെ സൃഷ്ടിച്ചെടുക്കും.

### വിദ്യാഭ്യാസവും തൊഴിൽ നൈപുണ്യ വികസനവും

നമ്മുടെ വിദ്യാഭ്യാസ സമ്പ്രദായത്തിൽ ആഴമേറിയ പ്രതിസന്ധികളും മേന്മക്കുറവും പ്രകടമാണ്. പഠന നിലവാരമില്ലായ്മയും ഉന്നതവിദ്യാഭ്യാസം നേടിയവരുടെ തൊഴിൽ നൈപുണ്യമില്ലായ്മയും തൊഴിലധിഷ്ഠിത പരിശീലനങ്ങളുടെ അഭാവവുമൊക്കെ ഗൗരവമേറിയ പ്രശ്നങ്ങളാണ്. ഇന്ത്യയുടെ വിദ്യാഭ്യാസ സമ്പ്രദായത്തെ പുനരുജ്ജീവിപ്പിക്കാൻ ഏറെ അവസരങ്ങളാണ് ഡിജിറ്റൽവൽക്കരണം പ്രദാനം ചെയ്യുന്നത്. നൂതന ഡിജിറ്റൽ സാങ്കേതിക വിദ്യ ആർക്കും ഉപകാരപ്പെടുന്നതും പങ്കാളിത്തത്തോടെയുള്ളതുമായ പാഠ്യപദ്ധതി യാഥാർഥ്യമാക്കിയിട്ടുണ്ട്. പരിശീലകരും ഉപദേഷ്ടാക്കളുമായി ബന്ധപ്പെടുന്നതിനും ഏറ്റവും പുതിയ അറിവുകളും വിവരങ്ങളും യഥാസമയം നേടിയെടുക്കുന്നതിനും ഡിജിറ്റൽ സാങ്കേതിക വിദ്യ സഹായിക്കുന്നു. രാജ്യത്താകമാനം അനുകൂലമായ സാഹചര്യം സൃഷ്ടിച്ചെടുക്കുക വഴി ഇന്ത്യൻ വിദ്യാഭ്യാസ സമ്പ്രദായത്തിലും ഈ രീതിയിലുള്ള മാറ്റം സാധ്യമാക്കാൻ ഡിജിറ്റൽ ഇന്ത്യ പദ്ധതിക്കു സാധിക്കും. ശരിയായി ആലോചിച്ചു നടപ്പാക്കുന്ന പക്ഷം വിദ്യാർഥികളുടെ പഠനവും അധ്യാപകരുടെയും മാർഗദർശികളുടെയും കഴിവും മെച്ചപ്പെടുത്താനും മെച്ചപ്പെട്ട ഭരണം യാഥാർഥ്യമാക്കാനും നവീന സാങ്കേതിക വിദ്യക്കു സാധിക്കും. നമ്മുടെ സങ്കീർണമായ വിദ്യാഭ്യാസ സംവിധാനത്തിലും ഉന്നതവിദ്യാഭ്യാസ സ്ഥാപന ശൃംഖലയിലും സാങ്കേതികവിദ്യയുടെ ഉപയോഗം ഫലപ്രദമായി നടപ്പാക്കാൻ ഏകീകൃതവും ലക്ഷ്യത്തിലൂന്നിയുള്ളതുമായ സമീപനം അനിവാര്യമാണ്. അത്തരമൊരു മാർഗം കെട്ടിപ്പടുക്കാൻ മൂന്നു സ്തംഭങ്ങൾ അനിവാര്യമാണ്.

വിദ്യാർഥികളുടെ വ്യക്തിഗത ആവശ്യങ്ങൾക്കായുള്ള പഠനസാമഗ്രികൾ സൃഷ്ടിക്കുകയെന്നതാണ് ഇതിൽ ഏറ്റവും പ്രധാനം. ഡിജിറ്റൽ രൂപത്തിലുള്ള പാഠപുസ്തകങ്ങളും ആനിമേഷനും വീഡിയോകളും ഉൾപ്പെടുന്ന ഇ-ഉള്ളടക്കം ഉത്പാദിപ്പിക്കേണ്ടതുണ്ട്. കളികളുടെ രൂപത്തിലും തമാശയിലൂടെയും പഠനം പാരസ്പര്യമുള്ളതാക്കുകവഴി വ്യക്ത്യാധിഷ്ഠിത പഠനം പ്രാവർത്തികമാക്കാൻ നൂതന സാങ്കേതിക വിദ്യക്കു സാധിക്കും. ഇതു പരിശീലനം നേടാൻ കുട്ടികൾക്കു കൂടുതൽ അവസരങ്ങൾ പ്രദാനം ചെയ്യുകയും ചെയ്യുന്നു.

സമഗ്രതയാർന്ന സമീപനത്തിലെ രണ്ടാമത്തെ ഘടകം പ്രവർത്തനക്ഷമതയുമായി ബന്ധപ്പെടുത്തി അധ്യാപകർക്കു പരിശീലനം നൽകുന്നതിനു സാങ്കേതികവിദ്യയെ ഉപയോഗപ്പെടുത്തി പദ്ധതി ഒരുക്കുകയെന്നതാണ്. പ്രവർത്തനക്ഷമതയുമായി ബന്ധപ്പെടുത്തിയുള്ള പരിശീലന പദ്ധതി അധ്യാപകർക്കായി ആവിഷ്കരിക്കുകവഴി അധ്യാപക പരിശീലനം അടിമുടി മാറ്റത്തിനു വിധേയമാക്കാൻ സാധിക്കുകയും ചെയ്യും. അറിവുള്ള മറ്റുള്ളവരുമായി ബന്ധപ്പെടുന്നതിനും വിദഗ്ധരിൽനിന്നു പരിശീലനം നേടുന്നതിനും ഇതുവഴി അധ്യാപകർക്കു സാധിക്കുന്നു. വിവരങ്ങളും ആശയങ്ങളും കൈമാറുന്നതിനു മൊബൈൽ ഫോൺ വഴി സന്ദേശങ്ങൾ അയക്കാവുന്ന വാട്സ് ആപ് സാങ്കേതികവിദ്യ പലയിടങ്ങളിലും ഉപയോഗപ്പെടുത്തുന്നുണ്ട്. പഠിപ്പിക്കുന്നതിനായി ഡിജിറ്റൽ സാമഗ്രികൾ തയ്യാറാക്കുന്നതിന് കർണാടക ഓപ്പൺ എജ്യുക്കേഷണൽ റിസോഴ്സസ് പ്ളാറ്റ്ഫോം അധ്യാപകരെ സജ്ജരാക്കുന്നുണ്ട്. അറിവുള്ളവരുടെ സഹായം തേടുന്നതും ഓൺലൈൻ പരിശീലനവും പഠനം സുഗമമാക്കുന്ന വീഡിയോകളും ഉൾപ്പെടെ പല ഉപാധികളുമുണ്ട്. വ്യാപകമായ ഓൺലൈൻ ഓപ്പൺ കോഴ്സുകൾ (എം.ഒ.ഒ.സി.) വഴി ഗുണമേന്മയേറിയ കോഴ്സുകൾ കുട്ടികൾക്കു ലഭ്യമാക്കാൻ സാധിക്കും. സ്റ്റിമുലേഷൻ പഠനരീതി വഴി നഴ്സിംങ് പോലുള്ള രംഗങ്ങളിൽ പ്രായോഗിക പരിശീലനം നൽകാൻ സാധിക്കുകയും ചെയ്യും.

സാങ്കേതിക വിദ്യ ഉപയോഗപ്പെടുത്തുന്നതിൽ മൂന്നാമത്തെ ഘടകം സുശക്തമായ ഭരണത്തിനു വിവരശേഖരണവും വിലയിരുത്തലും നടത്താമെന്നതാണ്. ഫലപ്രദമായ മാനേജ്മെന്റ് ഇൻഫർമേഷൻ സിസ്റ്റം വഴി അധ്യാപക- ക്ലാസ്മുറി കേന്ദ്രീകൃതവും വിദ്യാലയ കേന്ദ്രീകൃതവുമായ ചില ലക്ഷ്യങ്ങൾ നേടുന്നതിനായി വിദ്യാർഥികളുടെ പ്രകടനം സംബന്ധിച്ച വിശദാംശങ്ങൾ ശേഖരിക്കാനും തുടർച്ചയായി നിരീക്ഷിക്കാനും വിലയിരുത്താനും സാധിക്കും. കേരളം, മഹാരാഷ്ട്ര, ഗുജറാത്ത്, ഒഡിഷ തുടങ്ങിയ സംസ്ഥാനങ്ങൾ ഇത്തരം പദ്ധതികൾക്കു തുടക്കമിട്ടുകഴിഞ്ഞു.

**ആരോഗ്യ സംരക്ഷണ സേവനങ്ങൾ ലഭ്യമാക്കൽ**

അന്താരാഷ്ട്ര നിലവാരവുമായി തട്ടിച്ചുനോക്കുമ്പോൾ മൊത്തം ജനസംഖ്യക്ക് ആവശ്യമായതിന്റെ പകുതി ഡോക്ടർമാരും നഴ്സുമാരും ആരോഗ്യകേന്ദ്രങ്ങളും മാത്രമേ ഇന്ത്യയിലുള്ളൂ. മാത്രവുമല്ല നിലവിലുള്ള സംവിധാനങ്ങൾ അനിവാര്യമായ സേവനത്തിനു പോലും തികയുകയുമില്ല. സാങ്കേതിക പരിമിതി ആരോഗ്യസംരക്ഷണ പദ്ധതികൾ ഫലപ്രദമായി നടപ്പാക്കുന്നതിനു തടസ്സം നിൽക്കുന്നു. മൊബൈൽ ഇന്റർനെറ്റ് വഴി വിദഗ്ധോപദേശം നൽകൽ ഉൾപ്പെടെയുള്ള ആരോഗ്യരംഗത്തെ സേവനങ്ങൾ, അടിസ്ഥാനതലത്തിലുള്ള കാര്യങ്ങൾ ചെയ്യാനുള്ള ഇന്റർനെറ്റ് കണക്ടിവിറ്റി, സ്മാർട്ട് ഫോണുകൾ കൊണ്ടു ചെയ്യാവുന്ന പ്രാഥമിക തലത്തിലുള്ള രോഗനിർണയം തുടങ്ങിയ സങ്കേതങ്ങൾ ഉപയോഗപ്പെടുത്താനും സാധിക്കാതെ വരും. ഉദാഹരണത്തിന്, സ്മാർട്ട് ഫോൺ കണ്ണു പരിശോധിക്കുന്നതിനു ഫലപ്രദമായി ഉപയോഗപ്പെടുത്താൻ സാധിക്കും. നേത്രാ-ജി എന്ന സങ്കേതം സ്മാർട് ഫോണുമായി ബന്ധപ്പെടുത്തിയാൽ സോഫ്റ്റ്‌വെയറും അടിസ്ഥാനപരമായ ഒപ്റ്റിക് സാങ്കേതിക വിദ്യയും ഉപയോഗപ്പെടുത്തി കണ്ണിന്റെ റിഫ്രാക്ടീവ് എറർ അളക്കാൻ സാധിക്കും. ഇതിനു വരുന്ന ചെലവാകട്ടെ വെറും 300 രൂപ. ഡിജിറ്റൽവൽക്കരണം ലക്ഷ്യമിടുന്നത് ആരോഗ്യസംരക്ഷണ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്താനും മേൻമയും സുരക്ഷയും ഉറപ്പു വരുത്താനുമാണ്.

**ഇ-ഭരണം**

ഡിജിറ്റൽ ഇന്ത്യ പദ്ധതിയുടെ പ്രഖ്യാപിത നയം വിജ്ഞാനത്തിനു പ്രസക്തിയേറുന്ന ഭാവിക്കായി ഡിജിറ്റൽ സാങ്കേതിക വിദ്യയിൽ പ്രാവീണ്യമുള്ള സമൂഹത്തെ വാർത്തെടുക്കുക എന്നതാണ്. കേന്ദ്ര ഗവമെന്റിന്റെ ഇ-ഗവേണൻസ് പദ്ധതിയുടെയും എല്ലാ കണക്റ്റിവിറ്റി പ്ളാനുകളുടെയും പദ്ധതികളുടെയും ആകെത്തുകയാണ് ഈ പദ്ധതിയെന്നു പറയാം. ഉദാഹരണത്തിന്, 2,50,000 ഗ്രാമപഞ്ചായത്തുകളെ ഒപ്റ്റിക്കൽ ഫൈബർ ശൃംഖലയിൽ കണ്ണികളാക്കാനുള്ള ബി.എസ്.എൻ.എല്ലിന്റെ ഗ്രാമീണ ബ്രോഡ്ബാന്റ് കണക്ടിവിറ്റി പ്രോജക്ടിനെ ഡിജിറ്റൽ ഇന്ത്യ പദ്ധതിക്കു കീഴിൽ പെടുത്തി ഭാരത്-നെറ്റ് എന്നു പുനർനാമകരണം ചെയ്തിട്ടുണ്ട്. ഇ-ഗവേണൻസ് അഥവാ സമൂഹത്തിനു ഡിജിറ്റൽ സാങ്കേതിക വിദ്യയിൽ ശാക്തീകരണം നൽകുക എന്നതുകൊണ്ട് അടിസ്ഥാനപരമായി ഉദ്ദേശിക്കുന്നത് അഴിമതി തുടച്ചുനീക്കുകയും മധ്യവർത്തികളെ ഒഴിവാക്കുകയും ചുവപ്പുനാടയില്ലാതാക്കി ജനങ്ങളെയും ഭരണസംവിധാനത്തെയും കൂടുതൽ അടുപ്പിക്കുകയുമാണ്.

ഇ-ഗവേണൻസ് ഇന്ത്യയിൽ ഔദ്യോഗികമായി തുടങ്ങിയത് 1986ലാണ്, ന്യൂഡൽഹിയിൽ പ്രഥമ കംപ്യൂട്ടർവൽകൃത റെയിൽവേ യാത്രാ റിസർവേഷൻ സംവിധാനം നടപ്പാക്കുക വഴി പൊതുസേവനം ലഭ്യമാക്കുന്നതിലുള്ള പ്രാപ്തിക്കുറവും അഴിമതിയും താമസവും ഒഴിവാക്കാൻ സാങ്കേതികവിദ്യ സഹായകമാകുമെന്നതിനുള്ള ആദ്യത്തെ തെളിവായിരുന്നു രാജ്യത്തിനകത്തു തന്നെ വികസിപ്പിച്ചെടുത്തു പ്രാവർത്തികമാക്കിയ ഈ സംവിധാനം. അങ്ങേയറ്റം വിജയകരമായ ഇ-ഗവേണൻസ് പദ്ധതിക്കു മികച്ച മറ്റൊരു മാതൃക ഭൂരേഖകൾ കംപ്യൂട്ടർവൽക്കരിച്ചുകൊണ്ടുള്ള കർണാടകയിലെ 'ഭൂമി' പദ്ധതിയാണ്. മറ്റു സംസ്ഥാനങ്ങൾക്കും സേവന മേഖലകൾക്കും മാതൃകയാക്കാവുന്ന ഇത്തരം പദ്ധതികൾ ഇന്റർനെറ്റും ബ്രോഡ്ബാൻഡും മൊബൈൽ സാങ്കേതികവിദ്യയും യാഥാർഥ്യമായതോടെ കൂടുതൽ ഫലപ്രദമായി


ത്തീർന്നു.

മറ്റു രാഷ്ട്രങ്ങളെ പോലെ ഇന്ത്യയും കിണഞ്ഞു ശ്രമിക്കുന്നത് ഗവൺമെന്റിന്റെ പ്രവർത്തനം കൂടുതൽ ഫലപ്രദവും പൗരൻമാർക്കു പ്രാപ്യമായതുമാക്കിത്തീർക്കാനാണ്. കണക്കുകൾ പ്രകാരം അടിസ്ഥാന സേവനത്തിനായി ഗവൺമെന്റ് നീക്കിവെക്കുന്ന തുകയുടെ പകുതി മാത്രമേ ജനങ്ങൾക്ക് ഉപകാരപ്പെടുന്നുള്ളൂ. ഗവൺമെന്റിന്റെ നടപടിക്രമങ്ങളിലെ സങ്കീർണത നിക്ഷേപത്തിനും വളർച്ചയ്ക്കും വിലങ്ങുതടിയാകുന്നുണ്ടെന്നും കണ്ടെത്തിയിട്ടുണ്ട്. ഗവൺമെന്റിന്റെ ഇ-സേവനങ്ങൾ സാമ്പത്തികരംഗത്തു ചെലുത്തുന്ന സ്വാധീനം മൽസരക്ഷമത വർധിപ്പിക്കുകയും വാണിജ്യത്തിന് അനുകൂലമായ സാഹചര്യം സൃഷ്ടിക്കുകയും ചെയ്യും.

**ഉപസംഹാരം**

നവീന സാങ്കേതിക വിദ്യയുടെ നേട്ടങ്ങൾ പൂർണമായി ലഭിക്കണമെങ്കിൽ ഡിജിറ്റൽ സമ്പദ്‌വ്യവസ്ഥയ്ക്ക് ആവശ്യമായ അടിസ്ഥാനസൗകര്യ വികസനം കൂടിയേതീരൂ. സാങ്കേതിക വിദ്യ കൈവശപ്പെടുത്തുന്നതിലുള്ള തടസ്സങ്ങൾ നീക്കുകയും ഫലപ്രദമായ നയങ്ങൾ രൂപീകരിക്കുകയും നിയന്ത്രണങ്ങൾ ഏർപ്പെടുത്തുകയും വേണം. ഇതോടൊപ്പം സാങ്കേതിക വിദ്യ ഉപയോഗപ്പെടുത്തുമ്പോൾ അറിഞ്ഞോ അറിയാതെയോ സംഭവിച്ചേക്കാവുന്ന ദുഷ്ഫലങ്ങൾ നിരീക്ഷിക്കാനും നിയന്ത്രിക്കാനുമുള്ള സംവിധാനം അനിവാര്യമാണ്. ഊർജസ്വലതയാർന്ന, നവീന ആശയങ്ങൾ നിറഞ്ഞ ആവാസ വ്യവസ്ഥ സൃഷ്ടിച്ചെടുക്കുകയും വേണം. ഭാരതം ബഹുഭാഷാ രാഷ്ട്രമായതിനാൽ വിവരവും വിജ്ഞാനവും അവസരങ്ങൾ സംബന്ധിച്ച കാര്യങ്ങളും അറിയിക്കാൻ ബഹുഭാഷാസംവിധാനം വികസിപ്പിച്ചെടുക്കേണ്ടതുണ്ട്. ഫലപ്രദമായി പൊതുവിതരണ സമ്പ്രദായം രൂപീകരിക്കുക, തൊഴിൽമേഖല യന്ത്രവൽക്കരിക്കുക, നഗര-ഗ്രാമ ജീവിത സാഹചര്യങ്ങൾ മെച്ചപ്പെടുത്തുക, മെച്ചപ്പെട്ട ആരോഗ്യസംരക്ഷണ പദ്ധതി നടപ്പാക്കുക തുടങ്ങിയ കാര്യങ്ങൾ പ്രാവർത്തികമാക്കുന്നതിലുള്ള സങ്കീർണത കുറയ്ക്കുന്നതിനായി പഴയതും പുതിയതുമായ സംവിധാനങ്ങളെ കൂട്ടിയിണക്കേണ്ടതും പ്രധാനമാണ്. ഇവിടെ ശ്രദ്ധിക്കേണ്ട വസ്തുത, പാശ്ചാത്യരാഷ്ട്രങ്ങൾ ഡിജിറ്റൽവൽക്കരിക്കപ്പെട്ടപ്പോൾ പ്രവർത്തനക്ഷമതയും ഉത്പാദനക്ഷമതയും വർധിച്ചുവെന്നതും തൊഴിലവസരങ്ങൾ കുറഞ്ഞു എന്നതുമാണ്. എന്നാൽ, ഇന്ത്യയിൽ ഇടക്കാലം കൊണ്ടുതന്നെ തൊഴിലവസരങ്ങൾ വർധിക്കുകയാണു ചെയ്യുക. ഇക്കാര്യം പ്രത്യേകം ശ്രദ്ധിക്കപ്പെടേണ്ടതും കൂടുതൽ ഉത്തരവാദിത്തത്തോടെ പരിശോധിക്കപ്പെടേണ്ടതുമാണ്.

**ഡൽഹി യൂണിവേഴ്സിറ്റിയിലെ പ്രൊഫസറാണ് ലേഖകൻ**


അറിവാണ് ശക്തി

യോജന

വായിക്കുക...
വരിക്കാരാവുക



# മൈക്രോ, ചെറു, ഇടത്തരം സംരംഭങ്ങളും സർവ്വതല വളർച്ചയും

ഡോ. പി. എം. മാത്യൂ

വളർച്ചയെക്കുറിച്ചുള്ള ആഗോള സംവാദത്തിൽ കടന്നു കൂടിയ ഒരു ഇനമാണ് എല്ലാ വിഭാഗങ്ങളെയും ഉൾക്കൊള്ളുന്ന വളർച്ചയെന്ന സങ്കൽപ്പം. വളർച്ചയെയും വിതരണത്തേയും വെവ്വേറെ കാണുന്നതിന് പകരം അവയെ ഒരുമിച്ച് കാണുകയെന്നത് ഇരുപതാം നൂറ്റാണ്ടിന്റെ ഒടുവിലും 21-ാം നൂറ്റാണ്ടിന്റെ തുടക്കത്തിലുമായി വന്ന സമവായമാണ്. എല്ലാ വിഭാഗങ്ങളെയും ഉൾക്കൊള്ളിച്ചുള്ള വളർച്ചയെക്കുറിച്ചുള്ള ചർച്ചയും അങ്ങനെ ആരംഭിച്ചു. ആഗോള സംവാദവും വാദപ്രതിവാദവും മേൽപറഞ്ഞ രീതിയിൽ കെട്ടടങ്ങിയെങ്കിലും വിവിധ രാജ്യങ്ങളിലെ രീതി മറ്റൊരു കഥ പറയുന്നു. ഓരോ രാജ്യത്തെയും സ്ഥിതി അനുസരിച്ച് എല്ലാ വിഭാഗങ്ങളെയും ഉൾക്കൊള്ളിച്ച വളർച്ചയുടെ സൈദ്ധാന്തിക പ്രായോഗിക രീതിയും പൊതുധാരണയും വ്യത്യാസപ്പെട്ടിരിക്കുന്നു.

ഇന്ത്യയിലെ മൈക്രോ, ചെറു ഇടത്തരം സംരംഭങ്ങളുടെ പങ്കിനെക്കുറിച്ചുള്ള ആശങ്കകൾക്ക് കാര്യമായ രാഷ്ട്രീയ - സാമൂഹ്യ മാനങ്ങളുണ്ട്. സ്വാതന്ത്ര്യ സമര കാലത്ത് ഭരണ കാര്യങ്ങളിലെ സ്വയം പര്യാപ്തതയും തദ്ദേശ വിഭവങ്ങൾ, വ്യവസായ അവസരങ്ങൾ, വിപണി എന്നിവയിൽ അധിഷ്ഠിതമായ വികേന്ദ്രികൃത സമ്പദ് വ്യവസ്ഥയും ചർച്ചാവിഷയമായി. സാമ്പത്തിക ശാസ്ത്രജ്ഞനായ മഹലനോബിസ് വിഭാവനം ചെയ്തതനുസരിച്ച് ഇന്ത്യയിലെ ചെറുകിട വ്യവസായ മേഖല വളർച്ചായന്ത്രമായും അതേ സമയം തന്നെ സമ്പദ് വ്യവസ്ഥയുടെ കാതലായ മേഖലകളെ പിന്തുണക്കുന്ന തരത്തിലുമാണ് പ്രവർത്തിക്കേണ്ടത്. രണ്ടാം പഞ്ചവത്സര പദ്ധതിക്കാലം മുതൽ തന്നെ എല്ലാ വിഭാഗങ്ങളെയും ഉൾക്കൊള്ളിച്ചുള്ള വളർച്ചയെന്ന സങ്കല്പം ഉണ്ടായിരുന്നെങ്കിലും ആ വാക്ക് കടന്നു വന്നത് ഏറെക്കാലം കഴിഞ്ഞാണ്.

ഉൾക്കൊള്ളുന്ന വളർച്ചയെ കുറിച്ചുള്ള പൊതുധാരണ തുടരുമ്പോൾ തന്നെ അതിന്റെ നിലനിൽപ്പ് വശത്ത് നിരവധി വെല്ലുവിളികൾ ഉണ്ട്. ഇവ നേരിടുമ്പേൾ ഒരാളുടെ സാമൂഹ്യ - രാഷ്ട്രീയ ധാരണ പ്രധാനമാണ്. സുപ്രധാനമായും പൊതുവെ സ്വീകരിക്കപ്പെട്ട ഘടകമായ സുസ്ഥിരതയെ കുറിച്ചുള്ള സംവാദം ഇന്ത്യയുടെ വളർച്ചാ മാതൃക, അനുഭവം എന്നിവയെക്കുറിച്ചുള്ള ചർച്ചയുടെ ഒരു ഭാഗമായി മാറി.

കഴിഞ്ഞ പല ദശകങ്ങളായി ഇന്ത്യൻ സമ്പദ് വ്യവസ്ഥയിൽ വളർച്ചയും വൈവിധ്യവത്ക്കരണവും കാര്യമായ പുരോഗതി നേടി. വളർച്ചയെന്നത് സാമ്പത്തിക വിദഗ്ധരുടെ തലവേ

ദനയായിരിക്കുമ്പോൾ വളർച്ചയുടെ ഗുണഫലങ്ങൾ സമൂഹത്തിന്റെ എല്ലാ തട്ടുകളിലും എത്തിക്കുകയെന്നത് നയരൂപീകരണം നടത്തുന്നവരുടെ മുന്നിലെ വെല്ലുവിളിയാണ്. ഈ സാഹചര്യത്തിലാണ് സാമൂഹ്യ സംരംഭങ്ങൾ ആവശ്യമായി വരുന്നത്. പരമ്പരാഗതമായി ഈ സാമൂഹ്യ ചുമതല മൈക്രോ - ചെറു- ഇടത്തരം സംരംഭങ്ങൾ അഥവാ എം എസ് എം ഇകൾ നിർവ്വഹിക്കുന്നു.

പരമ്പരാഗതമായി ഈ സാമൂഹ്യ ചുമതല സ്വയമേവ തന്നെ നിർവ്വഹിക്കപ്പെടുന്നതായി കരുതിയിരുന്നെങ്കിലും കഴിഞ്ഞ കാലങ്ങളായി സ്ഥിതി കാര്യമായി മാറിയെന്നു പറയാം. സമ്പദ് വ്യവസ്ഥ ഘടനാപരമായി മാറുമ്പോൾ അവിടെ വേഗത്തിൽ ഓടുന്നവരും സാവധാനം നീങ്ങുന്നവരും കാണും. രണ്ടാമത് പറഞ്ഞ വിഭാഗം ക്രമേണ പിന്തള്ളപ്പെടാനും സാധ്യതയേറെയാണ്. അവരെ എങ്ങനെ മുഖ്യധാരയിൽ കൊണ്ടുവരും? ഇത് ഒരു വെല്ലുവിളിയേറിയ ചോദ്യമാണ്. ഇന്ത്യൻ സമ്പദ് ഘടനയുടെ പ്രാന്തപ്രദേശത്ത് എം. എസ്. എം. വികൾ അവയുടെ പങ്ക് നിർവ്വഹിക്കുന്നു.

**ഉൾക്കൊള്ളൽ: വേറിട്ട ധാരണകൾ**

ഉൾക്കൊള്ളലിനെക്കുറിച്ചുള്ള ചർച്ചയിൽ തന്ത്രത്തിന് ഏറെ പ്രാധാന്യം ഉണ്ട്. എം. എസ്. എം. ഇ വികസനത്തെക്കുറിച്ചുള്ള ഇന്ത്യയുടെ സമീപനത്തിൽ വിശാലമായി മൂന്ന് തലമുറ തന്ത്രങ്ങൾ ഉണ്ട്. ഒന്നാമതായി, സംരക്ഷണവും സംവരണവും എന്ന പരമ്പരാഗത മാർഗ്ഗം. രണ്ടാമത് വന്നത് കുറച്ചു കൂടി അവകാശങ്ങൾ അടിസ്ഥാനമാക്കിയ തന്ത്രം. മൂന്നാമത്തേതും അടുത്തിടെ ഉരുത്തിരിഞ്ഞതുമായ ശേഷി അടിസ്ഥാനമാക്കിയ സമീപനം. ഇതനുസരിച്ച് ശരിയായ ശേഷിയും കഴിവും നൽകിയാൽ രാജ്യത്തിന് അതിന്റെ എം. എസ്. എം . ഇ. മേഖലയെ വികസന അജണ്ടയുടെ മുഖ്യധാരയിലേക്ക് കൊണ്ടുവരാൻ കഴിയും

ഇന്ത്യാ ഗവൺമെന്റ് അടുത്തിടെ നടത്തിയ നയപ്രഖ്യാപനം ഇതിന്റെ സൂചന നൽകുന്നു. ദേശീയ നയത്തിന്റെ ലക്ഷ്യങ്ങൾ നേടാൻ ഉദ്ദേശിച്ചുള്ള പതാകനൗക പദ്ധതികൾ ഒരു വശത്ത്. നൈപുണ്യ വികസനം, സംരംഭകത്വം എന്നിവയിലുള്ള ഊന്നൽ മറുവശത്തും. ഈ രാജ്യത്തെ ജനങ്ങളുടെ സർഗ്ഗ ശേഷിയും ഊർജ്ജവും ക്രിയാത്മകവും സാമൂഹ്യപരവുമായ അർത്ഥപൂർണ മാർഗ്ഗങ്ങളിലേക്ക് തിരിച്ചു വിടുവാൻ ഈ രണ്ടു കാര്യങ്ങളുടെയും കൂട്ടായ പ്രവർത്തനം സഹായിക്കും. ഈയിടെയായി ഗവൺമെന്റ് ഇത്തരത്തിൽ നിരവധി നടപടികൾ സ്വീകരിച്ചിട്ടുണ്ട്. എന്നിരുന്നാലും, ഇവയുടെ ഗുണവശങ്ങൾ ശരിയായി മനസ്സിലാക്കേണ്ടിയിരിക്കുന്നു.

**പുതിയ നയങ്ങളുടെ പ്രാധാന്യം**

ഭരണകൂടം, ഭരണം എന്നിവ തമ്മിൽ വേർതിരിവു കാണുന്ന ഇന്ത്യയിലെ പുതിയ നയ സമീപനം രാജ്യത്തെ നയരൂപീകരണം സംബന്ധിച്ച ചർച്ചകളിൽ പ്രധാനമാണ്. ആവശ്യങ്ങൾ മുൻകൂട്ടി കാണുന്നതിലുള്ള പരാജയവും പ്രതികരണങ്ങളും ആഘാതവും മനസ്സിലാക്കാൻ കഴിയാതെ ഇരിക്കുന്നതും ഇന്ത്യയിലെ നയരൂപീകരണത്തിൽ കണ്ടുവരുന്ന പ്രശ്നങ്ങളാണെന്ന് പഠനങ്ങൾ പറയുന്നു. ഇത് സാമ്പത്തിക വികസനങ്ങളെ പിന്നോട്ട് വലിക്കുന്നുണ്ട്. നയങ്ങൾ അടിസ്ഥാനമില്ലാതെ തന്നെ മാറ്റങ്ങൾക്ക് വിധേയമാകുകയോ പിൻവലിക്കപ്പെടുകയോ ചെയ്തു വന്നു.

വിവിധ മേഖലകളെയും സമൂഹ സംഘങ്ങളെയും ലക്ഷ്യമിട്ടുള്ള വിവിധ പരിപാടികൾ കഴിഞ്ഞ 6 വർഷത്തിനിടെ രാജ്യത്തെ എം. എസ്. എം.ഇ വികസന രംഗത്ത് ഉണ്ടായി. എന്നാൽ ഈ പരിപാടികളുടെ ഗുണഫലങ്ങൾ അവയുടെ ഗുണഭോക്താക്കളിൽ ഉദേശിച്ച സമയത്തും രീതിയിലും എത്തിയില്ല എന്ന് പൊതുവെ ധാരണയുണ്ട്. ഈ പശ്ചാതലത്തിൽ രണ്ട് കാര്യങ്ങൾ ഉണ്ട്. ഒന്ന്, പരിപാടികളുടെ സംയോജിതമായ വീക്ഷണം ആവശ്യമാണ്. കൂടാതെ ചോർച്ചയില്ലാതെ തന്നെ ഗുണഭോക്താക്കളിൽ എത്തുന്നുവെന്ന് ഉറപ്പുവരുത്തേണ്ടതും പ്രധാനമാണ്.

കഴിഞ്ഞ പൊതുബജറ്റും സാമ്പത്തിക സർവ്വേയും ചൂണ്ടിക്കാട്ടിയതനുസരിച്ച്, സൂക്ഷ്മ പരിശോധനയും വിമർശനപരമായ അവലോക

നവും ആവശ്യമായ ചില പ്രധാന നടപടികൾ ഉണ്ട്.

### സ്റ്റാർട്ട് അപ്പ് സംരംഭങ്ങളിലുള്ള ശ്രദ്ധ

ലോകമാകെ തന്നെ സ്റ്റാർട്ട് അപ്പ് സംരംഭങ്ങൾക്ക് പ്രോത്സാഹനം നൽകി വരുന്ന സാഹചര്യത്തിൽ ഇന്ത്യ അതിന്റെ ജനസംഖ്യാപപരമായ മുൻതൂക്കം മുതലെടുത്തു കൊണ്ട് യുവജനങ്ങളെ കേവലം വേതനം പറ്റുന്നവർ മാത്രമായി ചുരുക്കാതെ അവരുടെ സർഗ്ഗ ശേഷി പരിപോഷിപ്പിക്കേണ്ടതുണ്ട്. പൊതുബജറ്റിലും സാമ്പത്തിക സർവ്വേയിലും ചൂണ്ടിക്കാട്ടിയ പോലെ സ്റ്റാർട്ട് അപ്പ് സംരംഭങ്ങൾക്ക് പ്രോത്സാഹനം നൽകുന്ന തരത്തിൽ ആദ്യ ചുവട് വന്നു കഴിഞ്ഞു.

### തദ്ദേശ ഉത്പാദനത്തിനുള്ള ഊന്നൽ

കഴിഞ്ഞ രണ്ടു ദശകങ്ങളിലായി ഇന്ത്യ ഉല്പാദന മേഖലയിൽ നേരിട്ട തിരിച്ചടി നയരൂപീകരണത്തിൽ കാര്യമായ ശ്രദ്ധ നേടിക്കഴിഞ്ഞു. ദേശീയ ഉത്പാദന മത്സര ക്ഷമത പരിപാടിയും ദേശീയ ഉത്പാദന നയവും ഇതിന്റെ ഭാഗമായാണ് ഉരുത്തിരിഞ്ഞത്. എന്നാൽ ഇന്ത്യയെ ലോകത്തിന്റെയാകെ ഉത്പാദന കേന്ദ്രമാക്കി മാറ്റുമെന്ന പ്രഖ്യാപനം നിർണ്ണായക നാഴികക്കല്ലു തന്നെ.

2014 മെയ്യിൽ പ്രഖ്യാപിച്ച പ്രതിരോധ സാമഗ്രികളെ സംബന്ധിച്ച പുതിയ നയം മുതലാണ് ഉത്പാദന രംഗത്തെ ഇന്ത്യയുടെ പുതിയ കാഴ്ച്ചപ്പാട് പുറത്തിറക്കിയത്. ഇതിനു പിന്നാലെ 2014ലെ സ്വാതന്ത്ര ദിനത്തിൽ തദ്ദേശ ഉത്പാദനം സംബന്ധിച്ച നയം പ്രധാന മന്ത്രി പ്രഖ്യാപിച്ചു. ഇന്ത്യയുടെ ഉത്പാദന രംഗത്ത് എം. എസ്. എം. ഇകൾക്ക് കേന്ദ്രസ്ഥാനം നൽകിയത് സ്വതന്ത്ര ഇന്ത്യയുടെ ചരിത്രത്തിൽ ഈ മേഖലയുടെ ആത്മവിശ്വാസവും ആത്മാഭിമാനവും ഉയർത്താൻ കൈക്കൊണ്ട ആദ്യ നടപടിയാണെന്ന് പറയാം.

### നൈപുണ്യ വികസനം: പുതിയ ധാരണ

സാങ്കേതിക, തൊഴിലധിഷ്ഠിത വിദ്യാഭ്യാസ മേഖലകളിലെ ചുവടുവയ്പ്പുകൾക്കിടയിലും നൈപുണ്യ രംഗത്തെ വിടവ് ഇന്ത്യൻ സമ്പദ് വ്യവസ്ഥ നേരിടുന്ന വെല്ലുവിളിയാണ്. എന്നാൽ പ്രശ്നത്തിന്റെ സങ്കീർണ്ണതകൾ യഥാവിധി മനസ്സിലാക്കുവാനോ നയങ്ങൾക്ക് മാറ്റങ്ങൾ കൊണ്ടു വരുവാനോ ഇതുവരെ കഴിഞ്ഞില്ല. തൊഴിലധിഷ്ഠിത വിദ്യാഭ്യാസ രംഗം ശക്തിപ്പെടുത്താനും മറ്റുമായിരുന്നു അടുത്തിടെ വരെ മുൻഗണന.

ഇതിൽ നിന്നുള്ള കാതലായ ഒരു മാറ്റമാണ് 2014ലെ പൊതുബജറ്റിൽ നിർദേശിച്ചത്. നൈപുണ്യ വികസനത്തിന് ഒരു സംയോജിത വീക്ഷണം ബജറ്റിൽ ലഭിച്ചു. 'സ്കിൽ ഇന്ത്യ' എന്ന ഫ്ളാഗ്ഷിപ്പ് പരിപാടി ശരിയായി നടപ്പാക്കിയാൽ രാജ്യത്ത് ഒരു സ്റ്റാർട്ട് അപ്പ് വിപ്ലവം തന്നെ പ്രതീക്ഷിക്കാം.

### ഉത്പാദനവും എം. എസ്. എം. ഇയും: സംയോജിത വീക്ഷണം

നേരത്തെ ചൂണ്ടിക്കാട്ടിയ പോലെ ദേശീയ ഉത്പാദന മത്സര ക്ഷമത പരിപാടിയും, ദേശീയ ഉത്പാദന നയവും രാജ്യത്തെ ഉത്പാദനം വർധിപ്പിക്കേണ്ടതിന്റെ പ്രാധാന്യം എടുത്തു കാട്ടി. എന്നാൽ ഇവ പദ്ധതികളായി നടപ്പാക്കേണ്ടതിൽ ഇതുവരെ കാര്യമായ നേട്ടം പറയാനില്ല എന്നതാണ് സത്യം. അടുത്തിടെയായി പ്രതിരോധ ഉത്പാദനം, ഇലക്ട്രോണിക്സ്, തുണിത്തരങ്ങൾ എന്നീ മേഖലകളിൽ ശ്രദ്ധ കേന്ദ്രീകരിക്കാനുള്ള തീരുമാനം വരും നാളുകളിൽ സ്വീകരിക്കുന്ന നടപടികളുടെ സൂചകങ്ങളായി കാണാം.

### സമൂഹത്തിലെ പാർശ്വവത്കൃത വിഭാഗങ്ങളുടെ ശേഷി വർദ്ധിപ്പിക്കൽ

പലവിധ സംസ്ക്കാരങ്ങളെ ഒരുമിപ്പിച്ച് കൊണ്ടു പോകുകയെന്നത് എം. എസ്. എം. ഇ രംഗത്ത് വലിയ വെല്ലുവിളിയാണ്. ഒരു രാഷ്ട്രം എന്ന നിലയിൽ പ്രത്യേകിച്ച് ഗ്രാമീണ പശ്ചാതലത്തിൽ ജാതി - ഭാഷാ വ്യത്യാസങ്ങൾ സംരംഭങ്ങളുടെ കൂട്ടായ്മയിലും നിയമന തന്ത്രങ്ങളിലും പ്രതിഫലിക്കുന്നു. വിവിധ സാംസ്ക്കാരിക പശ്ചാത്തലങ്ങളിൽ നിന്നുള്ള വൈവിധ്യമാർന്ന സമൂഹങ്ങൾ വിദ്യാഭ്യാസപരമായും മറ്റും ചുമതലകൾ ലഭിക്കുന്നതോടെ സമൂഹത്തിലെ പാർശ്വവൽകൃത വിഭാഗങ്ങൾ കൂടുതലായി എം. എസ്. എം ഇ ക

ളുടെ ഭാഗമാകും. എന്നാൽ ഈ വൈവിധ്യം നേരിടാൻ അവ പ്രാപ്തമാണോ? അതെ എന്നതാണ് ഉത്തരം.

ഒരു വശത്ത് നോക്കിയാൽ സമൂഹത്തിലെ ന്യൂനപക്ഷ വിഭാഗം മുഖ്യധാരയിൽ ലയിച്ചു ചേരാൻ പ്രയാസങ്ങൾ നേരിടുന്നു. മറുവശത്ത്, പല രാജ്യങ്ങളിലും ന്യൂനപക്ഷങ്ങൾ മുഖ്യധാരാ സാമ്പത്തിക മേഖലകളിലേക്ക് പൊതുപരിപാടികളിലൂടെ സംയോജിക്കപ്പെടുന്നുമില്ല. ഇതിന്റെ ഫലമായി, പല രാജ്യങ്ങളിലും വംശീയ മേഖലാ ന്യൂനപക്ഷങ്ങൾ അവരുടെ സാമ്പത്തിക പ്രവർത്തനങ്ങളിൽ സംതൃപ്തരാണെന്ന് കാണാം. ഉദാഹരണത്തിന് വിയറ്റ്നാമിലും ഇന്തോനേഷ്യയിലും ബത്തീക് കല, വിയറ്റ്നാമിലെ കളിമൺ പാത്ര നിർമ്മാണം, ചൈനയിലെ ഉയിഗർ ന്യൂനപക്ഷത്തിന്റ ശില്പകലയും നെയ്ത്തു വേലയും, ചൈനീസ് കസാഖ് വംശജരുടെ തനതു ഭക്ഷണം എന്നിവ. ഇന്ത്യൻ പശ്ചാതലത്തിൽ, മൊറാദാബാദിലെ പിത്തളപാത്ര നിർമ്മാണം, നർസപ്പൂരിലെ ലേസ് നിർമ്മാണം, ചന്നപട്ടണത്തെ മരക്കളിപ്പാട്ടം, കർണ്ണാടകയിലെ ഉഡുപ്പി ഹോട്ടലുകൾ എന്നിവ പരക്കെ അംഗീകാരം നേടിയചില വംശീയ മുദ്രകളാണ്.

ന്യൂനപക്ഷങ്ങളുടെ പരമ്പരാഗത കലാരൂപങ്ങളുടെ ഉന്നമനത്തിനും പരിശീലനത്തിനും അതുവഴി അവരുടെ പുരോഗതിക്കും ഉതകുന്ന ഒരു പരിപാടി 2014ലെ പൊതുബജറ്റിൽ അവതരിപ്പിച്ചു. സമ്പന്നമായ പൈതൃകത്തിന്റെ ഭാഗമായ ഇത്തരം കലാരൂപങ്ങൾ പരിപാലിക്കാനുള്ള പരിപാടിയാണിത്. സാംസ്ക്കാരിക വൈവിധ്യം, ന്യൂനപക്ഷങ്ങളുടെ സുപ്രധാനമായ സാമ്പത്തിക പങ്കാളിത്തം എന്നിവ ശ്രദ്ധേയമായിട്ടും അവ പരിപോഷിപ്പിക്കാൻ ഇതുവരെ നടപടികൾഒന്നും തന്നെ ഉണ്ടായിരുന്നില്ല.

**ആശങ്ക ഉയർത്തുന്ന മേഖലകൾ**

**1.വികസനത്തിനായി വിജ്ഞാനം**

വികസിത സമ്പദ് വ്യവസ്ഥകൾ എന്ന് വിശേഷിപ്പിക്കപ്പെടുന്ന രാജ്യങ്ങളിലെ ത്വരിത മാറ്റങ്ങൾ വിജയം മുന്നിൽ കണ്ടുള്ളവയാണ്. കഴിഞ്ഞ കാൽ നൂറ്റാണ്ടിനിടെ ആഗോള സമ്പദ്‌വ്യവസ്ഥയിലുണ്ടായ സുപ്രധാന ഘടനാപരമായ മാറ്റം വിഞ്ജാന സമ്പദ് വ്യവസ്ഥയുടെ വളർച്ചയാണ്. ഒരു നിർണ്ണായക ഘടകം എന്ന നിലയിൽ വിഞ്ജാനത്തിന്റെ മുന്നേറ്റം സൂചിപ്പിക്കുന്നത് പഴയ സമ്പദ്‌വ്യവസ്ഥയും പുതിയതും തമ്മിലുള്ള വേർതിരിവാണ്. ഉരുക്ക്, വാഹന നിർമ്മാണം, റോഡ് തുടങ്ങിയവ അടിസ്ഥാനമാക്കിയ വ്യവസായ സമ്പദ്‌വ്യവസ്ഥയിൽ നിന്ന് സിലിക്കൺ, കമ്പ്യൂട്ടർ ശൃംഖലകൾ എന്നിവയിലൂന്നി പടുത്തുയർത്തിയ പുതിയ സമ്പദ് വ്യവസ്ഥയിലേക്ക് ഈ രാജ്യങ്ങൾ മാറുന്നു. സാമ്പത്തിക ബന്ധങ്ങളിലും ഇത് സുപ്രധാന മാറ്റം കൊണ്ടുവരുന്നു. കാർഷിക യുഗത്തിൽ നിന്ന് വ്യാവസായിക യുഗത്തിലേക്ക് മുൻപുണ്ടായ മാറ്റത്തിന് സമാനമാണിത്. ഭാവിയിലേക്ക് വേണ്ടി മത്സരിക്കുന്നതിനും പുതിയ ഉത്പന്നങ്ങളും സേവനങ്ങളും നൽകാൻ വേണ്ട ശേഷി പ്രദാനം ചെയ്യുന്നതിനും വ്യവസായങ്ങളെ നവീന സംരംഭങ്ങളായി പരിവർത്തനം ചെയ്യുന്നതിനും പുതിയ സമ്പദ് വ്യവസ്ഥ മുൻതൂക്കം നൽകുന്നു എന്ന് കാണാം. ഇത്തരം സ്ഥിതി വിശേഷം ഇന്നലെ നമുക്ക് ചിന്തിക്കാൻ കഴിഞ്ഞിരുന്നില്ല; നാളെ അവ പഴഞ്ചനായി പോയെന്നും വരാം.

എം. എസ്. എം. ഇ വികസന നയത്തിൽ ദീർഘകാലത്തെ ചരിത്രം അവകാശപ്പെടാൻ കഴിയുമെങ്കിലും ഇന്ത്യയിൽ വിഞ്ജാന ഉത്പാദനവും ഈ മേഖലയിലേക്ക് അതിന്റെ ഒഴുക്കും ആഗോള നിലവാരത്തേക്കാൾ ഏറെ താഴെയാണ്. ഉദാഹരണത്തിന് എം. എസ്. എം. ഇകൾക്ക് ഘടനാപരമായ സംരക്ഷണം നൽകി വന്ന അളവിനെ സംബന്ധിച്ച നിയന്ത്രണങ്ങൾ ഉപേക്ഷിച്ചു. എന്നാൽ പൊതുവിപണി സാഹചര്യങ്ങൾ നേരിടേണ്ടി വന്ന മേഖലയ്ക്ക് ഇതിന്റെ പ്രയോജനം ലഭിച്ചില്ല. ഉദാരവൽക്കരണ നയത്തിന്റെ ഭാഗമായി തുല്യ അവസരങ്ങൾ ഉണ്ടാകുമെന്നു കരുതിയെങ്കിലും അവിടെയും ഫലം ഉദ്ദേശിച്ചതു പോലെ ലഭിച്ചില്ല. നയരൂപീകരണ രംഗത്തെ, പുതുമയാണ് ഈ മേഖലയുടെ നിലനിൽപ്പിന്റെ മന്ത്രം.

വിജ്ഞാന സമ്പദ് വ്യവസ്ഥയിൽ എം എസ്. എം. ഇ കൾ മാത്രമായി നിലനിൽക്കുമെന്ന് പ്രതീക്ഷിക്കുകയേ വയ്യ. പല മേഖലകൾ തമ്മിലുള്ള കൂട്ടിയിണക്കലിന്റെ നേട്ടങ്ങൾ അവയ്ക്ക് ലഭിക്കണം. ഇറക്കുമതി ചെയ്ത സാങ്കേതിക വിദ്യയിലൂന്നിയ വികസനം എന്ന പഴയ സങ്കല്പത്തിന് താരതമ്യേന ചെറിയ പങ്ക് മാത്രമേയുള്ളു. നവീന സമ്പദ് വ്യവസ്ഥയിൽ സമയം, ഇടം എന്നിവയാണ് പ്രധാനം. എം. എസ്. എം ഇ മേഖലയെ സംബന്ധിച്ച് വിജ്ഞാന സംവിധാനങ്ങളിൽ ഇന്ത്യയുടെ കഴിഞ്ഞ കാല പ്രകടനം ഏറെ പുരോഗതി ആവശ്യപ്പെടുന്ന ഒന്നാണ്. ഈ വിജ്ഞാന സംവിധാനം എം. എസ്. എം. ഇ കൾക്ക് ബാധകമായ വിധത്തിൽ സംയോജിപ്പിക്കണം.

**2. സംരംഭകത്വം – സുപ്രധാന വിഭവം**

വ്യാപാര സമൂഹങ്ങളിൽ നിന്നു മാത്രം കടന്നു വരുന്ന ഒന്നായാണ് ഇന്ത്യയിൽ പരമ്പരാഗതമായി സംരംഭകത്വത്തെ കണ്ടിരുന്നത്. 1970കളുടെ ആദ്യം ഇതിന് കാതലായ മാറ്റം വന്നു. ചിട്ടപ്പെടുത്തിയ സംരംഭകത്വ വികസന പരിപാടികൾ കൊണ്ടു വന്നു. സ്ഥാപനങ്ങൾ, പരിപാടികൾ എന്നിവയിലൂടെ മുഖ്യധാരയിലെത്താൻ സഹായിച്ചു. ഇതിന്റെ ഫലങ്ങൾ ഇനിയും പഠിക്കേണ്ടയിരിക്കുന്നു. പരിപാടി ഉണ്ടാക്കൽ, പരിപാടികൾ വിതരണം ചെയ്യൽ എന്നീ രണ്ട് ഭാഗങ്ങൾ വികസന പരിപാടിയിൽ ഉൾപ്പെടുന്നു. രണ്ടിന്റെയും പോരായ്മകൾ പഠന വിധേയമായിട്ടുണ്ട്.

രാജ്യത്തിന്റെ വലുപ്പവും യുവജനങ്ങളുടെ വലിയ സാന്നിദ്ധ്യവും കണക്കിലെടുക്കുമ്പോൾ ശരിയായ സംരംഭകത്വ വികസന പരിപാടി ആസൂത്രണം ചെയ്യേണ്ടത് അനിവാര്യമാണ്. സംരംഭകത്വം എന്നത് പരിപാലിക്കപ്പെടേണ്ട നിർണ്ണായക വിഭവശേഷിയാണ്. ഇതിന്റെ അടിസ്ഥാനത്തിൽ നയപരിപാടികൾ, തന്ത്രങ്ങൾ എന്നിവ സൂക്ഷ്മമായി വിലയിരുത്തപ്പെടണം.

**3. സംയോജിത ശേഷി കെട്ടിപ്പടുക്കൽ**

ശേഷി കെട്ടിപ്പടുക്കൽ എന്ന പ്രയോഗം തന്നെ ഒരു സംയോജിത ധാരണയാണ്. ഏത് സമ്പദ് വ്യവസ്ഥയിലും തൊഴിൽ വിപണിയുടെ സവിശേഷതകൾ അനുസരിച്ചാണ് ശേഷി തീരുമാനിക്കപ്പെടുന്നത്. എന്നാൽ ഇതിനോടുള്ള സമീപനത്തിന് മാറ്റം വരാം. നിലവിൽ തൊഴിൽ വിപണിയിലെ അസന്തുലിതാവസ്ഥയാണ് രാജ്യം നേരിടുന്നത്. യുദ്ധകാലാടിസ്ഥാനത്തിൽ യുവജനങ്ങൾക്ക് തൊഴിൽ നൈപുണ്യം നൽകി ഉത്പാദനക്ഷമമായ മേഖലകളിലേക്ക് അവരെ ഉൾപ്പെടുത്തണം. കഴിഞ്ഞ വർഷത്തെ സ്വാതന്ത്ര്യ ദിന പ്രസംഗത്തിൽ ബഹു. പ്രധാനമന്ത്രി ഈ വാദമാണ് മുന്നോട്ടു വച്ചത്. 'സ്കിൽ ഇന്ത്യ' എന്ന പതാക നൗക പരിപാടി അദ്ദേഹം പ്രഖ്യാപിച്ചു. എന്നാൽ ഈ നയത്തിന്റെ വിശദാംശങ്ങൾ തയ്യാറാക്കേണ്ടതുണ്ട്. 'സ്കിൽ ഇന്ത്യ' അജൻഡക്ക് ഊന്നൽ നൽകാൻ ലക്ഷ്യമിട്ട് 2014 നവംബറിൽ നൈപുണ്യ വികസന – സംരംഭകത്വ മന്ത്രാലയത്തിന് തുടക്കമിട്ടു. വരുന്ന ഏതാനം ദശകങ്ങൾ കൊണ്ട് തൊഴിൽ സേനയ്ക്ക് ആവശ്യമായ നൈപുണ്യം ലഭ്യമാക്കുക എന്നതാണ് നമ്മുടെ മുന്നിലുള്ളത്.

ഇന്ത്യ വിജ്ഞാനത്തെ അടിസ്ഥാനമാക്കിയ സമ്പദ്‌വ്യവസ്ഥയായി രൂപാന്തരം പ്രാപിക്കുമ്പോൾ ഇന്ത്യൻ ജനതയെ, പ്രത്യേകിച്ച് യുവജനങ്ങളെ, ഊർജ്ജസ്വലരാക്കാനും പ്രചോദിപ്പിക്കാനും നൈപുണ്യം നൽകാനും ശ്രദ്ധ നൽകേണ്ടിയിരിക്കുന്നു. ഇതിന്റെ ഗുണനിലവാരം ഉറപ്പുവരുത്തുകയും വേണം. സ്ഥാപനങ്ങൾ, പരിപാടികൾ, നിലവാരം എന്നിവ സംബന്ധിച്ച് കൃത്യമായ പ്രവർത്തി ഇത് ആവശ്യപ്പെടുന്നുണ്ട്. ഇത്തരം ഒരു സമീപനം ഇന്ത്യയുടെ തൊഴിൽ വിപണി അജൻഡയ്ക്ക് ആവശ്യമാണ്.

എന്നാൽ നൈപുണ്യ വികസനം വേറിട്ട് കാണാനാവില്ല. നല്ല സംരംഭകനാകാനോ മികച്ച തൊഴിൽ കണ്ടെത്തുവാനോ നൈപുണ്യം അടിസ്ഥാനപരമായി വേണം, എന്നാൽ അതുമാത്രം പോരാ താനും. തൊഴിൽ വിപണി ഇടപെടലുകൾ – അതിന്റെ പ്രധാന ഭാഗമാണ് നൈപുണ്യ വികസനം – ആവശ്യമനുസരിച്ച് ഉരുത്തിരിയേണ്ടതാണ്. തൊഴിൽ, സാമ്പത്തിക വളർച്ചാ തന്ത്രങ്ങ

ളുടെ അവശ്യ ഘടകവും ആണത്. മറ്റ് വിശാല സാമ്പത്തിക നയങ്ങളും തന്ത്രങ്ങളുമായുള്ള ഏകോപനം അതിനാൽ തന്നെ അനിവാര്യമാകുന്നു. അതുകൊണ്ട് നൈപുണ്യ വികസനം, സംരംഭകത്വം എന്നിവയ്ക്കുള്ള ചുവടുവയ്പ്പുകൾ വേതനം പറ്റിയുള്ള തൊഴിൽ, സ്വയം തൊഴിൽ, തൊഴിൽ കയറ്റുമതി തുടങ്ങിയ വരുമാന മാർഗ്ഗങ്ങളിൽ നിന്ന് ഉയർന്നു വരണം.

2005 മുതൽ 2012വരെയുള്ള കാലത്ത് 2.7 ദശലക്ഷം അധിക തൊഴിലവസരങ്ങൾ മാത്രമാണ് രാജ്യത്ത് സൃഷ്ടിക്കാനായത് എന്നാണ് കണക്ക്. ആവശ്യം അനുസരിച്ച് തൊഴിൽ സൃഷ്ടിക്കപ്പെടുന്നില്ലെന്ന് ചുരുക്കം. അതുകൊണ്ട് ശരിയായ മാർഗ്ഗ നിർദേശവും പ്രചോദനവും നൽകിയാൽ തൊഴിൽ അന്വേഷകരിൽ ഒരു ഭാഗത്തെയെങ്കിലും സംരംഭക മാർഗ്ഗത്തിലേക്ക് തിരിച്ചു വിടാനാകും. സംരംഭകത്വം, മാർഗ്ഗ നിർദ്ദേശം എന്നിവ ഉൽക്കൊള്ളുന്ന വ്യവസായ വികസന സേവനങ്ങളുടെ അനിവാര്യത ഇത് എടുത്തു കാട്ടുന്നു. നൈപുണ്യ വികസനത്തിന്റെ അനിവാര്യത മനസ്സിലാക്കി 2009ൽ തന്നെ ദേശീയ നൈപുണ്യ വികസന നയത്തിന് രൂപം നൽകി. 2015ലെ ദേശീയ നൈപുണ്യ സംരംഭക വികസന നയം 2009 ലെ നയത്തിന് പകരം കൊണ്ടു വന്നതാണ്. വേഗത, നിലവാരം, സുസ്ഥിരത എന്നിവയിലൂന്നിയ ചട്ടക്കൂട് തൊഴിൽ വിപണി ഇടപെടലുകൾക്ക് നൽകാൻ നയം ഉദ്ദേശിക്കുന്നു. രാജ്യത്ത് നടപ്പാക്കുന്ന എല്ലാ നൈപുണ്യ വികസന പരിപാടികളെയും ഒരു കുടക്കീഴിൽ കൊണ്ടു വരികയാണ് നയത്തിന്റെ ഉദ്ദേശ്യം. ലക്ഷ്യങ്ങളും പ്രതീക്ഷിക്കുന്ന ഫലങ്ങളും വരച്ചു കാട്ടുമ്പോൾ തന്നെ അവയിൽ എത്തിച്ചേരാനുള്ള സ്ഥാപന ചട്ടക്കൂടും നയം വിശദമാക്കുന്നുണ്ട്.

ദേശീയ തലത്തിലും സംസ്ഥാന തലത്തിലും ഓരോ മന്ത്രാലയവും വകുപ്പും പ്രത്യേക പങ്ക് വഹിക്കുന്ന അർത്ഥ പൂർണ്ണമായ തൊഴിൽ വിപണി നയത്തിന്റെ ചട്ടക്കൂടിൽ നിന്നു കൊണ്ട് പ്രധാന മന്ത്രിയുടെ 'സ്കിൽ ഇന്ത്യയെ'ക്കുറിച്ചുള്ള കാഴ്ച്ചപ്പാടിനെ മുന്നോട്ട് കൊണ്ടു പോകേണ്ടതുണ്ട്. ഓരോരുത്തരുടെയും പങ്ക് അവരവരുടെ പാടവത്തിന് അനുസൃതമായിരിക്കണം താനും.

**4. സാമൂഹ്യ ഉദ്യമം**

വലിപ്പം നോക്കിയാൽ ഇന്ത്യ നിരവധി സാമൂഹ്യ പ്രശ്നങ്ങളാണ് നേരിടുന്നത്. നിലവിലുള്ള വിഭവങ്ങളും അവസരങ്ങളും വച്ചുകൊണ്ട് ഇവയെ അഭിമുഖീകരിക്കേണ്ടതുണ്ട്. ഓരോ സാമൂഹ്യ പ്രശ്നത്തിലും ഓരോ അവസരം ഒളിഞ്ഞിരിപ്പുണ്ട്. സുസ്ഥിരമായ സംരംഭക വികസന പരിപാടിയുടെ കേന്ദ്രബിന്ദു എന്നു പറയാവുന്നത് ഇത്തരം അവസരങ്ങൾ വേണ്ട വിധം പ്രയോജനപ്പെടുത്തുന്നതാണ് എന്നു പറഞ്ഞാൽ തെറ്റില്ല. ഒരു പ്രത്യേക പരിതസ്ഥിതിയിൽ പ്രോത്സാഹനം ലഭിക്കേണ്ട ഒരു അടിസ്ഥാന മാനുഷിക ലക്ഷണമാണിത്. ഒരു സാമൂഹ്യ പ്രശ്നത്തിന്റെ കാര്യത്തിൽ അതിലുള്ള അവസരത്തെ തിരിച്ചറിഞ്ഞു കൊണ്ടു വേണം പരിഹാരം കാണാൻ. ഈ പശ്ചാതലത്തിലാണ് സാമൂഹ്യ ഉദ്യമങ്ങളുടെ പ്രസക്തി ഉയർന്നു വരുന്നത്.

വ്യവസായങ്ങളെ പോലെ ഉത്പന്നങ്ങൾ, സേവനങ്ങൾ എന്നിവ നൽകിയും എന്നാൽ പ്രവർത്തനം നിയന്ത്രിച്ച് അധിക വിഭവങ്ങളെ സാമൂഹ്യ, പരിസ്ഥിതി ലക്ഷ്യങ്ങൾക്കായി തിരിച്ചു വിട്ടും മുന്നോട്ടു പോകുന്നതാണ് സാമൂഹ്യ ആരംഭങ്ങൾ. ലാഭേച്ഛയോടു കൂടി പ്രവർത്തിക്കുന്നതും അല്ലാത്തതുമായ സാമൂഹ്യ സംരംഭങ്ങൾക്ക് രണ്ട് ലക്ഷ്യങ്ങളുണ്ട്. ഒന്ന്, സാമൂഹ്യ, സാംസ്ക്കാരിക, സാമ്പത്തീക, പാരിസ്ഥിതിക ഗുണഫലങ്ങൾ കൈവരിക്കുക. രണ്ട്, വരുമാനം നേടുക. പുറമേ പല സാമൂഹ്യ സംരംഭങ്ങളും പരമ്പരാഗത വ്യവസായ സ്ഥാപനങ്ങളെ പോലെ കാണപ്പെടുകയും പ്രവർത്തിക്കുകയും ചെയ്യുന്നു. എന്നാൽ ആഴത്തിൽ പരിശോധിച്ചാൽ സാമൂഹ്യ സംരംഭങ്ങളുടെ പ്രത്യേകതകൾ മനസ്സിലാക്കാൻ കഴിയും. പ്രവർത്തനത്തിന്റെ കേന്ദ്രബിന്ദു സേവനം തന്നെ. വരുമാനമുണ്ടാക്കൽ പിന്തുണയായി ഒപ്പമുണ്ട് എന്നു മാത്രം.

സംരംഭങ്ങളെയും സ്ഥാപനങ്ങളെയും പൊതു-സ്വകാര്യ മേഖലയിൽ വേർതിരിച്ചു

നിർത്തുന്ന തരത്തിൽ സംഘടനകളെ നില നിർത്താം. സാമൂഹ്യ ലക്ഷ്യം ഏറ്റവും മുകളിലും വാണിജ്യ ലക്ഷ്യം താഴെയുമായി അവയെ വരച്ചു കാട്ടാം.

സാമൂഹ്യ ഉത്തരവാദിത്തങ്ങൾ നിറവേറ്റുന്ന തരത്തിൽ പരിഹാരം കാണേണ്ടതിന്റെ പേരിലാണ് സാമൂഹ്യ സമ്പദ് വ്യവസ്ഥ വികസിക്കുന്നത്. പൊതു സ്വകാര്യ മേഖല അവഗണിക്കുന്നതോ വേണ്ട വിധം പരിഗണിക്കാത്തതോ ആയ ആവശ്യങ്ങൾ ഇങ്ങനെ നേരിടാം. ലാഭേതര ലക്ഷ്യങ്ങൾക്കായി പരിഹാരം ഉപയോഗപ്പെടുത്തുന്നതിനാൽ സാമൂഹ്യ സമ്പദ് വ്യവസ്ഥയ്ക്ക് ശക്തവും സുസ്ഥിരവും സമ്പദ് സമൃദ്ധവും എല്ലാ വിഭാഗങ്ങളെയും ഉൾക്കൊള്ളിക്കുന്നതുമായ സമൂഹത്തിന്റെ സൃഷ്ടിയിൽ സവിശേഷമായ പങ്കുണ്ട്. ഒരു സാമൂഹ്യ സമ്പദ് വ്യവസ്ഥയുടെ പരിമിതികൾ നിർവ്വചിക്കുന്നതിൽ രാഷ്ട്രീയ – സാമ്പത്തിക കാരണങ്ങളാൽ വിഷമതകൾ നേരിടുന്നുണ്ട്.

വിശാലമായ ഭൂപ്രദേശം ഉൾക്കൊള്ളുന്ന രാഷ്ട്രമായ ഇന്ത്യ പല സാമൂഹ്യ സംരംഭക മാതൃകകളും സംഭാവന ചെയ്തിട്ടുണ്ട്. ഗവൺമെന്റ് ഉടമസ്ഥതയിൽ ഉള്ളതു മുതൽ സ്വകാര്യ മേഖലയിൽ ഉള്ളതുവരെ ഇത് നീളുന്നു. പല പേരുകൾ ഉണ്ടെങ്കിലും ദേശീയ തലത്തിൽ സാമൂഹ്യ സംരംഭക നയം ഇനിയും ഉണ്ടാകേണ്ടിയിരിക്കുന്നു.

കഴിഞ്ഞ രണ്ട് ദശകങ്ങളിൽ ഇന്ത്യ അത്ഭുതാവഹമായ ജിഡിപി വളർച്ച കാഴ്ച്ച വച്ചെങ്കിലും 120 കോടി ജനങ്ങളിൽ മൂന്നിലൊന്ന് ഇപ്പോഴും ദാരിദ്ര്യരേഖയ്ക്ക് താഴെ വസിക്കുന്നു. കൂടാതെ 5 വയസ്സിൽ താഴെയുള്ള കുട്ടികളിൽ 40 ശതമാനവും പോഷകാഹാരക്കുറവ് നേരിടുന്നു. 620 ദശലക്ഷം ജനങ്ങൾ തുറസ്സായ സ്ഥലത്ത് മലവിസർജ്ജനം നടത്തുന്നുവെന്നാണ് ലോകാരോഗ്യ സംഘടന നമ്മുടെ രാജ്യത്തെപ്പറ്റി പറയുന്നത്. അതുകൊണ്ട് ഇത്തരം സാമൂഹ്യ പ്രശ്നങ്ങളെ ലക്ഷ്യമിട്ടുള്ള നിക്ഷേപങ്ങൾ നടത്തുകയെന്നത് വലിയ വെല്ലുവിളിയാണ്.

എല്ലാ വിഭാഗങ്ങളെയും ഉൾക്കൊള്ളുന്ന വികസന അജൻഡ തയ്യാറാക്കുന്നതിൽ സാമൂഹ്യ സംരംഭങ്ങൾക്ക് പ്രധാന പങ്ക് വഹിക്കാൻ കഴിയും. എന്നാൽ മറ്റ് പല രാജ്യങ്ങളിലേയും പോലെ ഇവിടെയും സാമൂഹ്യ സംരംഭങ്ങൾ ഒരു മേഖലയായി അംഗീകരിക്കപ്പെട്ടിട്ടില്ല. ദാരിദ്ര്യത്തിനെതിരായ പോരാട്ടത്തിൽ പ്രധാന പങ്കുണ്ടെങ്കിലും ഇതാണ് സ്ഥിതി.

സാമൂഹ്യ സംരംഭത്തിന്റെ നിർവ്വചനം കണ്ടെത്തുന്നത് വെല്ലുവിളിയാണെങ്കിലും അത് കണ്ടെത്തിയാൽ അത്തരം സംരംഭങ്ങൾ യാഥാർത്ഥ്യമാക്കുന്നതിനുതകുന്ന ശക്തമായ നയങ്ങൾക്ക് അടിത്തറ പാകാൻ സാധിക്കും. നിക്ഷേപം, വായ്പ, സ്റ്റാർട്ട് അപ്പ് സംരംഭങ്ങൾക്കുള്ള ധനസഹായം തുടങ്ങിയവയും നികുതി ഇളവുകളും നൽകാം. ഭൂമി സൗജന്യമായി നൽകുക, വൈദ്യുതി, വെള്ളം എന്നിവ കുറഞ്ഞ നിരക്കിൽ നൽകുക തുടങ്ങിയ പ്രോത്സാഹന നടപടികളും ആകാം. നിലവിൽ സാമൂഹ്യ മേഖലയിലെ പല സ്റ്റാർട്ട് അപ്പ് സംരംഭങ്ങൾക്കും സഹായം വിദേശ നിക്ഷേപകരാണ് എത്തിക്കുന്നത്. എന്നാൽ ഇന്ത്യയിൽ ഗവൺമെന്റിന്റെയും വലിയ കോർപറേഷനുകളുടെയും പക്കൽ ധാരാളം മൂലധനം ഉള്ളനിനാൽ നിക്ഷേപം പ്രശ്നമല്ല.


**ഉപസംഹാരം**

എല്ലാ വിഭാഗങ്ങളെയും ഉൾക്കൊള്ളിച്ചുള്ള വളർച്ചയെന്നത് രാഷ്ട്രീയ മുദ്രാവാക്യത്തിൽ നിന്ന് നടപടിയിലൂന്നിയ ആശയമായി മാറുകയെന്നതാണ് നയരൂപീകരണം നടത്തുന്നവർ നേരിടുന്ന വെല്ലുവിളി. ഇക്കാര്യത്തിൽ ചെറു–ഇടത്തരം സംരംഭങ്ങൾക്ക് കാര്യമായ സംഭാവന നൽകാൻ കഴിയും എന്ന് തന്നെ പ്രതീക്ഷിക്കാം.

**(ചെറുകിട സംരംഭക വികസന ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഡയറക്ടറാണ് ലേഖകൻ)**

# സാമൂഹ്യ സുരക്ഷ: പുതിയ ചുവടുവെയ്പുകൾ

ജിതേന്ദർ സിങ്




പ്രധാനമന്ത്രി അടുത്തിടെ രാജ്യത്തിന് സമർപ്പിച്ചത് മൂന്നു സുപ്രധാന സ്കീമുകളാണ്-പ്രധാനമന്ത്രി ജീവൻ ജ്യോതി ബീമാ യോജന (PMJJBY), പ്രധാനമന്ത്രി സുരക്ഷാ ബീമാ യോജന (PMSBY) അടൽ പെൻഷൻ യോജന (APY) എന്നിവ. ഈ മൂന്നു സ്കീമുകളും ജീവിത അപായ - അപകട വൈകല്യങ്ങളിൽ നിന്നുണ്ടാകുന്ന ബുദ്ധിമുട്ടുകളിൽ ആശ്വാസം നല്കുക, ഒരു പ്രത്യേക പ്രായക്കാർക്ക് വാർദ്ധക്യ വരുമാനം ഉറപ്പാക്കുക എന്നീ ലക്ഷ്യങ്ങൾ സാക്ഷാത്കരിക്കുന്നതിനുവേണ്ടി വിഭാവനം ചെയ്തവയാണ്. യഥാക്രമം വർഷത്തിൽ 330 രൂപയും 12 രൂപയും വരിസംഖ്യ നൽകികൊണ്ട് ഈ പദ്ധതികളിൽ അംഗമാകാവുന്നതാണ്. പോളിസി എടുത്ത വ്യക്തിക്ക് മരണം സംഭവിക്കുമ്പോഴോ നിത്യവൈകല്യം സംഭവിക്കുമ്പോഴോ അവകാശിക്ക് 2 ലക്ഷം രൂപ നഷ്ടപരിഹാരം ലഭിക്കുന്നതാണ്. പോളിസി ഉടമയുടെ ബാങ്ക് അക്കൗണ്ടിൽ നിന്ന് വരിസംഖ്യ സ്വയം പിൻവലിക്കുന്നതാണ്. ഇൻഷ്വറൻസ് സ്കീമുകൾ 2015 ജൂൺ 1 ന് ആരംഭിച്ച് 2016 മെയ് 31 ന് അവസാനിക്കുന്ന രീതിയിൽ ഒരു വർഷ കാലയളവിലേക്കുള്ളതാണ്. ഇത് ഓരോ വർഷവും പുതുക്കാവുന്നതുമാണ്. ഈ ഇൻഷ്വറൻസ് പോളിസികളിൽ അംഗമാകുന്നതിന് വളരെ ലളിതമായ ഒറ്റ പേജ് അപേക്ഷാഫോറം പൂരിപ്പിച്ചു നൽകിയാൽ മതിയാകും. ഇത്തരം സ്കീമുകൾ സുസ്ഥിരമായ സാമൂഹ്യ സുരക്ഷാ ചങ്ങല രാജ്യത്ത് സൃഷ്ടിക്കുക എന്ന ലക്ഷ്യത്തിലേക്കുള്ള ചുവടുവെയ്പ്പാണ്. ഈ സ്കീമുകൾക്ക് ധാരാളം പുതുമയാർന്ന പ്രത്യേകതകളുണ്ട്.

ഒന്ന്, ഇവ സാർവത്രികമായി ലഭ്യമാകുന്നവയും സമാനമായ സ്വകാര്യ സ്കീമുകൾക്ക് വേണ്ടി വരുന്ന ഭീമമായ ചെലവ് വഹിക്കാൻ കഴിയാത്ത ഏവർക്കും പ്രാപ്യവുമാണ്. വയസ്സിന്റെ പരിധിയും ബാങ്ക് അക്കൗണ്ടും സ്കീമുകളുടെ വ്യാപ്തി നിയന്ത്രിക്കുമെങ്കിലും അവ ഈ പദ്ധതികൾ കാര്യക്ഷമമായി നടപ്പിലാക്കുവാൻ ഉദ്ദേശിച്ചിട്ടുള്ളവയാണ്. വരിസംഖ്യ ഏറ്റവും കുറച്ചു വയ്ക്കുന്നതിലൂടെ ഇവ പാവങ്ങളിൽ പാവങ്ങളായ ആളുകൾക്ക് പോലും പ്രാപ്യവുമാണ്.

രണ്ട്, പോളിസിയെടുക്കുന്ന ഒരു വ്യക്തി വരിസംഖ്യ/നിക്ഷേപം എന്ന നിലയിൽ ഈ പോളിസികളിൽ സംഭാവന ചെയ്യുന്നത് ഇതുപോലെയുള്ള സാമ്പത്തിക ഉൽപ്പന്നങ്ങൾ ഉപയോഗപ്പെടുത്തുവാനുള്ള ശീലം ആ വ്യക്തിയിൽ വളർത്തുന്നതിന് സഹായിക്കും. ഉത്തരവാദിത്വമുള്ള വ്യക്തിയാക്കി മാറ്റുന്നതിനുള്ള പ്രേരകശക്തിയായി വർത്തിക്കും. കൂടാതെ ഇത്തരം സാമ്പത്തിക ഉൽപ്പന്നങ്ങളെകുറിച്ചുള്ള അവബോധം ജനങ്ങൾക്കിടയിൽ വളർത്തുന്നതിനും ഇത് സഹാ

Pradhan Mantri
Jeevan Jyoti Bima Yojana

യകമാകും. അതിലുപരി ജനങ്ങളും ബാങ്കുകളും തമ്മിലുള്ള ബന്ധത്തിന് പുതുജീവൻ കൈവരുകയും സാമ്പത്തിക വികസനത്തിനു വഴിവെയ്ക്കുകയും ചെയ്യും.

മൂന്ന്, സ്കീമുകളുടെ മുഴുവൻ പ്രവർത്തനങ്ങളിലും ബാങ്കുകളുടെ കർത്തവ്യം വളരെ നിർണ്ണായകമാണ്. ഉൽപ്പന്നം വാങ്ങുന്നയാൾ ഇൻഷ്വറൻസ് കമ്പനിയുമായി നേരിട്ട് ഇടപെടുന്നില്ല. പകരം ബാങ്കാണ് ഇക്കാര്യത്തിൽ മദ്ധ്യസ്ഥത വഹിക്കുന്നത്. ബാങ്കുകളിൽ നിക്ഷേപിക്കുന്ന വരിസംഖ്യ അക്കൗണ്ടുകളിൽ നിന്ന് നേരിട്ട് പിൻവലിക്കപ്പെടുന്നു. മരണമോ വൈകല്യമോ സംഭവിക്കുന്ന വേളയിൽ ഉപഭോക്താക്കൾ ബാങ്കുമായാണ് കത്തിടപാടുകൾ നടത്തേണ്ടത്. ബാങ്ക് ഇൻഷ്വറൻസ് കമ്പനിയുമായി ഇടപെട്ട് നഷ്ടപരിഹാരം ലഭ്യമാക്കുന്നതാണ്. തുക ബാങ്ക് അക്കൗണ്ടുകളിലേക്കാണ് നിക്ഷേപിക്കപ്പെടുന്നത്. ഇത്തരം ക്രമീകരണങ്ങൾ ഉപഭോക്താക്കൾക്ക് വലിയ സൗകര്യമാണ് സൃഷ്ടിക്കുന്നത്.

നാല്, ജൻ ധൻ യോജന മുന്നോട്ടുവയ്ക്കുന്ന ബിസിനസ് കറസ്പോണ്ടന്റ് (ബി സി) മാതൃക ബാങ്കുകളുടെ വ്യാപ്തി വർധിപ്പിക്കുന്നതിന് സഹായിക്കും. നിശ്ചിത യോഗ്യതയുള്ള എന്നാൽ തൊഴിലില്ലാത്ത യുവജനങ്ങൾക്ക് ബാങ്കുകളുടെ ബിസിനസ്സ് കറസ്പോണ്ടന്റ് ആയി പ്രവർത്തിക്കാവുന്നതാണ്. ബാങ്കിന്റെ ബ്രാഞ്ചുകളിൽ ഇരിക്കാതെ തന്നെ ബിസിനസ്സ് കറസ്പോണ്ടന്റിന് ചെറിയ രീതിയിലുള്ള പണമിടപാടുകൾ, അക്കൗണ്ട് തുറക്കുക, ഇൻഷ്വറൻസ്/പെൻഷൻ പോളിസികൾ പ്രചരിപ്പിക്കുക തുടങ്ങിയ സേവനങ്ങൾ നടത്താവുന്നതാണ്. ഇതിലൂടെ ബാങ്കിന് ഇക്കാര്യത്തിൽ വേണ്ടിവരുന്ന ഇടപാട് തുക ഗണ്യമായി കുറയ്ക്കാവുന്നതാണ്.

അഞ്ചാമതായി, പരമ്പരാഗതമായ സാമൂഹ്യ സുരക്ഷാ ഉൽപ്പന്നങ്ങളായ സ്വർണ്ണം, സ്ഥലം എന്നിവയിൽ നിന്ന് വ്യത്യസ്തമായി രാജ്യത്തിന്റെ ഉൽപാദന നിക്ഷേപത്തിന് ഇത്തരം ഇൻഷ്വറൻസ്/പെൻഷൻ പദ്ധതികളിൽ നിന്ന് തുക കണ്ടെത്താവുന്നതാണ്. പരമ്പരാഗത അപകട ശമന മാർഗ്ഗങ്ങൾ പാവങ്ങൾക്ക് പ്രാപ്യമായിരുന്നില്ല.

ഇത്തരം പുതുമകളിലൂടെ അഭൂതപൂർവമായ വിജയമാണ് പദ്ധതികളിൽ അംഗമാകുന്നവരുടെ എണ്ണത്തിൽ കൈവന്നിരിക്കുന്നത്. 27.06.2015 വരെയുള്ള കണക്കുകൾ പ്രകാരം വളരെ കുറഞ്ഞ സമയത്തിനുള്ളിൽ 10.42 കോടി ജനങ്ങളാണ് വിവിധ പൊതുമേഖലാ ബാങ്കുകളിലൂടെയും പ്രാദേശിക ഗ്രാമീണ ബാങ്കുകളിലൂടെയും PMJJBY, PMSBY, APY എന്നിവയുടെ ഉപഭോക്താക്കളായത്. പോളിസിയിൽ അംഗമായവരിൽ 78% പൊതുമേഖലാ ബാങ്കുകളുടെയും 16% പ്രാദേശിക ഗ്രാമീണ ബാങ്കുകളുടെയും സേവനമാണ് സ്വീകരിച്ചിരിക്കുന്നത്. ബാക്കി വരുന്നവ പ്രൈവറ്റ് ബാങ്കുകളുടെയും ഗ്രാമീണ-നഗര കോ-ഓപ്പറേറ്റീവ് ബാങ്കുകളെയുമാണ് ആശ്രയിച്ചിരിക്കുന്നത്. 10.42 കോടി എന്ന തുകയിൽ മൂന്നു സ്കീമുകളിലും അംഗമായവരെ മൂന്നു തവണയും, രണ്ടു സ്കീമുകളിൽ അംഗമായവരെ രണ്ടും തവണയുമാണ് കൂട്ടിയിരിക്കുന്നത്. പോളിസികളിൽ അംഗമായവരുടെ യഥാർത്ഥ എണ്ണം വളരെ കുറവായിരിക്കും.

ഒരുമിച്ചു വരിക്കാരായവരിൽ നാലിൽ മൂന്നുഭാഗം അപകട ഇൻഷ്വറൻസ് പോളിസിയിലും, നാലിൽ ഒരു ഭാഗം ലൈഫ് ഇൻഷ്വറൻസ് പോളിസിയിലുമാണ് അംഗമായിരിക്കുന്നത്. ഒരു ശതമാനത്തിൽ താഴെ മാത്രമാണ് പെൻഷൻ സ്കീമിൽ അംഗമായിട്ടുള്ളത്. ജനങ്ങൾ മുൻഗണന നൽകുന്നത് അപകട ഇൻഷ്വറൻസ് പോളിസിക്കാണ്. ഇത് വർഷത്തിൽ 12 രൂപയെന്ന കുറഞ്ഞ വരിസംഖ്യയും 18 മുതൽ 70 വരെ എന്ന വയസ്സിന്റെ പരിധിമൂലവും ആകാം. 2 ലക്ഷം രൂപയുടെ ലൈഫ് ഇൻഷ്വറൻസ് പദ്ധതിയിലാകട്ടെ വരിസംഖ്യ 330 രൂപയും വയസ്സിന്റെ പരിധി 50 വയസ്സുമാണ്.


ജനസംഖ്യയിലെ 68% വും പാവപ്പെട്ടവരിൽ 78% വും വസിക്കുന്ന ഗ്രാമീണമേഖലയിൽ നിന്ന് പദ്ധതിയിൽ അംഗമായവർ മൊത്തം ഉപഭോക്താക്കളുടെ മൂന്നിലൊന്ന് മാത്രമാണ്. ഇത് ഗ്രാമീണ മേഖലയിൽ പദ്ധതിയെക്കുറിച്ചുള്ള അവബോധം കുറവായതുകൊണ്ടോ ബാങ്കിൽ അക്കൗണ്ടുള്ളവരുടെ എണ്ണം വളരെ കുറവായതുകൊണ്ടോ ആകാം.

പോളിസികളിൽ ഒരുമിച്ച് അംഗമായവരിൽ നാലിലൊന്ന് സ്ത്രീകളാണ്. ഗ്രാമ-നഗര മേഖലകളിലെ കണക്ക് ഇക്കാര്യത്തിൽ ഏതാണ്ട് സമാനമാണ്. ഈ അനുപാതം വ്യക്തിഗത സ്കീമുകളിലും വ്യത്യസ്തമായിരിക്കില്ല. ഇതുവരെ 28 പേർക്ക് ലൈഫ് ഇൻഷ്വറൻസ് പോളിസിയിലും 8 പേർക്ക് അപകട ഇൻഷ്വറൻസ് പോളിസിയിലും നഷ്ടപരിഹാരം ലഭ്യമായിട്ടുണ്ട്.

സർക്കാരിനും ബാങ്കുകൾക്കും ജനങ്ങൾക്കും ഇത്തരം സ്കീമുകൾ വെല്ലുവിളികളാകുന്ന സന്ദർഭങ്ങളുമുണ്ട്.

ഗ്രാമീണ മേഖലകളിൽ പോളിസികളെക്കുറിച്ചുള്ള അവബോധക്കുറവ് സ്കീമുകൾക്ക് പ്രതിസന്ധികളുണ്ടാക്കുന്നുണ്ട്. കുറഞ്ഞ സമയപരിധിക്കുള്ളിൽ ആവശ്യമായ വിവരങ്ങൾ ചുരുക്കി നൽകുന്നതിന് ഗ്രാമീണ മേഖലകളിൽ പ്രത്യേക മാർഗ്ഗങ്ങൾ നിലവിലില്ല. ഗ്രാമപഞ്ചായത്തുകളുടെ കാര്യക്ഷമമായ ഇടപെടലുകളില്ലാതെ ഗ്രാമീണതലത്തിൽ അവബോധം നൽകുക പ്രയാസകരമായ കാര്യമാണ്.

ജൻ ധൻ യോജനയുമായി ബന്ധപ്പെട്ട് സീറോ




ബാലൻസ് അക്കൗണ്ടുകൾ പരിപാലിക്കുന്നതിനുള്ള ചെലവ് ഒരു പരിധിവരെ JJBY, SBY എന്നീ സ്കീമുകളിലൂടെയുള്ള കുറഞ്ഞ നിക്ഷേപത്തിലൂടെ ബാങ്കുകൾക്ക് മറികടക്കാൻ കഴിഞ്ഞിട്ടുണ്ട്. എന്നാൽ ഇൻഷ്വറൻസ് അക്കൗണ്ടുകൾ തുറക്കുന്നതും പരിപാലിക്കുന്നതും ബാങ്കുകൾക്ക് ഒരു പ്രധാന വെല്ലുവിളി തന്നെയാണ്. കുറഞ്ഞ നിക്ഷേപമുള്ള ഇത്തരം അക്കൗണ്ടുകളുടെ വ്യാപ്തി വർദ്ധിപ്പിക്കുന്നതിന് കൂടുതൽ ജോലിക്കാരെ നിയമിക്കുന്നതും നിലവിലുള്ള ഉദ്യോഗസ്ഥരെ ഇതിനായി മാറ്റുന്നതും ബാങ്കുകൾക്ക് സാധ്യമായ ഒരു കാര്യമല്ല.

അക്കൗണ്ടുകളുടെ എണ്ണവും അവയിൽ നടക്കുന്ന പണമിടപാടുകളും കണക്കിലെടുത്തുകൊണ്ട് മാത്രമേ ബിസിനസ്സ് കറസ്പോണ്ടന്റുമാരെ നിയമിക്കുവാൻ സാധിക്കുകയുള്ളൂ. ഇത്തരം സ്കീമുകളിലെ നിക്ഷേപം ഒന്നുകിൽ പൂജ്യമോ, അല്ലെങ്കിൽ വളരെ താഴ്ന്നതോ ആകുന്ന സാഹചര്യത്തിൽ ബാങ്കിന്റെ ബിസിനസ്സ് വർദ്ധിപ്പിക്കുന്നതിൽ സ്കീമുകൾ സഹായകമല്ല.

ഗ്രാമീണ മേഖലയിൽ പ്രവർത്തിക്കുന്ന ഒരു ബിസിനസ്സ് കറസ്പോണ്ടന്റിന് ലാപ്ടോപ്പ്, വൈദ്യുതി, നല്ല ഇന്റർനെറ്റ് കണക്ടിവിറ്റി എന്നിവ ആവശ്യമാണ്. ബിസിനസ്സ് കറസ്പോണ്ടന്റ് ആയ വ്യക്തി ലാപ്ടോപ്പ്, വൈദ്യുതി എന്നിവ സ്വയം കണ്ടെത്തുന്ന സാഹചര്യത്തിൽ പോലും ഗ്രാമപ്രദേശങ്ങളിലെ കുറഞ്ഞ ഇന്റർനെറ്റ് കണക്ടിവിറ്റി കാര്യക്ഷമമായ പ്രവർത്തനങ്ങൾക്ക് വിഘാതമായി നിലനിൽക്കുന്നു.

ചുരുക്കത്തിൽ, ദശലക്ഷക്കണക്കിനുള്ള പാവങ്ങൾക്ക് സംരക്ഷണം നൽകുവാനും രാജ്യത്തിന്റെ സാമൂഹ്യ സുരക്ഷാ ചങ്ങല ശക്തമാകുന്നതിനുമുള്ള മാതൃകയാണ് ലൈഫ് ഇൻഷ്വറൻസ്, അപകട വൈകല്യ സഹായം, വാർദ്ധക്യ പെൻഷൻ എന്നിവ ലക്ഷ്യം വച്ചുകൊണ്ടുള്ള ഇത്തരം സ്കീമുകൾ. സ്കീമുകളിൽ അംഗമായവരുടെ എണ്ണത്തിൽ അഭൂതപൂർവമായ വിജയമാണ് കൈവരിച്ചിരിക്കുന്നത്. എന്നാൽ അത് നഗരപ്രദേശങ്ങളിലും പുരുഷൻമാരിലേക്കും ചുരുങ്ങുന്നു. സ്കീമുകളെ കുറിച്ചുള്ള അവബോധകുറവ്, ഇന്റർനെറ്റ് കണക്ടിവിറ്റി കുറവ്, ബാങ്കുകളിൽ അംഗത്വത്തിന്റെ കുറവ് എന്നിവയാവാം ഗ്രാമീണ മേഖലകളിൽ സ്കീമുകളുടെ പ്രചാരം കുറയാനുള്ള കാരണങ്ങൾ. കുറഞ്ഞ കാലയളവിനുള്ളിൽ സ്കീമുകളുടെ പ്രവർത്തന വിജയം വിലയിരുത്തുക പ്രയാസമാണ്. എന്നാൽ അംഗമാകുന്നവരുടെ എണ്ണം കണക്കിലെടുക്കാവുന്നതാണ്. ഈ സ്കീമുകളിലൂടെ പാവപ്പെട്ടവന് തിരഞ്ഞെടുക്കലിനുള്ള അവസരങ്ങൾ ലഭ്യമാകുകയും ഒരു ഭരണ വ്യവസ്ഥ നിലവിൽ വരുകയും ചെയ്തിരിക്കുന്നു. സാമ്പത്തിക സ്ഥാപനങ്ങൾക്ക് പുതിയ അവസരങ്ങൾ ലഭ്യമായി എന്നതും വളരെ പ്രാധാന്യത്തോടെ കാണേണ്ട വസ്തുതയാണ്.

**(ഇന്ത്യൻ ഇക്കണോമിക് സർവ്വീസ് ഉദ്യോഗസ്ഥനായ ലേഖകൻ ഇപ്പോൾ കേന്ദ്ര വാണിജ്യ- വ്യവസായ മന്ത്രാലയത്തിനു കീഴിൽ സേവനമനുഷ്ഠിച്ചു വരുന്നു)**

# സമഗ്രവളർച്ചയ്ക്ക് കാർഷിക മേഖല

ഭുവൻ ഭാസ്കർ

**കൃ**ഷിയെ കേന്ദ്രസ്ഥാനത്ത് പ്രതിഷ്ഠിക്കാതെ ഇന്ത്യ പോലെയുള്ള കാർഷിക സമൂഹത്തിനു ഒരു വികസന പദ്ധതിയും വിജയിപ്പിക്കാനാവില്ല. ഇത് നമ്മുടെ രാജ്യം ലോകത്തിലെ ഏറ്റവും വലിയ ഭക്ഷ്യ ഉപഭോക്താക്കളാണ് എന്നതുകൊണ്ടു മാത്രമല്ല, ഈ രാജ്യത്തെ ജനസംഖ്യയിൽ പകുതിയും അവരുടെ സാമൂഹിക, സാമ്പത്തിക, സാംസ്കാരിക ജീവിതത്തിന് ഈ മേഖലയോടു മാത്രം കടപ്പെട്ടിരിക്കുന്നു എന്നതു കൊണ്ടാണ്. അത്രമാത്രം പ്രാധാന്യമുണ്ടായിട്ടും എങ്ങിനെയാണ് നമ്മുടെ കാർഷിക മേഖല ഇന്നത്തെ ഈ അവസ്ഥയിലേയ്ക്ക് വഴുതിവീണു പോയത്. സ്വാതന്ത്ര്യ ലബ്ധിക്കു തൊട്ടു പിന്നിലേയ്ക്ക് നോക്കിയാൽ ഇതിന്റെ കാരണങ്ങൾ വളരെ എളുപ്പത്തിൽ കണ്ടെത്താം. "ഞാൻ പൂർണമായും വ്യവസായത്തിന്റെ ഭാഗത്താണ്, ഇരുമ്പുരുക്ക് ഫാക്ടറികളുടെ ഭാഗത്താണ്. എന്നാൽ ഏത് വ്യവസായത്തേക്കാളും എനിക്ക് പ്രധാനം കൃഷി തന്നെയാണ്" എന്നു പറഞ്ഞ ഒരു പ്രധാനമന്ത്രി നമുക്കുണ്ടായിരുന്നു- പണ്ഡിറ്റ് ജവഹർലാൽ നെഹ്റു, നമ്മുടെ പ്രഥമ പ്രധാനമന്ത്രി. ആധുനിക കാലം കണ്ട ഏറ്റവും മഹാനായ ക്രാന്തദർശി.

ഇത് ലളിതമായ ഒരു പ്രസ്താവനയല്ല. സ്വാതന്ത്ര്യലബ്ധിയെ തുടർന്നുള്ള ഏഴു പതിറ്റാണ്ട് നമ്മുടെ രാജ്യം പിൻതുടർന്ന ദേശീയ കാർഷിക നയത്തിന്റെ ആമുഖമാണ്. പിന്നീട് മാറി മാറി വന്ന ഗവൺമെന്റുകൾ ഓരോന്നും വിവരിച്ചത് കൃഷിയുടെ പ്രാധാന്യമായിരുന്നു. പക്ഷെ നയരൂപീകരണത്തിന്റെ സന്ദർഭത്തിൽ അതിന് പഴയ വിധി തന്നെ. വ്യവസായശാലകൾ ആധുനിക ഇന്ത്യയുടെ ആരാധനാലയങ്ങളാണ് എന്ന് നെഹ്റു ഉദ്ഘോഷിക്കുകയുണ്ടായി. അത് സ്വതന്ത്ര ഇന്ത്യയിലെ കാർഷിക മേഖലയുടെ വിധിയെ എന്നേയ്ക്കുമായി സ്ഥിരപ്പെടുത്തുകയും അതിനെ അവഗണനയുടെയും പ്രത്യാശാ ശൂന്യതയുടെയും വിഷയമായി മാറ്റുകയും ചെയ്തു.

കാർഷിക മേഖലയോടുള്ള ഇത്തരം ഒരു താല്പര്യരാഹിത്യത്തിന്റെ പരിണത ഫലം രണ്ടായിരുന്നു. ഒന്ന്- നമ്മുടെ ഉത്പാദനക്ഷമതയും വിള വൈവിധ്യവത്ക്കരണവും താഴേയ്ക്കു പോയി. രണ്ട്, ഇന്ത്യയുടെ മൊത്തം ജനസംഖ്യയിൽ മൂന്നിൽ രണ്ടും സാമൂഹിക സാമ്പത്തിക മേഖലയിൽ വളരെ പിന്നിലാവുകയും ചെയ്തു. ഇതിനു കാരണം കൃഷിയായിരുന്നു, അവരുടെ ഏക ഉപജീവിനമാർഗ്ഗവും വരുമാനവും. അവരുടെ ജീവിതത്തിന്റെ അടിസ്ഥാന സൗകര്യങ്ങളെല്ലാം കൃഷിയെ മാത്രം ആശ്രയിച്ചായിരുന്നു. ഉദാഹരണമായി, ജലസേചനം, വിള സംഭരണ - സംസ്കരണങ്ങൾ, ഗവേഷണ കേന്ദ്രങ്ങൾ, വായ്പാ സംവിധാനങ്ങൾ എല്ലാം. മാത്രവുമല്ല ആത്യന്തികമായി, ഇത് ഇന്ത്യയുടെ ഗ്രാമ - നഗര ജീവിതങ്ങൾക്കിടയിൽ വലിയ അന്തരം സൃഷ്ടിക്കുകയും ചെയ്തു.1960 കളിൽ ഇന്ത്യ വലിയ ഒരു ഭക്ഷ്യക്ഷാമം നേരിട്ടപ്പോൾ അന്നത്തെ പ്രധാനമന്ത്രി ലാൽ ബഹദൂർ ശാസ്ത്രി രാജ്യത്തെ വിജയകരമായ ഒരു ഹരിതവിപ്ലവത്തിലൂടെ നയിച്ചു. ഇതിന്റെ ഫലമായി ഇന്ത്യ കാർഷികോത്പാദനത്തിൽ ഒരു വൻ കുതിച്ചുചാട്ടം നടത്തി. ധാന്യങ്ങളുടെ ഉത്പാദനത്തിൽ നാം സ്വയം പര്യാപ്തരുമായി. പക്ഷെ ആ വിപ്ലവത്തിന്റെ പ്രസക്തിയും നിയോഗവും പരിമിതമായിരുന്നു. അന്നത്തെ മുദ്രാവാക്യം ഉത്പാദനവും കൃഷിസ്ഥലവും വർധിപ്പിക്കുക എന്നതു മാത്രമായിരുന്നു. സമഗ്ര വികസനത്തിനോ സാമൂഹിക മാറ്റത്തിനോ ഉള്ള ഉപകരണമായി കൃഷിയെ ആരും സങ്കല്പിച്ചതേയില്ല. കൃഷിയിടങ്ങളിൽ അമിത അളവിൽ രാസവള

ങ്ങളും കീടനാശിനികളും പ്രയോഗിക്കപ്പെട്ടു. ഭൂമിയുടെ ഉത്പാദന ക്ഷമത താത്ക്കാലികമായി വർധിച്ചു, പക്ഷെ കൃഷി നശിച്ചു. ഓരോ വർഷവും കൂടുതൽ കൂടുതൽ രാസവളം കൃഷിയിടങ്ങളിൽ ഉപയോഗിക്കേണ്ടി വന്നു. അങ്ങനെ പഞ്ചാബ് എന്ന ഹരിതവിപ്ലവത്തിന്റെ ഏറ്റവും വലിയ ഗുണഭോക്തൃ സംസ്ഥാനം ഇന്നിതാ ഏറ്റവും വലിയ പ്രശ്നം നേരിടുകയാണ്. ഉത്പാദന ക്ഷമതയിൽ അവർ അതിശീഘ്രം പിന്നോട്ടു പോയ്ക്കൊണ്ടിരിക്കുന്നു. മാത്രവുമല്ല, മണ്ണ് മുഴുവൻ വിഷലിപ്തമായി, കൃഷിചെലവ് താങ്ങാനാവാത്ത വിധം കുത്തനെ ഉയർന്നു.

2003-ൽ അടൽ ബിഹാരി വാജ്പെയിയുടെ നേതൃത്വത്തിൽ അധികാരത്തിൽ വന്ന ദേശീയ ജനാധിപത്യമുന്നണി ഗവൺമെന്റാണ് രാജ്യത്ത് ആദ്യമായി കാർഷിക മേഖലയിൽ വിളവെടുപ്പിനു ശേഷം സംഭവിക്കുന്ന കാര്യങ്ങളെ കുറിച്ച് പുനരാലോചിച്ചതും തുടർന്ന് അഗ്രിക്കൾച്ചർ പ്രൊഡ്യൂസ് മാർക്കറ്റ് കമ്മിറ്റി(എപിഎംസി) നിയമം പ്രാബല്യത്തിൽ വരുത്തിയതും. പക്ഷെ കാലക്രമേണ ഈ കമ്മിറ്റി പ്രാദേശിക രാഷ്ട്രീയത്തിന്റെ കൈപ്പിടിയിൽ അമരുകയും കൃഷിക്കാരുടെ ഉത്പ്പന്നങ്ങൾക്ക് പരമാവധി വില ലഭ്യമാക്കുക എന്ന ഉത്തരവാദിത്തത്തിൽ നിന്ന് വ്യതിചലിക്കുകയും ചെയ്തു. ഇന്ന് എപിഎംസി സംവിധാനത്തിന്റെ പ്രസക്തി തന്നെ തർക്കവിഷയമായിരിക്കുന്നു. പഴങ്ങളും പച്ചക്കറികളും ഈ നിയമത്തിന്റെ പരിധിയിൽ നിന്ന് ധനമന്ത്രാലയം നീക്കം ചെയ്യുകയും ചെയ്തിരിക്കുകയാണ്. സമഗ്ര വളർച്ചയും സാമൂഹിക മാറ്റവും കൊണ്ടുവരുന്നതിന് മുന്നോട്ടു വച്ചിരിക്കുന്ന മറ്റൊരു നയസംരംഭമായിരുന്നു കാർഷിക മേഖലയിലെ ഇൻഷുറൻസ് പദ്ധതി. പക്ഷെ അതും വിജയിച്ചില്ല.

ഇന്ത്യയുടെ ചരിത്രത്തിലാദ്യമായി, കാർഷിക മേഖലയെ രാജ്യത്ത് സാമൂഹിക സാമ്പത്തിക പരിവർത്തനം സാധ്യമാക്കുന്നതിനുള്ള അടിസ്ഥാന ഉപാധിയായി ഇപ്പോഴത്തെ കേന്ദ്ര ഗവൺമെന്റ് കാണുന്നു. ഇതിനായി ഗവൺമെന്റ് വിവിധ വികസന നടപടികൾക്കും പദ്ധതികൾക്കും തുടക്കമിട്ടു കഴിഞ്ഞു. വിജയകരമായി നടപ്പാക്കുകയാണെങ്കിൽ അത് ഇന്ത്യൻ കാർഷിക മേഖലയുടെ വേരുകളെ ശാക്തീകരിക്കും, ഇന്ത്യയിലെ ലക്ഷോപലക്ഷം കൃഷിക്കാരുടെ ജീവിതങ്ങളെ പ്രകാശപൂർണമാക്കും. നമുക്ക് ആ പദ്ധതികൾ ഏതെന്നു നോക്കാം:

**1. നാഷണൽ അഗ്രിക്കൾച്ചർ മാർക്കറ്റ് അഥവാ ദേശീയ കാർഷിക വിപണി(എൻഎഎം):** വിളവെടുപ്പിനു ശേഷം കാർഷികോത്പ്പന്നങ്ങൾ കൈകാര്യം ചെയ്യുന്ന സംവിധാനത്തെ പരിഷ്കരിക്കുന്നതിനായി കേന്ദ്ര ഗവൺമെന്റ് നടപ്പാക്കിയിട്ടുള്ള ഏറ്റവും പുതിയ സംരംഭമാണ് ഇത്. ദേശീയ കാർഷിക വിപണിയുടെ പ്രവർത്തനത്തിനായി ഒരു അഗ്രി -ടെക് ഇൻഫ്രാസ്ട്രക്ച്ചർ ഫണ്ടിന് ജൂലൈ രണ്ടിനു ചേർന്ന മന്ത്രിസഭയുടെ സാമ്പത്തിക കാര്യ സമിതി അംഗീകാരം നല്കി കഴിഞ്ഞു. ഇതിന്റെ ഭാഗമായി രാജ്യത്തെ 585 കാർഷിക മൊത്ത വിപണികളെ ഓൺലൈൻ പ്ലാറ്റ്ഫോമിൽ ഏകോപിപ്പിക്കുന്നതിനാണ് ഗവൺമെന്റ് ശ്രമിക്കുന്നത്. അടുത്ത മൂന്നു വർഷത്തേയ്ക്ക് 2015- 18 വരെ ഇതിനായി 200 കോടിയാണ് നീക്കിവച്ചിരിക്കുന്നത്. മുഴുവൻ സംസ്ഥാനത്തിനുമായി ഒരു ലൈസൻസും ഒരു ലെവിയും മാത്രമെ ഇനി ഉണ്ടായിരിക്കുകയുള്ളൂ. വില നിശ്ചയിക്കുന്നത് ഇലക്ട്രോണിക് ലേലം വഴിയായിരിക്കും. ഇതിലൂടെ സംസ്ഥാനം മുഴുവൻ ഒരൊറ്റ വിപണിയായി മാറും. ഇതോടെ സംസ്ഥാനത്തെമ്പാടും ചിന്നി ചിതറി കിടക്കുന്ന ചെറു വിപണികൾ അപ്രത്യക്ഷമാകും. ഈ സാമ്പത്തിക വർഷം 250 മൻഡികളും 2016 -17 ൽ 200 മൻഡികളും 2017 -18ൽ ബാക്കി 135 മൻഡികളും ഈ പദ്ധതിക്കു കീഴിൽ കൊണ്ടുവരിക എന്നതാണ് ഗവൺമെന്റ് ലക്ഷ്യമിടുന്നത്. ദേശീയ കാർഷിക വിപണിയുടെ പ്രവർത്തനം പൂർണ തോതിൽ ആരംഭിക്കുന്നതോടെ സംസ്ഥാനത്തിനകത്തുള്ള കാർഷികോത്പ്പന്നങ്ങളുടെ കൈമാറ്റം തുടങ്ങും. സംസ്ഥാന തലത്തിലും ദേശീയ തലത്തിലുമുള്ള വിപണികളിലെ വില ഏകീകൃതമാകയാൽ കൃഷിക്കാർക്ക് അവരുടെ ഉത്പ്പന്നങ്ങൾക്ക് മെച്ചപ്പെട്ട വില ലഭിക്കും. വിതരണ ശൃംഖല വിപുലമാകും, ഉത്പ്പന്നങ്ങൾ ഉപയോഗശൂന്യമായി പോകുന്നത് ഗണ്യമായി കുറയും. പൊതുവായ ഇ- മാർക്കറ്റിങ്

പ്ലാറ്റ്ഫോമിലൂടെ ഏകീകൃത ദേശീയ വിപണി രാജ്യത്ത് പ്രവർത്തന ക്ഷമമാകും. കൃഷിക്കാരുടെയും വിപണിയുടെയും ഇടയിൽ പ്രവർത്തിച്ച് കൊള്ളലാഭം കൊയ്തിരുന്ന ഇടനിലക്കാരെ കൊണ്ടുള്ള പ്രശ്നം ഇതോടെ അവസാനിക്കും. കർണാടകത്തിൽ ഇത് പ്രാവർത്തികമായി കഴിഞ്ഞു. കർണാടക ഗവൺമെന്റിന്റെ രാഷ്ട്രിയ ഇ-മാർക്കറ്റ്സ് സർവീസസ്(ആർഇഎംഎസ്) ലിമിറ്റഡ് എന്ന ജെവി കമ്പനി, സംസ്ഥാനത്തെ പ്രധാനപ്പെട്ട 155 വിപണികളിൽ 55 എണ്ണത്തെ ഏകോപിപ്പിച്ച് ഒറ്റ ലൈസൻസിനു കീഴിലാക്കി. 2014 -15 സാമ്പത്തിക സർവെയിൽ ഇതിനെ മാതൃകാ ദേശീയ കാർഷിക വിപണിയായി പരാമർശിക്കുകയും കേന്ദ്ര കൃഷി മന്ത്രി രാധാ മോഹൻ സിംങ് രാജ്യത്തെ 23 സംസ്ഥാന കൃഷി മന്ത്രിമാരുടെയും യോഗത്തിൽ ചൂണ്ടിക്കാണിക്കുകയും ചെയ്തു.

ബജറ്റിൽ 156 കോടി രൂപയാണ് ഈ പദ്ധതിക്കായി വകയിരുത്തിയിട്ടുള്ളത്. ഇതിൽ 56 കോടി രാജ്യമെമ്പാടും സഞ്ചരിക്കുന്ന 100 ആധുനിക മണ്ണു പരിശോധനാ ശാലകൾ പ്രവർത്തന ക്ഷമമാക്കുന്നതിനായി ചെലവഴിക്കുകയും ചെയ്തു. രാജ്യവ്യാപകമായി ഗവൺമെന്റ് നടപ്പാക്കാൻ ഉദ്ദേശിക്കുന്ന മണ്ണിന്റെ ആരോഗ്യ കാർഡ് പദ്ധതി ഇക്കഴിഞ്ഞ ഫെബ്രുവരി 19 ന് രാജസ്ഥാനിലെ സൂററ്റ് ഗർഹിൽ പ്രധാനമന്ത്രി നരേന്ദ്രമോദി ഉദ്ഘാടനം ചെയ്യുകയുണ്ടായി. രാജ്യത്തെ ദാരിദ്ര്യ നിർമ്മാർജ്ജനത്തിനുള്ള ഉപകരണമായിട്ടാണ് തന്റെ ഗവൺമെന്റ് കൃഷിയെ കാണുന്നതെന്ന് തദവസരത്തിൽ പ്രധാനമന്ത്രി വ്യക്തമാക്കുകയുണ്ടായി. ഈ ദിശയിലുള്ള മുന്നേറ്റത്തിനായി നടപ്പു വർഷത്തെ ബജറ്റിൽ 200 കോടിയാണ് നീക്കി വച്ചിട്ടുള്ളത് എന്നും അദ്ദേഹം പറഞ്ഞു.

രാജ്യത്ത് ചില സംസ്ഥാനങ്ങളിൽ ഈ ആരോഗ്യ കാർഡ് പദ്ധതി ഇതിനോടകം ആരംഭിച്ചിട്ടുണ്ടെങ്കിലും ദേശീയ പ്രസ്ഥാനമായി ഇത് ഏറ്റെടുക്കപ്പെട്ടിട്ടില്ല. കാർഷിക മേഖലയിൽ സുസ്ഥിരവികസനം ഉറപ്പാക്കുന്നതിനുള്ള ശ്ലാഘനീയ പദ്ധതിയാണിത്. കൃഷിയിടങ്ങളിൽ നിന്നു ശേഖരിക്കുന്ന മണ്ണു സാമ്പിളുകൾ പരിശോധനാ ശാലകളിൽ എത്തിക്കുന്നു. പരിശോധനകൾക്കു ശേഷം കർഷകർക്ക് ആശുപത്രിയിൽ നിന്നു നല്കുന്നതു പോലുള്ള ഒരു ആരോഗ്യ കാർഡ് ലഭിക്കുന്നു. അദ്ദേഹത്തിന്റെ കൃഷിയിടത്തിൽ നിന്നു പരിശോധിച്ച മണ്ണിലുള്ള എല്ലാ ഘടകങ്ങളും, അതിന്റെ കുറവുകളും കാർഡിൽ രേഖപ്പെടുത്തിയിരിക്കും. നേരത്തെ വെറുതെ കുറെ വളങ്ങൾ കണ്ണുമടച്ച് മണ്ണിലേയ്ക്ക് വലിച്ചെറിയുന്ന ഏർപ്പാടാണ് ഉണ്ടായിരുന്നത്. എന്നാൽ മണ്ണുപരിശോധനയുടെ അടിസ്ഥാനത്തിൽ തന്റെ കൃഷിയിടത്തിലെ മണ്ണിന് യഥാർത്ഥത്തിൽ ആവശ്യമുള്ള വളങ്ങൾ ഏതെന്ന് കൃഷിക്കാരന് കണ്ടെത്താം. അതുവഴി കൃഷി ചെലവ് ഗണ്യമായി കുറയ്ക്കാം എന്നു മാത്രമല്ല, മണ്ണിന്റെ ആരോഗ്യം സംരക്ഷിക്കുയും ചെയ്യാം. തന്റെ കൃഷിയിടത്തിലെ മണ്ണിനു യോജിച്ച വിള ഏതെന്നു നിശ്ചയിക്കാൻ പോലും ഈ മണ്ണു പരിശോധനയിലൂടെ കൃഷിക്കാരനു സാധിക്കുന്നു.

**2. പ്രധാനമന്ത്രിയുടെ കൃഷി സിഞ്ചായി യോജന:** രാജ്യത്തെ ഓരോ കൃഷിക്കാരന്റെയും കൃഷിയിടത്തിൽ ജലസേചന സൗകര്യം ലഭ്യമാക്കുക, ജലത്തിന്റെ ഉപയോഗം ഫലപ്രദമാക്കുക തുടങ്ങിയ ലക്ഷ്യങ്ങളോടെ 2015 -16 ബജറ്റിൽ 5300 കോടി രൂപ ഗവൺമെന്റ് നീക്കി വച്ചിട്ടുണ്ട്. ചെറുകിട ജലസേചന പദ്ധതികൾ, നീർമറി വികസനം എന്നിവയ്ക്കുവേണ്ടിയാണ് പ്രധാനമന്ത്രിയുടെ കൃഷി സിഞ്ചായി യോജന. കഴിഞ്ഞ വർഷം ജലസേചനം, നീർമറി വികസനം എന്നീ പദ്ധതികൾക്കായി 5623 കോടിയാണ് നീക്കി വച്ചത്. പ്രഥമ ബജറ്റിൽ തന്നെ ധനമന്ത്രി ജെയ്റ്റ്ലി 1000 കോടി ഇതിനായി മാറ്റി വച്ചു. പക്ഷെ പദ്ധതി തുടങ്ങാൻ സാധിച്ചില്ല. ജൂലൈ 2-നു പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ അധ്യക്ഷതയിൽ നടന്ന യോഗം പദ്ധതിക്ക് അംഗീകരം നല്കുകയും അടുത്ത അഞ്ചു വർഷത്തേയ്ക്ക് ( 2015 -2020 വരെ) 50,000 കോടി വകയിരുത്തുകയും ചെയ്തു.

രാജ്യത്ത് ആവശ്യമുള്ള ഭക്ഷ്യധാന്യത്തിൽ 56 ശതമാനവും ജലസേചനത്തിലൂടെയാണ് ഉത്പാദിപ്പിക്കുന്നത് എങ്കിലും ജലസേചന സൗകര്യമുള്ളത് 40.5 ശതമാനം ഭക്ഷ്യധാന്യ കൃഷിയിടങ്ങളിൽ മാത്രമാണ് എന്നത് ഈ പദ്ധതിയുടെ പ്രാധാ

ന്യത്തെ സൂചിപ്പിക്കുന്നു. മുമ്പ് ഭരിച്ചിരുന്ന ഗവൺമെന്റുകൾ ഇക്കാര്യം തികച്ചും അവഗണിക്കുകയായിരുന്നു. തന്മൂലം 2000 മുതൽ 2012 വരെ രാജ്യത്ത് കൂടുതലായി ജലസേചന സൗകര്യം എത്തിക്കാൻ സാധിച്ചത് വെറും 5.8 ശതമാനം കൃഷിയിടങ്ങളിൽ മാത്രമാണ്. ഔദ്യോഗിക കണക്കുകൾ പ്രകാരം രാജ്യത്ത് ഇപ്പോഴും 46.34 ശതമാനം കൃഷിയിടങ്ങളിൽ മാത്രമാണ് ജലസേചന സൗകര്യമുള്ളത്. (സ്രോതസ്: ആസൂത്രണ കമ്മിഷൻ).

കഴിഞ്ഞ പദ്ധതികളിൽ സംസ്ഥാനങ്ങൾ ജലസേചനത്തിന് അനുവദിച്ച വിഹിതം താഴെ:

| | |
|---|---|
| 5-ാം പദ്ധതി (1974-78) | 23.25% |
| 6-ാം പദ്ധതി (1980-85) | 20.85% |
| 7-ാം പദ്ധതി (1985-90) | 11.85% |
| 8-ാം പദ്ധതി (1992-97) | 18.48% |
| 9-ാം പദ്ധതി (1997-02) | 14.93% |
| (സ്രോതസ്: ആസൂത്രണ കമ്മിഷൻ). | |

ഒരു കുടക്കീഴിൽ മൂന്ന് ജലസേചന പദ്ധതികൾ ഏകോപിപ്പിച്ചുകൊണ്ട് ജലസേചനത്തിനുള്ള സാമ്പത്തിക ചെലവുകൾ വികേന്ദ്രീകരിക്കുക എന്നതാണ് ഈ പദ്ധതിയുടെ പ്രത്യേകത. ജലസേചന പദ്ധതികളുടെ നിർമ്മാണം, ജല വിനിയോഗം, പുനരുപയോഗം എന്നിവ നടത്തുന്ന വകുപ്പുകൾ, മന്ത്രാലയങ്ങൾ, വിവിധ ഏജൻസികൾ, ധനകാര്യ സ്ഥാപനങ്ങൾ എന്നിവയെ ഒരുമിച്ചു കൊണ്ടു വന്ന് പൊതുവായ ഒരു ജലചക്രം എന്ന സംവിധാനത്തിൽ വീടുകൾ, കൃഷി, വ്യവസായം എന്നിവയ്ക്ക് എല്ലാം കൃത്യമായി ലഭ്യമാക്കുക എന്നതാണ് പദ്ധതി കൊണ്ട് ഉദ്ദേശിക്കുന്നത്. സ്വാഭാവികമായും ഒരു സുസ്ഥിര ജല സംരക്ഷണ- ജലസേചന മാതൃക ഈ പദ്ധതിയുലൂടെ നടപ്പാക്കാൻ സാധിക്കും. അതിലൂടെ സാമൂഹിക വികസനം ഉറപ്പാക്കാനും കഴിയും.

പ്രധാനമന്ത്രിയുടെ വിഹിതം കൂടാതെ ഈ പദ്ധതിയുമായി ബന്ധപ്പെട്ട് നബാർഡ് അടുത്ത മൂന്നു വർഷത്തേയ്ക്ക് 30,000 കോടി രൂപ കൃഷിക്കാർക്ക് വായ്പയായി നൽകുന്നുണ്ട്. ഈ വർഷം 1000 കോടി അനുവദിച്ചു കഴിഞ്ഞു.

**3. വിലസ്ഥിരത:** ഉള്ളിയുടെയും ഉരുളക്കിഴങ്ങിന്റെയും വിലകളിൽ സംഭവിക്കുന്ന വൻ വ്യതിയാനങ്ങൾ കഴിഞ്ഞ കുറെ വർഷങ്ങളായി കൃഷിക്കാരെ അലട്ടുന്ന പ്രശ്നമാണ്. പ്രധാന കാരണം പെട്ടെന്നു കേടാകുന്നതാണ് ഈ പച്ചക്കറികൾ എന്നതത്രേ. മാത്രവുമല്ല വേണ്ടത്ര സംഭരണ സംവിധാനങ്ങളുടെ അപര്യാപ്തത മൂലം ഇടനിലക്കാർ ഈ അവസ്ഥ ചൂഷണം ചെയ്ത് കൊള്ള ലാഭം നേടുകയും ചെയ്യുന്നു. ഒരു വശത്ത് കൃഷിക്കാർ കിട്ടുന്ന വിലയ്ക്ക് ഇവ വിൽക്കാൻ നിർബന്ധിതരാകുമ്പോൾ മറുവശത്ത് ഇടനിലക്കാർ വൻ ലാഭം ഉണ്ടാക്കുന്നു. ഇതാണ് സംഭവിക്കുന്നത്. ഇതു നിയന്ത്രിക്കാൻ മോദി ഗവൺമെന്റ് 500 കോടി രൂപയുടെ ഒരു നിധി സ്വരൂപിച്ചു കൊണ്ട് കാർഷിക മേഖലയിൽ വിലസ്ഥിരതാ ഫണ്ട് സ്ഥാപിച്ചിരിക്കുകയാണ്. ഇനിമുതൽ പെട്ടെന്നു കേടാകുന്ന കാർഷികോത്പ്പന്നങ്ങൾ ഈ ഫണ്ടിനു കീഴിലാക്കും. ന്യായമായ വിലയ്ക്ക് കൃഷിയിടങ്ങളിൽ നിന്ന് ഈ ഉത്പ്പന്നങ്ങൾ നേരിട്ട് വാങ്ങി സംഭരിക്കുകയും ഉപഭോക്ത്താക്കൾക്ക് വിതരണം ചെയ്യുകയുമാണ് പദ്ധതി കൊണ്ട് വിഭാവനം ചെയ്യുന്നത് എന്ന് ഗവൺമെന്റ് വൃത്തങ്ങൾ സൂചിപ്പിച്ചു.

കേന്ദ്ര കൃഷി മന്ത്രാലയത്തിനു കീഴിൽ സ്മോൾ ഫാർമേഴ്സ് അഗ്രി ബിസിനസ് കൺസോർഷ്യം എന്ന ഒരു വകുപ്പ് ഇതിനായി പ്രവർത്തിക്കുന്നുണ്ട്. രാജ്യത്തുടനീളം കർഷകരുടെ ഉത്പാദക സംഘങ്ങൾ രൂപീകരിക്കുന്നതിനായി 2014 ൽ ദില്ലി കിസാൻ മൻഡി എന്ന ഒരു വിഭാഗം കൂടി ഇതിനു കീഴിൽ സ്ഥാപിച്ചിട്ടുണ്ട്. ഉത്പന്നങ്ങൾ വാങ്ങുന്നവരെ കർഷകരുടെ വീട്ടുപടിക്കൽ നേരിട്ട് എത്തിക്കുക എന്നതാണ് ഇതിന്റെ പ്രവർത്തനം. ആദ്യ പ്രവർത്തന വർഷം തന്നെ വിവിധ കർഷക ഉത്പാദക സംഘങ്ങളിലൂടെ 1000 ടൺ പച്ചക്കറികൾ വിറ്റഴിക്കാൻ ദില്ലി കിസാൻ മൻഡിക്ക് സാധിച്ചു.

**4. കൃഷി വായ്പ:** കൃഷിക്കാർക്ക് ലളിതമായ വ്യവസ്ഥകളിൽ വായ്പ ലഭ്യമാക്കുക എന്നത് എക്കാലത്തും ഗവൺമെന്റുകളുടെ തലവേദനയായിരുന്നു. പ്രാദേശിക പണമിടപാടു സ്ഥാപനങ്ങളിൽ നിന്ന് എടുത്ത വായ്പ തിരിച്ചടയ്ക്കാൻ നിവൃത്തി

യില്ലാതെ കൃഷിക്കാർ ആത്മഹത്യ ചെയ്യുന്ന സംഭവങ്ങൾ നാം സ്ഥിരം കേൾക്കുന്നുണ്ട്. ഈ സാമ്പത്തിക യാഥാർത്ഥ്യങ്ങളുടെ പശ്ചാത്തലത്തിലാണ് കേന്ദ്ര ഗവൺമെന്റ് കാർഷിക മേഖലയുടെ വിഹിതം 50000 കോടിയിൽ നിന്ന് 8.5 ലക്ഷം കോടിയായി ഉയർത്തിയിരിക്കുന്നത്.

**5.ഡിഡി കിസാൻ:** കാർഷിക മേഖലാ വാർത്തകളും വിവിധ വിപണി സാധ്യതകൾ സംബന്ധിച്ച വിവരങ്ങളും കാലാവസ്ഥാ പ്രവചനങ്ങളും കൃത്യമായി കർഷകരിൽ എത്തിക്കുന്നതിനായി ഗവൺമെന്റ് കൃഷിക്കാർക്കാരെ മാത്രം ഉദ്ദേശിച്ച് ദൂർദർശന്റെ കീഴിൽ ആരംഭിച്ച പ്രത്യേക ചാനൽ ഡിഡി കിസാൻ ആണ്.

**6. കൃഷി ഇൻഷുറൻസ്:** കൃഷിക്കാരുടെ വായ്പ ഉൾപ്പെടെയുള്ള എല്ലാ മൂലധനത്തെയും സംരക്ഷിക്കുക എന്ന ലക്ഷ്യത്തോടെ കേന്ദ്രഗവൺമെന്റ് പുതിയ ഒരു ഇൻഷുറൻസ് പദ്ധതി നടപ്പാക്കുമെന്ന് ധനമന്ത്രി അരുൺ ജെയ്റ്റ്ലി ജൂലൈ 12 ന് പ്രഖ്യാപിക്കുകയുണ്ടായി. പഴയ ഇൻഷുറൻസ് പദ്ധതികളുടെ ചരിത്രം പരിശോധിച്ചാൽ ഇത് ഗവൺമെന്റിന് ഒരു വലിയ വെല്ലുവിളി തന്നെയാണ്. കുറഞ്ഞ പക്ഷം കൃഷിക്കാരുടെ അടിസ്ഥാന മുതൽ മുടക്കിനെയെങ്കിലും പ്രകൃതി ദുരന്ത ആകസ്മികതകളിൽ നിന്ന് പരിരക്ഷ നല്കുന്ന തരത്തിലുള്ള ഒരു പദ്ധതിയാണ് വിഭാവനം ചെയ്യുന്നത് എന്നു മന്ത്രി സൂചിപ്പിച്ചു. ശക്തമായ ഒരു വായ്പാ പദ്ധതി കൃഷിക്കാർക്കായി സ്ഥാപിക്കാൻ സാധിച്ചാൽ ഗ്രാമീണ ഇന്ത്യയിൽ അത് സാമൂഹ്യ സുരക്ഷ ഉറപ്പാക്കും.

**7. സംഭരണശാലകൾ:** കാർഷിക മേഖലയിൽ ഫലപ്രദമായ സംഭരണ സംവിധാനങ്ങൾ സ്ഥാപിക്കുന്നതിനായി മോദി ഗവൺമെന്റ് ആദ്യ ബജറ്റിൽ 5000 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. 2013 ൽ ഇൻസ്റ്റിറ്റ്യൂഷൻ ഓഫ് മെക്കാനിക്കൽ എൻജിനിയേഴ്സ് പ്രസിദ്ധീകരിച്ച ഒരു റിപ്പോർട്ടു പ്രകാരം ഇന്ത്യയിൽ പ്രതിവർഷം 2.1 കോടി ടൺ ഗോതമ്പ് വേണ്ടത്ര സംഭരണ സൗകര്യങ്ങളില്ലാത്തതിനാൽ നശിച്ചു പോകുന്നുണ്ടത്രേ. ഈ ഇനത്തിൽ നശിക്കുന്നത് ദേശീയ ഉത്പാദനത്തിലെ 40 ശതമാനം പഴങ്ങളും പച്ചക്കറികളുമാണ്. അതായത് പ്രതിവർഷം ഏകദേശം 44000 കോടിയുടെ ഭക്ഷ്യവസ്തുക്കൾ ഇന്ത്യയിൽ ഇങ്ങനെ ഉപയോഗ ശൂന്യമായി പോകുന്നു. ഇതിന്റെ വെളിച്ചത്തിൽ നബാർഡ് ഈ വർഷം 9.23 ലക്ഷം ടൺ സംഭരണ ശേഷിയുള്ള ശാസ്ത്രീയ ഗോഡൗണുകൾ നിർമ്മിക്കാൻ ഉദ്ദേശിക്കുന്നു. ഈ വർഷം 47,756.43 കോടി രൂപ വാർഷിക ബാങ്ക് കാർഷിക മേഖലയിൽ വായ്പ ലഭ്യമാക്കും. ഇത് ജലസേചനം, ഭൂവികസനം, യന്ത്രവത്ക്കരണം, ക്ഷീരവികസനം,കോഴിവളർത്തൽ, മത്സ്യകൃഷി, ഗോഡൗൺ നിർമ്മാണം, വിപണി, പാരമ്പര്യേതര ഊർജ്ജം, മാലിന്യ നിർമ്മാർജ്ജനം എന്നീ മേഖലകളിലാണ്.

കാർഷിക മേഖലയ്ക്കു നഷ്ടപ്പെട്ട പ്രതാപം, കഴിഞ്ഞ വർഷം ആരംഭിച്ചിരിക്കുന്ന ഈ പദ്ധതികൾ വഴി തിരികെ ലഭ്യമാക്കാനാവും എന്നു പ്രതീക്ഷിക്കാം. ഈ പദ്ധതികൾ കൂടാതെ രാജ്യത്തെ ഊർജ്ജ മേഖലയിലും ഗവൺമെന്റ് വൻ പരിഷ്കാരങ്ങളാണ് ലക്ഷ്യമിടുന്നത്. ഇതും ഗ്രാമീണ ഇന്ത്യയെ വൻ വികസനത്തിലേയ്ക്ക് നയിക്കും. വിവിധ നാഷണൽ സാമ്പിൾ സർവെ ഓഫീസുകളും അടുത്ത കാലത്തെ സാമൂഹിക സാമ്പത്തിക ജാതി സർവെയും പരസ്യമായി പറഞ്ഞിരിക്കുന്നത് രാജ്യത്ത് കൃഷിക്കാരുടെ സംഖ്യ കുറയുന്നത് പുരോഗതിയുടെ ലക്ഷണമായി കണക്കാക്കാം എന്നാണ്. രാജ്യത്ത് ഇന്ന് കൃഷി ഓരോ കുടുംബത്തിനും ബാധ്യതയായി മാറുന്നു. ഗ്രാമങ്ങളിലെ ചെറുപ്പക്കാർ തൊഴിൽ തേടി നഗരങ്ങളിലേയ്ക്ക് ഓടിപ്പോകുകയും അവിടെ ചേരികളിലെ ജനസംഖ്യയും പ്രശ്നങ്ങളും വർധിക്കുകയും ചെയ്യുന്നു. എൻഡിഎ ഗവൺമെന്റ് വിഭാവനം ചെയ്തിരിക്കുന്ന ഈ ക്ഷേമ പദ്ധതികൾ വിജയിച്ചാൽ ഈ പ്രവണത നേർ വിപരീതമാകും. അതോടെ സമഗ്ര വികസനം സുസ്ഥിര പഥത്തിൽ എത്തുകയും ചെയ്യും.

**(പ്രമുഖ ധനകാര്യ-വികസനാത്മക പത്രപ്രവർത്തകനാണ് ലേഖകൻ)**

# ഇന്ത്യയുടെ വളർച്ച സമഗ്രമോ? താത്വിക സങ്കല്പങ്ങളും തെളിവുകളും

ശ്രീപാദ് മോത്തിറാം

**തൊ**ണ്ണൂറുകൾ മുതൽ ആരെയും ആകർഷിക്കുന്ന തരത്തിലായിരുന്നു ഇന്ത്യയുടെ സാമ്പത്തിക വളർച്ച. ഏറ്റവും പുതിയ സാമ്പത്തിക സർവെ പ്രകാരം ഇന്ത്യയുടെ യഥാർത്ഥ മൊത്ത ദേശീയ വരുമാന വളർച്ചയുടെ വാർഷിക ശരാശരി നിരക്കുകൾ പതിനൊന്ന്,പത്ത്,ഒൻപത് എന്നീ പഞ്ചവത്സര പദ്ധതികളിൽ യഥാക്രമം 7.8% (2007 –12), 7.6% (2002 –07), 5.6%(1997 –2002) എന്നിങ്ങനെയായിരുന്നു. ഈ വളർച്ചാ നിരക്കുകൾ അന്താരാഷ്ട്ര വളർച്ചാ മാനദണ്ഡപ്രകാരവും ഇന്ത്യയുടെ കഴിഞ്ഞ കാല വളർച്ചാ മാനദണ്ഡപ്രകാരവും പ്രത്യേകം ശ്രദ്ധേയമാണ്. എന്നാൽ പല നിരീക്ഷകരെയും അമ്പരപ്പിച്ച വസ്തുത ഇന്ത്യൻ സമൂഹത്തിലെ പാവപ്പെട്ടവരിലും പാർശ്വവത്ക്കരിക്കപ്പെട്ടവരിലും ഈ വളർച്ച എന്ത് സ്വാധീനം ചെലുത്തി എന്നതാണ്. ഈ ആശങ്കയാണ് സമഗ്രം, സമഗ്രത, സമഗ്രവളർച്ച (inclusive growth) എന്നീ ആശയങ്ങളായി സ്ഫടികവത്ക്കരിക്കപ്പെടുകയും അക്കാദമിക, നയരൂപീകരണ ചർച്ചകളിൽ വളരെയധികം ചർച്ച ചെയ്യപ്പെടുകയും ചെയ്തു വരുന്നത്.

ആസൂത്രണ കമ്മിഷൻ പന്ത്രണ്ടാം പഞ്ചവത്സര പദ്ധതിയിൽ വളരെ ശക്തിയായി ചൂണ്ടിക്കാണിച്ചിട്ടുള്ളത് സമഗ്ര വളർച്ചയുടെ ആവശ്യകതയാണ്. ആസൂത്രണ കമ്മിഷന്റെ നിരീക്ഷണമനുസരിച്ച് ദാരിദ്ര്യ ലഘൂകരണം, ആരോഗ്യ പുരോഗതി, കുട്ടികളുടെ സ്കൂൾ പഠനം, ഉന്നതവിദ്യാഭ്യാസ സൗകര്യങ്ങൾ, ശേഷി വികസനം എന്നീ മേഖലകളിൽ പ്രതിഫലിക്കുന്ന സത്ഫലങ്ങളാണ് സമഗ്രവളർച്ച. കൂടാതെ മെച്ചപ്പെട്ട തൊഴിൽവേതനം, ഉപജീവനം എന്നിവയും അടിസ്ഥാന സൗകര്യങ്ങളായ കുടിവെള്ളം, വീട്, ശുചിമുറി, വൈദ്യുതി, റോഡുകൾ തുടങ്ങിയവയും പൗരന്മാർക്ക് ലഭ്യമാക്കണം. പ്രത്യേകിച്ച് പട്ടികജാതി പട്ടിക വർഗ്ഗ വിഭാഗങ്ങളുടെയും മറ്റ് പിന്നോക്ക വിഭാഗങ്ങളുടെയും കാര്യങ്ങളിൽ കൂടുതൽ ശ്രദ്ധയും ഉണ്ടാകണം.

സമഗ്ര വളർച്ച വിശാലവും അവ്യക്തവുമായ ആശയമാണ്. എന്നാൽ സമഗ്ര വളർച്ച എന്ന ഈ സങ്കല്പം പല ആളുകളും പല വിധത്തിലാണ് മനസിലാക്കിയിട്ടുള്ളത്. അടുത്ത കാലത്തായി ഈ വിഷയത്തെ കുറിച്ച് അക്കാദമിക തലത്തിൽ കൂടുതൽ പഠനങ്ങൾ നടക്കുന്നുണ്ട്. ശാസ്ത്രീയ അപഗ്രഥനത്തിൽ ഇതുമായി ബന്ധപ്പെട്ട ചില ചോദ്യങ്ങളും ഉയരുന്നു. എന്താണ് സമഗ്ര വളർച്ച? ഇന്ത്യയുടെ വളർച്ച സമഗ്രമാണോ? ഈ ചോദ്യ

ങ്ങൾക്ക് ഉത്തരം കണ്ടെത്താനുള്ള ശ്രമമാണ് തുടർന്നു നടത്തുന്ന ചർച്ച. രണ്ടാമത്തെ ചോദ്യത്തിനുള്ള ഉത്തരം നിഷേധാത്മകമാണ്. അതായത് വളർച്ച സമഗ്രമല്ല എന്നു തന്നെ. അതിനുള്ള കാരണങ്ങൾ ചുവടെ പ്രതിപാദിക്കുന്നു.

**എന്താണ് സമഗ്ര വളർച്ച?**

മുമ്പ് സൂചിപ്പിച്ചതു പോലെ പല തരത്തിലാണ് സമഗ്രതയെ മനസിലാക്കിയിരിക്കുന്നത്. ചില പണ്ഡിതർ ഊന്നൽ കൊടുത്തിരിക്കുന്നത് ദാരിദ്ര്യ നിർമ്മാർജ്ജന നിരക്കിലാണ്. സമഗ്ര വളർച്ചയ്ക്കു തെളിവായി ദാരിദ്ര്യ ലഘൂകരണ തീവ്രത കൂടുതലായി കാണാനുമുണ്ട്. സത്യത്തിൽ ആവശ്യമുള്ളതിനും ഇല്ലാത്തതിനുമെല്ലാം ദാരിദ്ര്യ ലഘൂകരണ നിരക്ക് പരിശോധിക്കുക എന്നത് ഇന്ത്യയിലെ പണ്ഡിതരുടെയും നയ രൂപകർത്താക്കളുടെയും ഒരു സ്ഥിരം പരിപാടിയാണ്. അതു വച്ച് ഈ പ്രക്രിയയുടെ അനിവാര്യത വിശദമായി പ്രതിപാദിക്കേണ്ടതുണ്ട്. ഓരോ അഞ്ചു വർഷം കൂടുമ്പോഴും ദേശീയ സാമ്പിൾ സർവെ ഓർഗനൈസേഷൻ നടത്തുന്ന രാജ്യത്തെ ഉപഭോഗ ചെലവ് സംബന്ധിച്ച സർവെകളും ഔദ്യോഗിക ദാരിദ്ര്യ രേഖയും ഉപയോഗിച്ച് ദാരിദ്ര്യത്തിന്റെ തോത് കൃത്യമായി അളക്കപ്പെടുന്നുണ്ട്. വരുമാനത്തെ കുറിച്ച് വിശ്വസനീയമായ വിവരങ്ങൾ ലഭിക്കാതെ വരുമ്പോൾ പകരം ഉപയോഗിക്കുക ചെലവാണ്. ഹെഡ് കൗണ്ട് റേറ്റ് അഥവ പ്രതി ശീർഷ നിരക്ക് (എച്ച് സി ആർ) ആണ് ദാരിദ്ര്യം അളക്കുന്നതിന് ഏറ്റവുമധികം ഉപയോഗിക്കുന്നത്. ദാരിദ്ര്യ രേഖയ്ക്കു താഴെയുള്ള വ്യക്തികളുടെ ശതമാന കണക്കാണ് അത്. ദേശീയ സാമ്പിൾ സർവെ ഓർഗനൈസേഷന്റെ ഏറ്റവും പുതിയ കണക്കുകൾ 2011 -12 സാമ്പത്തിക വർഷത്തേതാണ്. 2009-10ൽ നടത്തിയ കണക്കെടുപ്പിനു ശേഷം രണ്ടു വർഷം കഴിഞ്ഞപ്പോൾ അഞ്ച് വർഷം എന്ന കീഴ്വഴക്കം ലംഘിച്ചുകൊണ്ട് അവർ വീണ്ടും സർവെ നടത്തി. ഈ വിവരങ്ങളാണ് ആസൂത്രണ കമ്മിഷൻ പുരോഗതി സൂചിപ്പിക്കാനായി ഉപയോഗിച്ചിരിക്കുന്നത് - അതിനാൽ ഇങ്ങനെ ഉപസംഹരിക്കാം, 2004-05 മുതൽ 2011-12 വരെയുള്ള കഴിഞ്ഞ ഏഴു വർഷത്തെ ദാരിദ്ര്യ ലഘൂകരണ നിരക്ക് അതിനു മുമ്പുള്ള 1993-94 മുതൽ 2004-05 വരെയുള്ള 11 വർഷക്കാലയളവിനെ അപേക്ഷിച്ച് മൂന്നു മടങ്ങാണ് (ആസൂത്രണ കമ്മിഷൻ 2013).

ഈ സമീപനം വളരെ ലളിതവും വിശദീകരണാത്മകവുമാണ്. പക്ഷെ അവ കൃത്രിമമെന്ന് തോന്നത്തക്ക രീതിയിൽ കുറവും സാധൂകരിക്കാൻ കഴിയാത്ത ഒരു രീതിശാസ്ത്രത്തെ അടിസ്ഥാനമാക്കിയുള്ളതുമാണ്. ഔദ്യോഗിക ദാരിദ്ര്യ രേഖസംബന്ധിച്ച് ഇക്കണോമിക്സ് ആൻഡ് പൊളിറ്റിക്കൽ വീക്ക്‌ലിയിലെ പല വിമർശനങ്ങളും ഇതിനു തെളിവാണ്. യുക്തിസഹവും സ്വതന്ത്രവുമായ ഏത് ദാരിദ്ര്യ രേഖക്കും ചേർന്ന വിലയിരുത്തൽ സമീപനമായിരുന്നു ഇവിടെ സ്വീകരിക്കേണ്ടിയിരുന്നത്. അല്ലാതെ ഒരു പ്രത്യേക ദാരിദ്ര്യരേഖയെ അടിസ്ഥാനമാക്കിയല്ല. സാമ്പത്തിക ശാസ്ത്രത്തിൽ അത്തരം ഒരു സമീപനം നിലവിലുണ്ട്. അടുത്ത നാളിൽ നടത്തിയ ഒരു പഠനത്തിൽ ഇതും ദേശീയ സാമ്പിൾ സർവെ ഓർഗനൈസേഷന്റെ ഉപഭോഗ ചെലവ് സർവെകളും സമഗ്രതയെ വിലയിരുത്താൻ ഉപയോഗിച്ചിട്ടുണ്ട്. ദരിദ്രരുടെ വരുമാനം നിശ്ചിത നിരക്കിൽ ഉയർന്നിട്ടുണ്ടോ എന്ന അന്വേഷണമാണ് ഇവിടെ നടക്കുന്നത്. സ്വാഭാവികമായും ഇത് സാധാരണക്കാരന്റെ വളരുന്ന വരുമാനത്തിന്റെ നിരക്കായിരിക്കും.

രാജ്യത്ത് 2004 - 05 മുതൽ 2011 -12 വരെയുള്ള കാലഘട്ടത്തിൽ ഗ്രാമങ്ങളിൽ സാധാരണക്കാരന്റെ ചെലവ് 22% വും നഗരങ്ങളിൽ 27 % വും വർധിച്ചു. ചെലവാണ് ഇവിടെ വരുമാനത്തിനു പകരം കണക്കാക്കിയിരിക്കുന്നത്. ഈ കാലത്ത് നഗരങ്ങളിലും ഗ്രാമങ്ങളിലും പാവങ്ങളുടെ ചെലവഴിക്കലിൽ നാമമാത്രമായ വർധനവാണ് രേഖപ്പെടുത്തിയത്. ഉദാഹരണത്തിന് ഗ്രാമങ്ങളിൽ താഴ്ന്ന വരുമാനക്കാരനായ ഒരാളുടെ ചെലവ് 20.3 ശതമാനം ഉയർന്നപ്പോൾ നഗരത്തിൽ 24.5 ശതമാനമായിരുന്നു. ഇത് സാധാരണക്കാരുടെ വളർച്ചാ നിരക്കിനെക്കാൾ താഴെയായിരുന്നു. (ഗ്രാമങ്ങളിൽ 22% വും നഗരങ്ങളിൽ 27% വും ). അതേ സമയം ഉയർന്ന വരുമാനക്കാരിൽ വളർച്ചാനിരക്ക് കൂടു

തലായിരുന്നു( ഗ്രാമങ്ങളിൽ 23.1% വും നഗരങ്ങളിൽ 29.1% വും). രാജ്യത്തെ ആനുകൂല്യങ്ങളൊന്നും ലഭിക്കാത്ത പട്ടിക ജാതി-പട്ടിക വർഗ്ഗ ഇതര പിന്നോക്ക വിഭാഗങ്ങൾ, കർഷക തൊഴിലാളികൾ, ചെറുകിട, പരിമിത കർഷകർ, നഗരത്തിലെ കൂലി തൊഴിലാളികൾ എന്നിവരുടെ സാമ്പത്തിക വളർച്ചാ നിരക്കും സമഗ്രമല്ല എന്ന് അതേ മാനദണ്ഡം വച്ച് ഈ പഠനം കണ്ടെത്തി. മറ്റു പല പണ്ഡിതരും വിവിധ സമീപനങ്ങളിലൂടെ ഇതേ നിഗമനത്തിൽ എത്തി ചേർന്നിട്ടുണ്ട്. ഇതിൽ ചിലത് ഇവിടെ വിശദീകരിക്കാം.

സമഗ്രവളർച്ചയെ ആശയവത്ക്കരിക്കാൻ ജയരാജും സുബ്രഹ്മണ്യവും വിവിധ വിഭാഗങ്ങൾക്കിടയിലാണ് ദാരിദ്ര്യ ലഘൂകരണ പഠനം നടത്തിയത്. 1993 - 94 മുതൽ 2009 -10 വരെ ഗ്രാമങ്ങളിൽ ഇവരുടെ വാർഷിക വരുമാന വളർച്ച 1.43 ശതമാനം മാത്രമാണ്. അതേ സമയം ഏറ്റവും കുറഞ്ഞ ഔദ്യോഗിക വരുമാന വളർച്ച പ്രതിവർഷം 2.88 ശതമാനവും. നഗരങ്ങളിൽ ഇത് 1.27 ഉം 4.39 ഉം ആണ്. ഇതേ അപഗ്രഥനം സാമൂഹിക സാമ്പത്തിക വിഭാഗങ്ങളിലും നടത്തി. അവിടെയും സമഗ്രതയുടെ അഭാവമാണ് കണ്ടത്.

**ഉപസംഹാരം**

കഴിഞ്ഞ രണ്ടു ദശാബ്ദമായി രാജ്യത്തെ മൊത്തം ജനങ്ങളുടെയും സാമൂഹികമായി പിന്നാക്കം നിൽക്കുന്നവരുടെയും ശരാശരി വരുമാനം ഉയർന്നിട്ടുണ്ട്. ഔദ്യോഗിക ദാരിദ്ര്യ രേഖ മാനദണ്ഡമാക്കിയുള്ള ദാരിദ്ര്യം കുറഞ്ഞിട്ടുമുണ്ട്. പക്ഷെ, സമഗ്ര വളർച്ച എന്നാൽ ഇതിനുമപ്പുറത്ത് ചില കാര്യങ്ങൾ കൂടി ആവശ്യപ്പെടുന്നുണ്ട്. അതായത് സമഗ്ര വളർച്ചയെ കുറച്ചുകൂടി വിശാലമായി സമീപിക്കുമ്പോൾ ഇന്ത്യയുടെ അവസ്ഥ നിരാശാജനകം തന്നെ. കാരണങ്ങൾ കണ്ടെത്താൻ പ്രയാസമില്ല. പല വിദഗ്ധരും ചൂണ്ടിക്കാട്ടുന്നപോലെ ഇന്ത്യയുടെ കാർഷിക മേഖലയിൽ ശരിയാംവണ്ണം ഉത്പാദനം നടക്കുന്നില്ല. ഇതാണ് ഏറ്റവും ഗുരുതരമായ വർത്തമാന കാല പ്രതിസന്ധി. കാർഷിക മേഖലയിൽ നിന്നും നഗരങ്ങളിലെ തന്നെ അനൗദ്യോഗിക മേഖലകളിൽ നിന്നും നഗരങ്ങളിലേയ്ക്ക് കുടിയേറുന്നവർക്ക് യഥായോഗ്യം തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെടുന്നില്ല. ഇന്ന് ഏറ്റവും തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെടുന്നത് കെട്ടിടനിർമ്മാണ മേഖലയിലാണ് എന്ന് വിവിധ ഗവൺമെന്റ് റിപ്പോർട്ടുകൾ വരെ വ്യക്തമാക്കുന്നു. അതാകട്ടെ കൂടുതലും ഗ്രാമങ്ങളിലും. പക്ഷെ, മൊത്തത്തിൽ ഈ തൊഴിലുകൾ വലിയ പ്രതിഫലം പ്രതീക്ഷിക്കാവുന്നതല്ല. വ്യവസായ മേഖലയുടെ പ്രകടനവും നിരാശാജനകമാണ്. വിദഗ്ധ തൊഴിൽ ആവശ്യമുള്ള വ്യവസായങ്ങളിൽ മാത്രമെ കൂടുതൽ തൊഴിലവസരങ്ങൾ ഉണ്ടാകുന്നുള്ളു. അവ മാത്രമെ സമഗ്രമായി വളർച്ചയും പ്രാപിക്കുന്നുള്ളു. അതിനാൽ മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതി പോലുള്ള ക്ഷേമ പരിപാടികൾ ശക്തിപ്പെടുത്തിക്കൊണ്ട് ഗ്രാമങ്ങളിലെ പാവപ്പെട്ടവരെ രക്ഷിക്കുക എന്നതാണ് ഇപ്പോൾ ചെയ്യാനുള്ളത്. അതിനുമപ്പുറം യുവാക്കളുടെ ശേഷി വികസനത്തിനും കൂടുതൽ തൊഴിലവസര സൃഷ്ടിക്കും ആക്കം കൂട്ടുന്ന നയരൂപീകരണവും ഉണ്ടാകേണ്ടിയിരിക്കുന്നു. സമഗ്ര വളർച്ച ഉണ്ടാകും എന്നു വെറുതെ പ്രതീക്ഷിച്ചതുകൊണ്ട് കാര്യമില്ല. അത് വിപരീത ഫലമായിരിക്കും സൃഷ്ടിക്കുക.

**(മുംബൈയിലെ ഇന്ദിരാഗാന്ധി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡവലപ്മെന്റ് റിസർച്ച് സെന്ററിലെ പ്രൊഫസറാണ് ലേഖകൻ)**

## വികസന പാത

### പ്രധാൻമന്ത്രി കൗശൽ വികാസ് യോജന


ഇന്ത്യാ ഗവൺമെന്റിന്റെ പ്രവർത്തന ശേഷി വികസന പരിശീലനവുമായി ബന്ധപ്പെട്ട പതാകാനൗക പദ്ധതിയാണ്പ്രധാൻമന്ത്രി കൗശൽ വികാസ് യോജന. പരിശീലനത്തിനു ശേഷം ലഭിക്കുന്ന യോഗ്യതാ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ തൊഴിൽ നേടുവാൻ ഇത് രാജ്യത്തെ യുവാക്കളെ പ്രാപ്തരാക്കുന്നു. അംഗീകൃത പരിശീലന കേന്ദ്രങ്ങളിൽ നൈപുണ്യ ശിക്ഷണ പദ്ധതിയിൽ ചേർന്ന് പഠിച്ച് വിജയിച്ച് സർട്ടിഫിക്കറ്റ് കരസ്ഥമാക്കുന്നവർക്ക് പ്രോത്സാഹന സമ്മാനമായി ഒരു പാരിതോഷികം അവരുടെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് നേരിട്ട് നല്കുന്നുണ്ട്. രാജ്യത്ത് 24 ലക്ഷം യുവാക്കൾക്കാണ് ഈ പദ്ധതിയിലൂടെ നൈപുണ്യ വികസന പരിശീലനം ലഭ്യമാക്കുന്നത്. നാഷണൽ സ്കിൽ ഡവലപ്മെന്റ് കോർപ്പറേഷൻ വഴിയാണ് ഈ പരിശീലനം നടത്തുന്നത്.

**ലക്ഷ്യങ്ങൾ**

- നിലവിലുള്ള തൊഴിൽ സേനയുടെ കാര്യശേഷി വർധിപ്പിക്കുക.
- ആവശ്യമുള്ളവർക്ക് പരിശീലനവും സാക്ഷ്യപത്രവും നല്കുക.
- പാരിതോഷികം നല്കി യുവാക്കളെ ഈ പരിശീലനത്തിന് പ്രോത്സാഹിപ്പിക്കുക.
- സാക്ഷ്യപത്രം നല്കി നൈപുണ്യ പരിശീലന പദ്ധതിക്ക് നിലവാരം നിജപ്പെടുത്തുക.
- ഇത്തരത്തിൽ നൈപുണ്യ പരിശീലനം നേടുന്നവരുടെ ഒരു രജിസ്റ്റർ സൂക്ഷിക്കുക.
- ഒരോ പഠിതാവിനും 8000 രൂപ വീതം പാരിതോഷികമായി നല്കുക.

**സവിശേഷതകൾ**

- രാജ്യത്തെ വ്യവസായ സ്ഥാപനങ്ങൾ നിശ്ചയിച്ചിട്ടുള്ള നാഷണൽ ഒക്യുപേഷണൽ സ്റ്റാൻഡാർഡ് അനുസരിച്ചു വേണം പരിശീലനം നടത്താൻ. പരിശീലനം ഏറ്റെടുക്കുന്ന ഗവൺമെന്റ് സ്വകാര്യ സ്ഥാപനങ്ങൾ നാഷണൽ സ്കിൽ ഡവലപ്മെന്റ് കോർപ്പറേഷന്റെ മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കണം.
- പാഠ്യപദ്ധതിയിൽ തൊഴിൽ ധാർമ്മികത, ശുചിത്വം, സ്വഭാവ പരിശീലനം, വ്യക്തിത്വ വികസനം, തൊഴിൽ പരിശീലനം തുടങ്ങിയവ ഉൾപ്പെടുന്നു.
- ഓരോ മേഖലയുടെയും പരിശീലിക്കുന്ന തൊഴിലിന്റെയും സ്വഭാവമനുസരിച്ചായിരിക്കും പഠിതാവിനു ലഭിക്കുന്ന സാമ്പത്തിക പാരിതോഷികം. വ്യവസായം, നിർമ്മാണം, പ്ലമ്പിംങ് മേഖലകളിൽ പരിശീലനം നേടുന്നവർക്ക് ഉയർന്ന പാരിതോഷികം ലഭിക്കും.
- പദ്ധതിക്ക് വ്യപകമായ പ്രചാരണം ലഭിക്കുന്നതിനായി പഞ്ചായത്ത്, ജില്ലാ,സംസ്ഥാന ഗവൺമെന്റ് തലങ്ങളിൽ വേണ്ട ബോധവത്ക്കരണ പരിപാടികൾ സംഘടിപ്പിക്കും. എംപി മാർ ഉൾപ്പെടെയുള്ള ജനപ്രതിനിധികൾ ഇക്കാര്യം ഉറപ്പാക്കും.
- പരിശീലന പദ്ധതിയുടെ ദേശീയ അന്തർദേശീയ നിലവാരം നിർണയിക്കുന്നതിന് ബാഹ്യമായ ഏജൻസികളെ നിയോഗിക്കും.



**"നേട്ടത്തിലല്ല മറിച്ച് പരിശ്രമത്തിലാണ് സംതൃപ്തി കണ്ടെത്തേണ്ടത് പൂർണമായ പരിശ്രമം തന്നെയാണ് സമ്പൂർണമായ വിജയവും".**

**മഹാത്മാഗാന്ധി**

# ചരക്ക്-സേവന നികുതി: ഒരു അവലോകനം

ഡോ. ജോസ് സെബാസ്റ്റ്യൻ

ഇന്ത്യയുടെ സാമ്പത്തിക പരിഷ്കരണ രംഗത്തെ ഒരു പ്രധാനപ്പെട്ട കാൽവയ്പാണ് 2016 ഏപ്രിലിൽ നടപ്പിൽവരുമെന്ന് പ്രതീക്ഷിക്കപ്പെടുന്ന ചരക്ക്-സേവന നികുതി. സാമ്പത്തിക വളർച്ചയെയും കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ ധനകാര്യസ്ഥിതിയെയും കാര്യമായി സ്വാധീനിക്കാൻ പോകുന്ന ഈ പരിഷ്കാരത്തിന്റെ ഉള്ളടക്കം ചർച്ച ചെയ്യുകയും കേരളത്തിന്റെ ധനകാര്യത്തിലും സമ്പദ്‌വ്യവസ്ഥയിലും ഇതുണ്ടാക്കാൻ പോകുന്ന ചലനങ്ങൾ പരിശോധിക്കുകയുമാണ് ഈ ലേഖനം.

രാജ്യത്തിന്റെ നികുതിഘടനയുടെ സമൂലമായ പരിഷ്ക്കരണം 1991 ൽ ആരംഭിച്ച സാമ്പത്തിക പരിഷ്കരണ നടപടികളുടെ ഒരു പ്രധാനപ്പെട്ട ലക്ഷ്യമായിരുന്നു. പ്രൊഫസർ രാജാ ചെല്ലയ്യയുടെ നേതൃത്വത്തിൽ നിയമിതമായ നികുതി പരിഷ്കരണ കമ്മിറ്റി 1993 ൽ സമർപ്പിച്ച റിപ്പോർട്ടിൽ പ്രത്യക്ഷ നികുതികളുടെയും പരോക്ഷനികുതികളുടെയും പരിഷ്കരണം ലക്ഷ്യമാക്കിയുള്ള ശുപാർശകൾ ഉണ്ടായിരുന്നു. പ്രത്യക്ഷനികുതികളുടെ കാര്യത്തിൽ കമ്മിറ്റിയുടെ പല ശുപാർശകളും ഇതിനകം നടപ്പിലായിക്കഴിഞ്ഞു. പരോക്ഷ നികുതി വ്യവസ്ഥ പരിഷ്കരിച്ച് ചരക്കുകളും സേവനങ്ങളും ഉൾക്കൊള്ളുന്ന ചരക്ക്-സേവന നികുതിയിലേയ്ക്ക് പടിപടിയായി മാറുക എന്നത് കമ്മിറ്റിയുടെ ഒരു പ്രധാന ശുപാർശയായിരുന്നു. ലോകത്ത് 130 ൽപരം രാജ്യങ്ങളിൽ നിലവിലുള്ള ചരക്ക്-സേവന നികുതി ഇന്ത്യയെ ആഗോള നികുതി വ്യവസ്ഥയുമായി കണ്ണിചേർക്കാൻ ലക്ഷ്യമിടുന്നതാണ്. ഇതിന്റെ ഭാഗമായി 2005 ൽ സംസ്ഥാനങ്ങളിലെ വില്പന നികുതി സമ്പ്രദായം ഭാഗികമായി പരിഷ്കരിച്ച് മൂല്യവർദ്ധിത നികുതി ഏർപ്പെടുത്തി. ചരക്ക്-സേവന നികുതി ഈ പരിഷ്കരണ പദ്ധതിയിലെ അടുത്ത ഘട്ടമാണ്.

### സേവന മേഖലയുടെ മേലുള്ള നികുതി: അല്പം ചരിത്രം

ഭരണഘടനയുടെ 7-ാം ഷെഡ്യൂൾ കേന്ദ്ര-സംസ്ഥാന സർക്കാരുകൾക്ക് ചുമത്താവുന്ന പ്രത്യക്ഷ-പരോക്ഷ നികുതികളുടെ പട്ടിക ഉൾക്കൊള്ളുന്നതാണ്. കേന്ദ്രസർക്കാരിന് ചുമത്താവുന്ന പരോക്ഷ നികുതികളിൽ പ്രധാനം മദ്യവും മയക്കുമരുന്നുകളും ഒഴിച്ചുള്ള വ്യവസായികോൽപന്നങ്ങളുടെ മേലുള്ള എക്സൈസ് ഡ്യൂട്ടിയാണ്. പത്രങ്ങൾ ഒഴിച്ചുള്ള ചരക്കുകളുടെ ക്രയവിക്രയത്തിന്മേലുള്ള നികുതിയാണ് സംസ്ഥാനങ്ങൾക്കുള്ള പരോക്ഷനികുതികളിൽ പ്രധാനം. സേവനങ്ങളുടെ മേൽ പൊതുവായി നികുതി ചുമത്താനുള്ള അധികാരം രണ്ടുപട്ടികയിലും ഉൾപ്പെട്ടിട്ടില്ലെങ്കിലും തെരഞ്ഞെടുക്കപ്പെട്ട സേവനങ്ങൾക്ക് നികുതി ചുമത്താനുള്ള അധികാരം കേന്ദ്രത്തിനും സംസ്ഥാനങ്ങൾക്കും വിഭജിച്ചു നല്കിയിട്ടുണ്ട്. ഈ അധികാരം ഉപയോഗിച്ച് കേന്ദ്ര-സംസ്ഥാന സർക്കാരുകളും പഞ്ചായത്ത്, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ തുടങ്ങിയ പ്രാദേ

ശിക സർക്കാരുകളും ഈ സേവനങ്ങളുടെമേൽ നികുതി ചുമത്തിവരുന്നു.

രണ്ടുപട്ടികകളിലും പെടാത്ത മേഖലകളിൽ നികുതി ചുമത്താനുള്ള ശിഷ്ടാധികാരം ഭരണഘടനയുടെ 97-ാം അനുച്ഛേദപ്രകാരം കേന്ദ്ര സർക്കാരിനാണ്. ഈ അധികാരം ഉപയോഗിച്ച് സേവന നികുതി എന്ന പേരിൽ നികുതി ചുമത്താൻ കേന്ദ്രസർക്കാർ ആരംഭിച്ചത് 1994 ൽ മാത്രമായിരുന്നു. മൂന്ന് സേവനങ്ങളുടെ മേൽ നികുതി ചുമത്തിക്കൊണ്ട് ആരംഭിച്ച സേവന നികുതി ഇന്ന് പ്രധാനപ്പെട്ട എല്ലാ സേവനങ്ങൾക്കും ബാധകമാണ്. 1994-95 ൽ കേന്ദ്രസർക്കാരിന്റെ മൊത്തം നികുതിവരുമാനത്തിൽ വെറും 0.44% ആയിരുന്ന സേവന നികുതിയുടെ സംഭാവന 2012-13 ആകുമ്പോഴേയ്ക്ക് 12.8% ആയി ഉയർന്നു.

കേന്ദ്രം പിരിച്ചെടുക്കുന്ന സേവന നികുതിയുടെ ഓഹരി സംസ്ഥാനങ്ങൾക്ക് ലഭിക്കുന്നുണ്ട്. പക്ഷേ ഇതുകൊണ്ടായില്ല. 2012-13 ലെ കണക്കുകൾ പ്രകാരം ദേശീയ വരുമാനത്തിൽ 56.27% സംഭാവന ചെയ്യുന്നത് സേവന മേഖലയാണ്. പക്ഷേ സേവന നികുതിയിൽനിന്നുള്ള വരുമാനം ദേശീയ വരുമാനത്തിന്റെ വെറും 1.30% മാത്രമാണ്. ഈ മേഖലയിൽനിന്ന് അധിക വിഭവസമാഹരണത്തിനുള്ള വമ്പിച്ച സാദ്ധ്യതയിലേയ്ക്കാണ് ഇത് വിരൽചൂണ്ടുന്നത്.

ഒരു സമൂഹം എത്രമാത്രം വിഭവങ്ങൾ പൊതു ആവശ്യങ്ങൾക്കായി മാറ്റിവയ്ക്കുന്നു എന്നതിന്റെ സൂചകമാണ് നികുതി - ദേശീയ വരുമാന അനുപാതം. വികസിത രാജ്യങ്ങളിൽ ഇത് 45% വരെയൊക്കെ ആയിരിക്കുമ്പോൾ ഇന്ത്യയിലേത് ഏകദേശം 16% മാത്രമാണ്. ഇതിന്റെ ഒരു പ്രധാനകാരണം സേവന മേഖലയിൽനിന്നുള്ള വിഭവസമാഹരണ സാദ്ധ്യതകൾ പ്രയോജനപ്പെടുത്താത്തതാണ്. അതേസമയം കേന്ദ്ര-സംസ്ഥാന സർക്കാരുകൾ ചരക്കുത്പാദന മേഖലകളിൽ ചെറുതും വലുതുമായ പല നികുതികൾ ഏർപ്പെടുത്തി വിഭവങ്ങൾ കണ്ടെത്താൻ ശ്രമിക്കുന്നുമുണ്ട്. ഇത് പല തരത്തിലുള്ള പ്രശ്നങ്ങൾക്ക് കാരണമായിട്ടുണ്ട്. ചരക്കുത്പാദനമേഖലയുടെ മേലുള്ള അധിക നികുതിഭാരം അന്താരാഷ്ട്ര വിപണിയിൽ ഇന്ത്യൻ ഉത്പന്നങ്ങളുടെ മത്സരക്ഷമത കുറയ്ക്കുന്നു. സേവനങ്ങളുടെ ഉപഭോക്താക്കൾ കൂടുതലും ഉയർന്ന വരുമാനക്കാരായതുകൊണ്ട് ഇത് ഫലത്തിൽ ഈ വിഭാഗത്തിന്റെ മേലുള്ള നികുതിഭാരം ലഘുവാകാൻ കാരണമാകുന്നു. പല നികുതികൾ സൃഷ്ടിക്കുന്ന സങ്കീർണ്ണമായ വ്യവസ്ഥ സത്യസന്ധരായ സംരംഭകർക്ക് തലവേദനയാകുമ്പോൾ നികുതിവെട്ടിപ്പുകാർക്ക് വൻ അവസരമാണ് തുറന്നിടുന്നത്. ഒരു രാജ്യത്തിന്റെ ഉത്പാദനവ്യവസ്ഥയിൽ ചരക്കുകളും സേവനങ്ങളും ഇഴപിരിക്കാനാവാത്തവിധം പരസ്പരം ബന്ധപ്പെട്ട് കിടക്കുന്നതാണ്. സാങ്കേതികവിദ്യയുടെ കുതിച്ചുചാട്ടംമൂലം ചരക്കുകളും സേവനങ്ങളും തമ്മിലുള്ള അതിർവരമ്പ് നേർത്തുനേർത്ത് വരികയാണ്. സേവനങ്ങളുടെമേൽ നികുതി ചുമത്താൻ സംസ്ഥാന സർക്കാരുകൾക്കുള്ള പരിമിതി മുതലാക്കി വൻതോതിൽ നികുതിവെട്ടിപ്പ് നടക്കുന്ന സാഹചര്യമിതാണ്.

### സേവന നികുതിയിൽനിന്ന് ചരക്ക് - സേവന നികുതിയിലേയ്ക്ക്

ഈവിധ പ്രശ്നങ്ങൾക്കെല്ലാമുള്ള ഒറ്റമൂലി എന്ന നിലയിലാണ് രാജ്യം ചരക്ക്-സേവനനികുതിയെ ഉറ്റുനോക്കുന്നത്. ഭരണഘടനാ ഭേദഗതി വഴിയായി സേവനങ്ങളുടെമേൽ നികുതി ചുമത്താനുള്ള അധികാരം സംസ്ഥാനങ്ങളുമായി പങ്കിടുകയാണ് ഇതിന്റെ ആദ്യപടി. ചരക്ക്-സേവന നികുതി നിലവിൽ വരുന്നതോടെ കേന്ദ്രത്തിന്റെയും സംസ്ഥാനങ്ങളുടെയും നികുതി അടിത്തറ വിപുലമാകും. ഉൽപാദന തലത്തിലെ എക്സൈസ് ഡ്യൂട്ടിക്കുപകരം ഉപഭോക്തൃതലത്തിൽ നികുതി ചുമത്താനുള്ള അവസരമാണ് കേന്ദ്രത്തിന് ലഭിക്കുക. സംസ്ഥാനങ്ങൾക്കാകട്ടെ, ചരക്കുകളോടൊപ്പം സേവനങ്ങളുടെമേലും നികുതി ചുമത്താനാകും. പക്ഷേ നികുതി വരുമാനത്തിൽ എത്രമാത്രം വർദ്ധനയുണ്ടാകും എന്നത് നികുതി നിരക്കിനേയും കാര്യക്ഷമമായ നികുതി ഭരണത്തെയും ആശ്രയിച്ചാണിരിക്കുന്നത്.

സത്യത്തിൽ ചരക്ക്-സേവന നികുതി നടപ്പാക്കലിലെ കീറാമുട്ടികളിലൊന്ന് നികുതി നിരക്കാണ്. കേന്ദ്രവും സംസ്ഥാനങ്ങളും നിലവിൽ ചുമ

ത്തിവരുന്ന പല നികുതികൾക്കും പകരമാണ് ചരക്ക്-സേവന നികുതി. കേന്ദ്രം ചുമത്തിവരുന്ന വിവിധ എക്സൈസ് ഡ്യൂട്ടികൾ, സേവനനികുതി, സർചാർജ്ജുകൾ തുടങ്ങിയവയും സംസ്ഥാനങ്ങൾ ചുമത്തിവരുന്ന മൂല്യവർദ്ധിത നികുതി, വില്പന നികുതി, ആഡംബരനികുതി, പ്രവേശന നികുതി, സർചാർജുകൾ തുടങ്ങിയവയും ഇല്ലാതാകും. ഇത് സൃഷ്ടിക്കുന്ന നികുതിനഷ്ടം പരിഹരിക്കണമെങ്കിൽ താരതമ്യേന ഉയർന്ന നിരക്കിൽ ചരക്ക്-സേവനനികുതി ചുമത്തേണ്ടതായിട്ടുണ്ട്. കേന്ദ്രവും സംസ്ഥാനങ്ങളും ഒരേ നികുതി അടിത്തറയുടെമേൽ വ്യത്യസ്ത നിരക്കുകളിൽ നികുതി ചുമത്തുന്ന ദ്വയനികുതി സമ്പ്രദായമാണ് ഇപ്പോൾ ആലോചനയിലിരിക്കുന്നത്. നിരക്ക് ഒരുപാട് ഉയർത്താതെ എങ്ങനെ നിലവിലുള്ള നികുതി വരുമാനമെങ്കിലും ഉറപ്പിൽവരുത്താനാകും എന്നതാണ് ഇവിടുത്തെ വെല്ലുവിളി. അവശ്യവസ്തുക്കൾക്ക് ഒരു കുറഞ്ഞ നിരക്കും മറ്റുള്ളവയ്ക്ക് താരതമ്യേന ഉയർന്ന നിരക്കും എന്ന കാര്യത്തിൽ അഭിപ്രായ സമന്വയമുണ്ടായിട്ടുണ്ട്. ചരക്കുകൾക്കും സേവനങ്ങൾക്കും ഒരേ നികുതി നിരക്ക് എന്നതാണ് വികസിത രാജ്യങ്ങളിലെ പതിവെങ്കിലും ഇന്ത്യയുടെ പ്രത്യേക സാഹചര്യത്തിൽ ഇക്കാര്യത്തിൽ മാറ്റമുണ്ടായിക്കൂടെന്നില്ല.

സംസ്ഥാന ധനമന്ത്രിമാരുടെ ഉന്നതാധികാരസമിതിയാണ് ചരക്ക്-സേവന നികുതിയുടെ നടപ്പാക്കലിന് ചുക്കാൻ പിടിക്കുന്നത്. ഒട്ടേറെ കാര്യങ്ങളിൽ സംസ്ഥാനങ്ങൾ തമ്മിലും സംസ്ഥാനങ്ങളും കേന്ദ്രവും തമ്മിലും അഭിപ്രായ സമന്വയം ഉണ്ടാകേണ്ടതായിട്ടുണ്ട്. ചരക്ക്-സേവന നികുതി നടപ്പിൽ വരുന്നതോടെ അന്തർ സംസ്ഥാന വില്പന നികുതി പടിപടിയായി നിർത്തലാക്കും. വ്യാവസായികമായി വികസിച്ച സംസ്ഥനങ്ങളുടെ ഒരു പ്രാധാനവരുമാനമാർഗ്ഗമാണ് ഇങ്ങനെ അടയുന്നത്. ഈ നഷ്ടം എങ്ങനെ പരിഹരിക്കും എന്നതാണ് ഒരു പ്രധാന തർക്കവിഷയം. ചരക്ക്-സേവന നികുതി നടപ്പാക്കിയതിനു ശേഷമുള്ള ആദ്യ അഞ്ചുവർഷം സംസ്ഥാനങ്ങൾക്ക് നികുതി നഷ്ടമുണ്ടായാൽ അത് ഭാഗികമായി പരിഹരിക്കാമെന്ന് കേന്ദ്രം ഉറപ്പ് നല്കിയിട്ടുണ്ട്. എങ്കിലും ചരക്ക്-സേവന നികുതി നിലവിൽ വരുന്നതോടെ തങ്ങളുടെ ധനപരമായ സ്വാതന്ത്ര്യവും മെയ്വഴക്കവും ഇല്ലാതാവും എന്ന ആശങ്ക സംസ്ഥാനങ്ങൾക്കുണ്ട്. ഇതടക്കം ഒട്ടേറെ വിഷയങ്ങളിൽ സംസ്ഥാനങ്ങളെ വിശ്വാസത്തിൽ എടുത്തുകൊണ്ടുമാത്രമേ ചരക്ക്-സേവനനികുതിയുമായി മുന്നോട്ടു പോകാനാവൂ.

ഈ പ്രശ്നങ്ങളൊക്കെ പരിഹരിച്ച് ചരക്ക്-സേവന നികുതി പ്രവൃത്തിപഥത്തിൽ കൊണ്ടുവരാനായാൽ അത് ഇന്ത്യൻ സമ്പദ്ഘടനയുടെ ദ്രുതഗതിയിലുള്ള വളർച്ചയ്ക്ക് വഴിതെളിക്കും എന്ന കാര്യത്തിൽ സംശയമില്ല. ലളിതവും സുതാര്യവും വിവരസാങ്കേതികവിദ്യയിൽ അധിഷ്ഠിതവുമായ ഒരു പരോക്ഷ നികുതിവ്യവസ്ഥ പ്രധാനമന്ത്രി നരേന്ദ്രമോദി മുന്നോട്ടുവച്ചിട്ടുള്ള 'മേക്ക് ഇൻ ഇന്ത്യ' പദ്ധതിയുടെ വിജയത്തിന് ഒരു മുന്നുപാധികൂടിയാണ്.

**ചരക്ക് - സേവന നികുതി: കേരളത്തെ എങ്ങനെയെല്ലാം ബാധിക്കും?**

മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് സേവന മേഖലയ്ക്ക് പ്രാമുഖ്യമുള്ള സംസ്ഥാനമാണ് കേരളം. 2012-13 ലെ കണക്കുകൾ പ്രകാരം സംസ്ഥാനത്തിന്റെ ആഭ്യന്തര ഉല്പാദനത്തിൽ 59.89% ശതമാനം സംഭാവന ചെയ്യുന്നത് സേവന മേഖലയാണ്. സംസ്ഥാനങ്ങൾക്കിടയിൽ ഇതു സംബന്ധിച്ച് കേരളത്തിന്റെ സ്ഥാനം മൂന്നാമതാണ്. സ്വാഭാവികമായും ചരക്ക്-സേവന നികുതി കേരളം ഇന്ന് നേരിട്ടുകൊണ്ടിരിക്കുന്ന ധനകാര്യ ഞെരുക്കത്തിന് ഒരു പരിഹാരമാവും എന്ന പ്രതീക്ഷ ഉയരുന്നു.

**കേരളത്തിന്റെ പ്രതീക്ഷകൾ സഫലമാകുമോ?**

ഇക്കാര്യത്തെക്കുറിച്ച് ഖണ്ഡിതമായ അനുമാനത്തിൽ എത്താൻ ഇനിയും ഒരുപാട് കാര്യങ്ങളിൽ വ്യക്തത ഉണ്ടാവേണ്ടതുണ്ട്. എങ്കിലും ഗുലാത്തി ഇൻസ്റ്റിട്യൂട്ട് നടത്തിയ പ്രാഥമിക പഠനം കേരളത്തിന് ഒരുപാട് ആഹ്ലാദിക്കാൻവകയില്ല എന്ന സൂചനയാണ് നല്കുന്നത്. ചരക്ക്-സേവന നികുതി നിലവിൽ വരുന്നതോടെ സംസ്ഥാനത്തിന് കൈവരുന്ന അധികനികുതി അടിത്തറ മുഖ്യമായും സേവനമേഖലയിൽ നിന്നാകും.

സേവനമേഖലയുടെ മൊത്തം വലിപ്പത്തേക്കാൾ നികുതിവിധേയമായ സേവനങ്ങളുടെ സാന്നിദ്ധ്യവും സേവനദാതാക്കളുടെ വലിപ്പവുമാണ് അധിക നികുതി വരുമാനത്തെ സംബന്ധിച്ചിടത്തോളം നിർണ്ണായകമായിട്ടുള്ളത്. സേവന നികുതി ഏതാണ്ട് എല്ലാ സേവനങ്ങൾക്കും ബാധകമാണെങ്കിലും നികുതി വരുമാനത്തിന്റെ സിംഹഭാഗവും ലഭിക്കുന്നത് വ്യാവസായിക ഉല്പാദനവുമായി ബന്ധപ്പെട്ട സേവനങ്ങളിൽനിന്നാണ്. നിയമം, പേറ്റന്റ്, ട്രേഡ്മാർക്ക്, വ്യാവസായി കോൽപന്നങ്ങളുടെ കയറ്റിറക്കും ഗതാഗതവും, ഇൻഷുറൻസ്, അക്കൗണ്ടിംഗ്, കൺസൾട്ടൻസി തുടങ്ങിയവ ഉദാഹരണങ്ങൾ. വൻനഗരങ്ങൾ കേന്ദ്രീകരിച്ചുള്ള വസ്തു-ഓഹരി വ്യാപാര മേഖലയും മറ്റു സാമ്പത്തിക സേവനങ്ങളുമാണ് മറ്റൊരു പ്രധാന മേഖല. കേന്ദ്രസർക്കാർ ഇപ്പോൾ സമാഹരിച്ചുകൊണ്ടിരിക്കുന്ന സേവന നികുതിയിൽ ഓരോ സംസ്ഥാനത്തിന്റെയും ഓഹരി ചരക്ക്-സേവന നികുതി നിലവിൽ വരുമ്പോൾ ഏതൊക്കെ സംസ്ഥാനങ്ങൾക്കാണ് നേട്ടമുണ്ടാകാൻ പോകുന്നത് എന്നതിന്റെ സൂചകമായി എടുക്കാം. 2012 -13 ലെ കണക്കുകൾ പ്രകാരം പശ്ചിമബംഗാൾ, ആന്ധ്രപ്രദേശ്, ഗുജറാത്ത്, കർണ്ണാടക, മഹാരാഷ്ട്ര, തമിഴ്നാട്, ഡൽഹി എന്നീ ഏഴ് സംസ്ഥാനങ്ങളിൽനിന്നാണ് മൊത്തം സേവന നികുതിയുടെ 82.5% വും പിരിച്ചെടുക്കുന്നത്. ഇതിൽ 57.46% സംഭാവന ചെയ്യുന്നത് മഹാരാഷ്ട്രയും ഡൽഹിയുമാണ്. കേരളത്തിന്റെ ഓഹരി വെറും 1.30% മാത്രം. ഒരുകാലത്ത് വ്യവസായങ്ങളെ നാടുകടത്തിയതിന് കേരളം കൊടുക്കേണ്ടിവരുന്ന വിലയാണിത്.

ചരക്ക്-സേവന നികുതി യാഥാർത്ഥ്യമാവുമ്പോൾ ഈ ചിത്രത്തിന് കുറേയൊക്കെ മാറ്റമുണ്ടാവും എന്നു കരുതിയാൽപ്പോലും കേരളത്തിന് വലിയ നേട്ടമുണ്ടാകാൻ സാദ്ധ്യതയില്ല. വ്യാവസായിക പിന്നോക്കാവസ്ഥ മാത്രമല്ല കാരണം. കേരളത്തിലെ സേവനദാതാക്കളുടെ കുറഞ്ഞ വിറ്റുവ

**പ്രധാന സംസ്ഥാനങ്ങളിൽനിന്ന് കേന്ദ്രസർക്കാർ സമാഹരിക്കുന്ന സേവന നികുതി–2012–13**

| സംസ്ഥാനം | സേവന നികുതി (കോടി രൂപയിൽ) | മൊത്തം സേവന നികുതിയിലെ ശതമാനം |
|---|---|---|
| ആന്ധ്രപ്രദേശ് | 6031.65 | 4.51 |
| ആസ്സാം | 414.00 | 0.31 |
| ബീഹാർ | 295.10 | 0.22 |
| ഗുജറാത്ത് | 6538.83 | 4.89 |
| ഹരിയാന | 432.08 | 0.32 |
| ഝാർഖണ്ട് | 935.10 | 0.70 |
| കർണ്ണാടകം | 7858.26 | 5.87 |
| കേരളം | 1734.60 | 1.30 |
| മദ്ധ്യപ്രദേശ് | 2160.91 | 1.61 |
| മഹാരാഷ്ട്ര | 50606.39 | 37.81 |
| ഒറീസ്സ | 1370.95 | 1.02 |
| പഞ്ചാബ് | 1619.02 | 1.21 |
| രാജസ്ഥാൻ | 1937.08 | 1.45 |
| ഡൽഹി | 26302.81 | 19.65 |
| തമിഴ്നാട് | 7671.92 | 5.73 |
| ഉത്തർപ്രദേശ് | 4057.78 | 3.03 |
| പശ്ചിമബംഗാൾ | 5402.80 | 4.04 |
| മറ്റുള്ളവർ | 8464.65 | 6.32 |
| മൊത്തം | 133833.93 | 100.00 |

അവലംബം : സെൻട്രൽ എക്സൈസ്-സർവീസ് ടാക്സ് വകുപ്പ്.

രവും ഒരു പ്രശ്നമാണ്. ഉദാഹരണമായി കേരളത്തിലെ ചെറുപട്ടണങ്ങളിൽപ്പോലുമുള്ള ബ്യൂട്ടി പാർലറുകൾ, ഡ്രൈക്ലീനിംങ്ങ്, ഇന്റർനെറ്റ് കഫേ, ട്രാവൽ ഏജൻസികൾ, കേറ്ററിംഗ് തുടങ്ങിയവയൊക്കെ സേവനനികുതിയുടെ പരിധിയിൽ വരുന്ന സംരംഭങ്ങളാണ്. പക്ഷേ ഇവയിൽ ബഹുഭൂരിപക്ഷത്തിന്റെയും വാർഷിക വിറ്റുവരവ് പത്തു ലക്ഷം എന്ന നികുതി നല്കേണ്ട വിറ്റുവരവിന് താഴെയായിരിക്കും.

കേരളത്തിൽ അതിവേഗം വളർന്നുവരുന്ന ആരോഗ്യ-വിദ്യാഭ്യാസ മേഖലകൾ സേവന നികുതിയിൽനിന്നും ഒഴിവാക്കപ്പെട്ടിട്ടുള്ളതാണ്. ചരക്ക്-സേവന നികുതി നിലവിൽ വരുമ്പോൾ ഈ സേവനങ്ങളുടെമേലുള്ള നികുതിയെ സംബന്ധിച്ച വിവേചനാധികാരം സംസ്ഥാനങ്ങൾക്ക് നല്കിയാൽ അത് ഒരുപക്ഷേ കേരള്ത്തിന് ഗുണകരമാവും.

ചരക്ക്-സേവന നികുതിയെ വരുമാനത്തിന്റെ വീക്ഷണകോണിൽനിന്ന് മാത്രം നോക്കിക്കണ്ടാൽപ്പോരാ. സമഗ്രമായി വീക്ഷിക്കുമ്പോൾ കേരള സമ്പദ് വ്യവസ്ഥയ്ക്ക് വൻകുതിപ്പിനുള്ള സാദ്ധ്യതകളാണ് തെളിയുന്നത്. ഇന്ത്യയിലെ സങ്കീർണ്ണമായ പരോക്ഷ നികുതി വ്യവസ്ഥയുടെ ഒരു പ്രധാന ദൂഷ്യം പല തലങ്ങളിൽ പല നികുതികൾ ചുമത്തുന്നതുമൂലം സർക്കാരിന് ലഭിക്കുന്ന വരുമാനത്തേക്കാൾ കൂടുതൽ വില ഉപഭോക്താവ് കൊടുക്കേണ്ടിവരുന്നതാണ്. ഇതിന് മുഖ്യകാരണം നികുതി ഉൾപ്പെടെയുള്ള വിലയിന്മേൽ മൊത്ത വ്യാപാരികളും ചെറുകിടവ്യാപാരികളും ലാഭശതമാനം നിശ്ചയിക്കുന്നതാണ്. ഉത്പാദനം മുതൽ ഉപഭോഗംവരെയുള്ള മുഴുവൻ ഘട്ടങ്ങളിലെയും മൂല്യവർദ്ധനവിന്മേൽ മാത്രം നികുതി ചുമത്തുന്ന ചരക്കു-സേവനനികുതി സമ്പ്രദായം നടപ്പിലാകുമ്പോൾ വില കാര്യമായി കുറയുന്ന അനുഭവമാണ് മിക്ക രാജ്യങ്ങൾക്കുമുള്ളത്. ഇതിനു പുറമെയാണ് അന്തർസംസ്ഥാന വില്പന നികുതി ഇല്ലാതാകുന്നതുമൂലമുള്ള വിലക്കുറവ്. ഉപഭോക്തൃ സംസ്ഥാനമെന്നനിലയിൽ ഇവയുടെയൊക്കെ പ്രയോജനം ഏറ്റവും കൂടുതൽ ലഭിക്കുന്ന സംസ്ഥാനമായിരിക്കും കേരളം. യന്ത്രസാമഗ്രികൾക്കും അസംസ്കൃതവസ്തുക്കൾക്കും ഘടകങ്ങൾക്കുമൊക്കെ ഉണ്ടായേക്കാവുന്ന വിലക്കുറവ് പ്രയോജനപ്പെടുത്തി വ്യവസായവല്ക്കരണത്തിൽ 'മേക്ക് ഇൻ ഇന്ത്യ' പ്രസ്ഥാനത്തിന്റെ ഭാഗമാകാനുള്ള വൻ അവസരമാണ് കേരളത്തിന് മുൻപിലുള്ളത്. സംസ്ഥാനത്തിന്റെ നികുതി അടിത്തറ വിപുലപ്പെടുത്താനും ഇതേ വഴിയുള്ളൂ.

ചരക്ക്-സേവന നികുതിയുടെ മറ്റൊരു പ്രയോജനം കേരളത്തിന് ഇപ്പോൾ നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്ന നികുതി ഒരു പരിധിവരെ തിരിച്ചുപിടിക്കാനാകും എന്നതാണ്. ഇന്റർനെറ്റ് വഴിയുള്ള ഓൺലൈൻ വ്യാപാരംമൂലം വൻതോതിലുള്ള നികുതി നഷ്ടമാണ് ഇപ്പോൾ ഉണ്ടായിക്കൊണ്ടിരിക്കുന്നത്. ഓൺലൈൻ വ്യാപാരികൾക്ക് ഭരണഘടനാപരമായ സംരക്ഷണം ഉള്ളതുകൊണ്ട് ഈ നഷ്ടം തടയാനുള്ള സംസ്ഥാനത്തിന്റെ ശ്രമങ്ങൾ ഫലവത്താകുന്നില്ല. ഈ പ്രശ്നത്തിനുള്ള പരിഹാരമാകും ചരക്ക്-സേവന നികുതി എന്നാണ് പ്രതീക്ഷിക്കപ്പെടുന്നത്. ചരക്കുകൾ എവിടെനിന്ന് അയച്ചാലും ഉപഭോഗം നടക്കുന്ന സംസ്ഥാനത്തിന് നികുതി ലഭിക്കത്തക്കവിധം സംവിധാനം ചെയ്യപ്പെട്ടിട്ടുള്ളതാണ് ഈ നികുതി സമ്പ്രദായം. ഇത് സൗകര്യപ്പെടുത്തക്കവിധം വിപുലമായ വിവരസാങ്കേതികാധിഷ്ഠിത നികുതി ഭരണമാണ് ചരക്ക്-സേവന നികുതിയിൽ വിഭാവനം ചെയ്തിട്ടുള്ളത്. ഈവിധം നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്ന നികുതി തിരിച്ചുപിടിക്കുന്നത് അധികവരുമാനത്തിന് തുല്യവുമാണ്.

**(ലേഖകൻ ഗുലാത്തി ഇൻസ്റ്റിട്ട്യൂട്ട് ഓഫ് ഫിനാൻസ് ആന്റ് ടാക്സേഷനിലെ ഫാക്കൽറ്റിയംഗമാണ്.)**




# ഇന്റർനെറ്റ് പ്രവണതകൾ

വി. കെ. ആദർശ്

വിവര സാങ്കേതിക വിദ്യയുടെ വാർത്തയും വർത്തമാനവും കാര്യമായി ചർച്ചയിൽ വരുന്ന കാലമാണ്. ഇന്റർനെറ്റ് നിലവിൽ വന്ന കാലത്ത് ഇത് ഇത്രമേൽ മനുഷ്യന്റെ ദൈനംദിന ഇടപാടിൽ സ്വാധീനം ചെലുത്തുമെന്ന് കരുതപ്പെട്ടിരുന്നില്ല. ആശയവിനിമയ സാങ്കേതികതയുടെ ചരിത്രത്തിന്റെ കാര്യമെടുത്താൽ ഈ എത്തപ്പെടലിന്റെ കണക്ക് ബോധ്യമാകും. ആദ്യ 50 ദശലക്ഷം കാഴ്ചക്കാരിലേക്ക് എത്താൻ ടെലിവിഷന് 13 വർഷം വേണ്ടി വന്നെങ്കിൽ  ഇതേ എണ്ണം ശ്രോതാക്കളിലേക്കെത്തിക്കാൻ റേഡിയോയ്ക്ക് 35 വർഷം വേണ്ടി വന്നിരുന്നു. എന്നാൽ 3 വർഷം കൊണ്ട് ഇന്റർനെറ്റ് ഈ എണ്ണം തികച്ചു,  തീർന്നില്ല ഇന്റർനെറ്റിലെ കേവലം ഒരു ഉപാധിയായ ഫേസ്ബുക്ക് ഇതിന് ഒരു വർഷമേ എടുത്തുള്ളൂ. ടിറ്റർ ആകട്ടെ 5 മാസവും. അതെ, ആശയ വിനിമയ ലോകം ദ്രുതഗതിയിലുള്ള വളർച്ചാ പാതയിലാണ്. അതിനനുസരിച്ച് ഈ സംവിധാനത്തെ നിയന്ത്രിക്കാനും ഇതിലെ പല സൗകര്യങ്ങളെയും നിയമപരിരക്ഷയുടെ കരവലയത്തിൽ കൊണ്ട് വരാനും പല രാജ്യങ്ങളും ശ്രമിക്കുന്നുണ്ട്. സമീപകാലത്ത് ഇന്ത്യയിൽ ഇതുമായി ബന്ധപ്പെട്ട് രണ്ട് വാർത്തകൾ കാര്യമായി ചർച്ച ചെയ്യപ്പെട്ടു. ഒന്ന് ഇന്ത്യയിലെ ഐടി ആക്ടിലെ 66 എ രാജ്യത്തെ പരമോന്നത കോടതി ഇടപെട്ട് റദ്ദാക്കി. മറ്റൊന്ന് നെറ്റ് സ്ഥിതിസമത്വവുമായി ബന്ധപ്പെട്ട് രാജ്യവ്യാപകമായി നടന്ന ഗുണദോഷ വിചിന്തനം. ഒപ്പം തന്നെ പ്രാദേശിക ഭാഷയിലെ ഇന്റർനെറ്റ് ഉപയോഗവും കാര്യമായ തോതിൽ തന്നെ തൃണമൂലതലത്തിൽ ഇന്റർനെറ്റ് എത്താൻ അനുകൂല സാഹചര്യമൊരുക്കുന്നു. ഇതെല്ലാം തന്നെ ഇന്റർനെറ്റിന്റെയും അത് വഴി രാജ്യത്തിന്റെ വിവിധമാനങ്ങളിലെ വളർച്ചയ്ക്കും അനുഗുണമായ അന്തരീക്ഷം ഒരുക്കുന്നു എന്നതും വായിച്ചെടുക്കാം. സ്വതന്ത്രമായ മാധ്യമ ഇടത്തിന്റെ സ്വാധീനതലം ഇന്ത്യയെ പോലെ ഉള്ള ജനാധിപത്യ രാജ്യത്തെ സംബന്ധിച്ചിടത്തോളം നിർണായകമാണ്, 66 എയും നെറ്റ് ന്യൂട്രാലിറ്റിയും മെച്ചപ്പെട്ട സ്വാതന്ത്ര്യം ഒരുക്കുന്നെങ്കിൽ, ഭാഷാപരമായ തടസങ്ങൾ മാറി എല്ലാ ഇന്ത്യൻ ഭാഷകളിലും ഇന്റർനെറ്റിൽ എഴുതാമെന്നത് മറ്റൊരു തരം സ്വാതന്ത്ര്യമാണ്.

2014 മാർച്ച് 24 ചൊവ്വാഴ്ച ഇന്ത്യയിലെ ഇന്റർനെറ്റ് രംഗത്തെയും നീതിന്യായ വ്യവസ്ഥയുടെ കാര്യത്തിലും ഓർമ്മിക്കപ്പെടുന്ന ദിനമായി കണക്കാക്കപ്പെടും. സാധാരണക്കാരൻ അവന്റെ സ്വതന്ത്രമായ അഭിപ്രായങ്ങൾ ഇന്റർനെറ്റിൽ കുറിക്കാൻ മടിച്ചിരുന്നത് ഐ ടി ആക്ടിലെ 66എ യുടെ അദൃശ്യ വാൾ തലയ്ക്ക് മേലേ തൂങ്ങുന്നത് കൊണ്ട് കൂടിയായിരുന്നു. സുപ്രീം കോടതി 66എ റദ്ദ് ചെയ്ത് കൊണ്ട് വിധി പുറപ്പെടുവിച്ചപ്പോൾ, മറ്റൊരു തരത്തിൽ പറഞ്ഞാൽ അപ്രഖ്യാപിത സെൻസർഷിപ്പാണ് ഇല്ലാതായത്. ജനാധിപത്യക്രമത്തിൽ മാധ്യമങ്ങൾക്ക് വിശേഷമായ ഇടമാണുള്ളത്. എന്നാൽ ഐ ടി ആക്ടിലെ പ്രസ്തുത വകുപ്പ് പലപ്പോഴും സ്വതന്ത്രമായ അല്ലെങ്കിൽ നിർഭയമായ അഭിപ്രായത്തിന് മേലെ ചെറിയൊരു തടസമായിരുന്നു.

സെക്ഷൻ 66എ എന്താണെന്ന് നോക്കാം. കമ്പ്യൂട്ടറിൽ ഉള്ള ഉറവിടങ്ങൾ വച്ച് അല്ലെങ്കിൽ ഉപകരണം തന്നെ വച്ചോ മറ്റൊരാൾക്ക് ഏതെങ്കിലും തരത്തിൽ അലോസരം, അസൗകര്യം, അപകടം, തടസം, അപമാനം, പരിക്ക്, കുറ്റകരമായ ഭീഷണിപ്പെടുത്തൽ, വെറുപ്പ്, നിന്ദ്യം... എന്നിവ ഉളവാക്കുകയാണെങ്കിൽ ഐടി ആക്ടിലെ 66 (എ) സെക്ഷൻ പ്രകാരം കുറ്റകരമാണ്. കുറ്റം  ചെയ്ത

യാളിന് പിഴയോടുകൂടി മൂന്ന് വർഷം വരെ തടവു ലഭിക്കാവുന്നതുമാണ്. ഇന്റർനെറ്റിനെ സാങ്കേതികമായി ശ്രമിച്ചാൽ പോലും, പൂർണമായി ഭരിക്കാനാകില്ല. അതിനെ ലഘുവായി ഒന്ന് സ്പർശിക്കാൻ ശ്രമിക്കുമ്പോൾ തന്നെ സിവിൽ സമൂഹത്തിലെ പല സംഘങ്ങൾ കൃത്യമായി ഇടപെട്ട് തുടങ്ങുകയും ചെയ്യും. ഇതിന്റെ ഉത്തമോദാഹരണമായി ഭാഗിക വിജയം എന്ന് പറയാവുന്ന ഈ നിർണായക വിധിയെ കാണാം. ഭാഗികം എന്ന് പറയാൻ കാരണം, ഇപ്പോഴും നെറ്റ് സ്വാതന്ത്ര്യത്തെ ഹനിക്കുന്ന മറ്റു പല വകുപ്പുകളും ഐടി ആക്ടിൽ അതേ പടി നിലനിൽക്കുന്നത് കൊണ്ടാണ്. ഇപ്പോൾ 66എ എന്നത് മാത്രമാണ് റദ്ദ് ചെയ്യപ്പെട്ടത്, അഭിപ്രായ സ്വാതന്ത്ര്യം ഉണ്ട് എന്ന് വച്ച് എന്തും ആർക്കെതിരെയും പറയാനുള്ള അവകാശമൊന്നുമില്ല എന്നും ഓർക്കണം. അവഹേളനം, അപകീർത്തി ഒക്കെ ആണെങ്കിൽ ഇപ്പോഴുള്ള ഐടി ആക്ടിൽ തന്നെ ഉള്ള വകുപ്പുകൾ ചാർത്താൻ ഒരു വിലക്കുമില്ല. അസത്യ പ്രചരണം, അപകീർത്തി, ദേശവിരുദ്ധത, വർണവെറി.. ഒക്കെ ഉണ്ടാക്കുന്ന ഉള്ളടക്കം നിയന്ത്രിക്കാനോ ഇല്ലാതാക്കാനോ ഐടി ആക്ടിനു പുറത്തെ സംവിധാനങ്ങൾ ശക്തമാണ്. അത് ഇന്റർനെറ്റ് പൂർവകാലത്തും പിന്നീടിങ്ങോട്ടും യുക്തമായി ഉപയോഗിച്ചിട്ടുമുണ്ട്. സഭ്യമല്ലാത്തത് പൊതു ഇടങ്ങളിൽ പ്രദർശിപ്പിച്ചാൽ IPC 292, 294 ഒക്കെ പ്രയോഗിക്കാവുന്നതാണ്. ഇതൊക്കെ ഉള്ളപ്പോൾ 66A കേവലം ദുരുപയോഗത്തിന് വ്യാപകമായി ഉപയോഗിക്കപ്പെട്ടു. ഒരു പക്ഷേ ഇതിന് പകരം വയ്ക്കാനുള്ള ഉൾപ്പെടുത്തലോ അല്ലെങ്കിൽ ഐടി ആക്ടിന്റെ സമ്പൂർണ്ണ ഭേദഗതിയോ ഇപ്പോഴത്തെ പാർലമെന്റിൽ എത്തിയേക്കാം. ആകെ ഒരു വട്ടം മാത്രമാണ് ഐടി ആക്ടിൽ ഭേദഗതി വന്നിട്ടുള്ളത്. സുപ്രീം കോടതി ഇടപെടൽ കൊണ്ട് മാത്രമല്ല, മറ്റ് പലമേഖലയിലെ ദ്രുതഗതിയിലുള്ള സാങ്കേതിക മാറ്റവും പ്രചാരവും ഒക്കെ അടുത്ത ഒരു ഭേദഗതിയിലേക്ക് വിരൽ ചൂണ്ടുന്നുണ്ട്.

**ഇന്റർനെറ്റ് സമത്വം:**

എന്താണ് ഇന്റർനെറ്റ് ന്യൂട്രാലിറ്റി അഥവാ ഇന്റർനെറ്റ് സമത്വം?

എല്ലാ ഉപയോക്താക്കൾക്കും ഇന്റർനെറ്റിൽ ലഭ്യമായ വിവരങ്ങളെല്ലാം യാതൊരു പക്ഷഭേദവുമില്ലാതെ എപ്പോഴും ലഭ്യമാകുന്ന അവസ്ഥ എന്ന് പറയാം. ഇന്റർനെറ്റിലെ ഉള്ളടക്കത്തോട് ടെലകോം സേവനദാതാവ് (ISP) പൂർണ നിഷ്പക്ഷത പുലർത്തണം അതായത് ഒരു തരം പ്രോത്സാഹനമോ അല്ലെങ്കിൽ താഴ്ത്തിവയ്ക്കലോ ഇന്റർനെറ്റ് സേവനം നൽകുന്ന സ്ഥാപനം നെറ്റിലെ ഉള്ളടക്കത്തോട് കാട്ടരുത്. ഇത് വീഡിയോയോ ശബ്ദമോ ആകാം അല്ലെങ്കിൽ വെറും ടെക്സ്റ്റ് (പാഠം) ആകാം. അതെന്തെന്ന് നോക്കാനുള്ള ചുമതല കമ്പനികൾക്ക് ഇല്ല, കാരണം സാങ്കേതികമായി അത് ഡാറ്റ ആണ്. വേർതിരിവില്ലാതെ അത് വാങ്ങാൻ ഉപയോക്താവ് മുൻനിശ്ചയിച്ച തുക നൽകുന്നുണ്ട്. അതിന് രാജ്യത്ത് ട്രായ് നിശ്ചയിച്ച പ്ലാൻ അനുസരിച്ചുള്ള യുക്തമായ തുക ഈടാക്കാം. നിശ്ചിത സമയപരിധിക്കോ അല്ലെങ്കിൽ ഡാറ്റ അളവിനോ ഉള്ളിൽ നിന്ന് വിവര പര്യടനം നടത്തിയാൽ അതിനുള്ളിൽ ടെലകോം സേവനദാതാവ് ഒരു തരത്തിലുള്ള നിയന്ത്രണവും വയ്ക്കാൻ പാടില്ല.

ഇപ്പോൾ വ്യാപകമായി കൊണ്ടിരിക്കുന്ന പല ഇന്റർനെറ്റ് ഉപാധികളും ഒരു തരത്തിൽ ടെലകോം കമ്പനികളുടെ മുഖ്യ വരുമാനത്തെ ബാധിക്കുന്നുണ്ട്. അതായത് വിളിക്കാൻ ഇപ്പോൾ ആളുകൾ ഡാറ്റ അടിസ്ഥാനമാക്കി പ്രവർത്തിക്കുന്ന ഏതാനും ആപ്ലിക്കേഷനുകൾ ധാരാളമായി ഉപയോഗിക്കുന്നു. കമ്പനികളുടെ മറ്റൊരു ധനാഗമ മാർഗമായിരുന്ന SMS തിരിച്ചിറക്കപാതയിലാണ്. വാട്ട്സ്ആപ്പ്, ടെലഗ്രാം, ഹൈക്ക് പോലെയുള്ള സന്ദേശവാഹകർ കാര്യമായി തന്നെ സന്ദേശ വിപണി കയ്യടക്കിക്കഴിഞ്ഞു. ഇത് രണ്ടും ചൂണ്ടിക്കാട്ടിയാണ് പ്രധാനമായും ടെലകോം സേവനദാതാക്കൾ ഇന്റർനെറ്റ് ഡാറ്റ പലതട്ടിൽ ആക്കി നിരക്ക് ഈടാക്കണമെന്ന് ശഠിക്കുന്നത്. കൂടാതെ യൂട്യൂബ്, ഫേസ്ബുക്ക്, വീഡിയോ ലിങ്കുകൾ എന്നിവ ആളുകൾ കാര്യമായി ഉപയോഗിക്കുന്നു.



ഇതിനു മറുപടിയായി സന്ദേശസേവന ആപ്ലിക്കേഷനുകൾ ഉപയോഗിക്കണമെങ്കിൽ പ്രത്യേക നിരക്ക്, വീഡിയോ ആസ്വദിക്കാനുള്ളതിന് വേറെ ഒരു നിരക്ക്, ഇന്റർനെറ്റ് അധിഷ്ഠിത സംസാരം അഥവാ കോളിന് കൂടുതൽ ഉയർന്ന നിരക്ക്. ഇങ്ങനെ പല രശീതുകളാക്കി പണം വാങ്ങുന്നതല്ലാതെ വേറെ വഴിയില്ല എന്ന മട്ടിലാണ് മൊബൈൽ കമ്പനികൾ. എന്നാൽ ഇക്കഴിഞ്ഞ മൂന്ന് നാല് വർഷമായി ഡാറ്റാ വരുമാനം നല്ലതോതിൽ ഉയരുന്നുണ്ട് എന്നത് സൗകര്യപൂർവം മറച്ചുവയ്ക്കുന്നു. അടിസ്ഥാന സൗകര്യങ്ങൾ വർധിപ്പിക്കാനും സ്പെക്ട്രത്തിനും ഒക്കെ വിലഘടകം ഉണ്ട്. അതനുസരിച്ച് ട്രായ് നിർദ്ദേശിക്കുന്ന പരിധിയിൽ നിന്ന് കൊണ്ട് സംഭാഷണം എസ് എം എസ് ഡാറ്റാ നിരക്കുകൾ ഈടാക്കുന്നതിന് പകരം ഈ പല സേവനത്തിനും പല നിരക്ക് യുക്തി ഇന്റർനെറ്റിന്റെ അടിസ്ഥാന തത്വത്തെ തന്നെ അട്ടിമറിക്കുന്നതാണ്.

ഒരു ഉപയോക്താവ് ഡാറ്റാ വരിക്കാരനാകുന്നതോടെ അവിടെ ഉപയോഗിക്കുന്ന ഡാറ്റ എന്തെന്ന് നോക്കുന്നത് ഒരു തരത്തിൽ സ്വകാര്യതയെ സംബന്ധിക്കുന്നതും, മറ്റൊരു തരത്തിൽ ഉപയോഗിക്കുന്ന ആളിന്റെ സ്വാഭാവികമായ തിരഞ്ഞെടുപ്പിനെ അട്ടിമറിക്കുന്നതുമാണ്. ചെറിയ ഒരു ഉദാഹരണം കൊണ്ട് ഇത് വ്യക്തമാക്കാം. ഗാർഹിക ജലവിതരണ കണക്ഷൻ വാട്ടർ  അതോറിറ്റി തരുന്നതോടെ അവരുടെ ഉത്തരവാദിത്വം അവസാനിക്കുന്നു. മാസാമാസം ഉള്ള മീറ്റർ റീഡിംഗ് നോക്കി നാട്ടിൽ അംഗീകരിച്ച തുക ഈടാക്കാനുള്ള അധികാരം മാത്രമാണ് അവർക്കുള്ളത്. ഇപ്പോൾ ടെലകോം കമ്പനികൾ ഉയർത്തുന്ന നിരക്ക് വാദം ഇവിടെ പ്രയോഗിച്ചാൽ പാത്രം കഴുകാനും അടുക്കള ഉപയോഗത്തിനും ഒരു നിരക്ക്, കുളിക്കും വസ്ത്രം അലക്കാനും മറ്റൊരു നിരക്ക്, വളർത്തു മൃഗങ്ങളെ കുളിപ്പിക്കാനും ഉദ്യാനം നനയ്ക്കാനും ഉയർന്ന തട്ടിലെ മറ്റൊരു വില ഇങ്ങനെ എവിടെ വരെ വേണമെങ്കിലും പലനിരക്ക് ചോദിക്കാം. അതെവിടുത്തെ ന്യായം എന്നാകും സ്വാഭാവികമായും ഇപ്പോൾ മനസിലെത്തിയിട്ടുണ്ടാവുക, അതേ ന്യായം തന്നെയാണ് ടെലകോം സേവന ദാതാക്കൾ ഇപ്പോൾ വാദിക്കുന്നതും ട്രായ് പരിഗണനാകടലാസ് ഇറക്കി ജനങ്ങളുടെ അഭിപ്രായം സ്വരൂപിക്കാൻ ശ്രമിക്കുന്നതും. നെറ്റ് ശൃംഖലയ്ക്ക് മേലെയുള്ള സങ്കേതത്തിന് (OTT-Over Top technology) വിശേഷ നിരക്ക് ഈടാക്കുന്നതാണ് നിർദ്ദേശങ്ങളുടെ കാതൽ.

ഇത് നടപ്പാക്കുന്നതിൽ വലിയ അപകടങ്ങൾ ഉണ്ട്. ഇപ്പോഴുള്ള ഇന്റർനെറ്റിന്റെ സ്വാഭാവികമായ ഒഴുക്ക് നിലയ്ക്കും. പലസേവനങ്ങളെയും പലതട്ടിലാക്കി നിരക്ക് ഈടാക്കുന്നത് ഫലത്തിൽ ചെലവ് കൂട്ടും. മറ്റൊരു തരത്തിൽ ഇത് പുതുസംരംഭങ്ങൾക്ക് വിശേഷിച്ചും ഇന്റർനെറ്റ് സ്റ്റാർട്ടപ്പ് കമ്പനികൾക്ക് മരണമണിയാകും.

ഡാറ്റാ ഒഴുക്ക് പരുവപ്പെടുത്തുന്നത് പ്രധാനമായും നാല് തരത്തിൽ ബാധിക്കും.

**1. വിവരവേഗതയിൽ നിയന്ത്രണം:** സാമാന്യം നല്ലതോതിൽ വിവരവിനിമയം ആവശ്യമുള്ള സേവനത്തിന്റെ വിവര വേഗതയെ പതിയെ നിയന്ത്രിക്കും. ഫലത്തിൽ വീഡിയോ എത്തുന്നതിന് താമസം നേരിടാം. കൂടുതൽ പണം നൽകിയാൽ ഒഴുക്കോടെയുള്ള വിവരപാത ലഭിക്കുമെന്ന അവസ്ഥ.

**2. തട്ടുകളാക്കി വില നിയന്ത്രണം:** ഒരു കൂട്ടം അല്ലെങ്കിൽ നിശ്ചിത സേവനങ്ങൾ ഒരുമിച്ചാക്കി പ്രത്യേക തുക ഈടാക്കുന്നത് OTT നിർദ്ദേശങ്ങളുടെ കാതലാണ്. പല പാക്കറ്റുകൾ റീച്ചാർജ്ജ്/പേ ചെയ്യേണ്ടിവരും.

**3. സംരംഭകത്വത്തിന് തിരിച്ചടി:** ഇന്ന് നാം കാണുന്ന ഗൂഗിളും, ആമസോണും മുതൽ ഇന്ത്യയിലെ ഫ്ളിപ്പ്കാർട്ട് വരെ ഇങ്ങനെയായത് തീരെ ചെറിയ തരത്തിൽ പരിമിത സേവനങ്ങളുമായി പ്രവർത്തനം ആരംഭിച്ച് കൊണ്ടാണ്. തുടങ്ങുന്ന കാലത്ത് ഇവയ്ക്കൊന്നും പ്രബലമായ കൂട്ടുമുന്നണി ഉണ്ടാക്കാനുള്ള ത്രാണി ഉണ്ടായിരുന്നില്ല, അതിനുള്ള ധനസ്ഥിതിയും ഉണ്ടാകില്ല. ഇവിടെ നെറ്റ് ന്യൂട്രാലിറ്റി അഥവാ ശൃംഖല സമത്വമാണ് സംരംഭത്തിന്റെ മുന്നോട്ടുള്ള വഴിയിൽ ഊർജമായി നിറഞ്ഞെത്തിയത്. നല്ല നൂതനമായ സൗകര്യങ്ങൾ കൊടുത്ത് അവർ ഉപയോക്താക്കളെ ആകർഷിച്ചു. അതനുസരിച്ച് അവർ വളർന്നു. രാജ്യത്തിന്റെ അതിർത്തികളും കടന്ന് പടർന്ന് പന്തലിച്ചു.

**4. സൗജന്യ ഇന്റർനെറ്റ്:** കേൾക്കുമ്പോൾ എന്തു നല്ല സേവനം എന്ന് തോന്നുന്നത് സ്വാഭാവികം. ഇവിടെ സൗജന്യ ഇന്റർനെറ്റ് എന്ന് വിളിക്കുന്നത് തെറ്റിദ്ധരിപ്പിക്കലാണ്. എല്ലാം സൈറ്റുകളും സൗജ

ന്യമല്ല എന്നറിയുക, അവർ നിർദ്ദേശിക്കുന്ന സൈറ്റുകൾ, ആപ്ലിക്കേഷനുകൾ മാത്രം.

ഇക്കാര്യത്തിൽ കേന്ദ്ര സർക്കാർ നെറ്റ് ന്യൂട്രാലിറ്റിക്ക് അനുകൂലമായ നടപടിയാണ് എടുത്തത്. സ്വാഭാവികമായി തന്നെ ഇന്ത്യയിൽ നെറ്റ് സ്ഥിതി സമത്വം ഉണ്ടാകാനാണ് എല്ലാ സാധ്യതയും.

**സൈബർ @ മലയാളം:**

ഇന്റർനെറ്റ് നിലവിൽവന്ന സമയത്ത് ഉണ്ടായിരുന്ന പ്രധാന ന്യൂനത ഇംഗ്ലീഷ് ആണ് വിനിമയ ഭാഷയായി ഡിജിറ്റൽ വ്യൂഹങ്ങൾക്ക് പഥ്യം എന്നതായിരുന്നു. എന്നാൽ യൂണികോഡ് മലയാളം അക്ഷര രൂപങ്ങൾ അത് വിവിധ ഇന്റർനെറ്റ് ഇടങ്ങളിൽ കാര്യമായ തോതിൽ ഉപയോഗിച്ച് തുടങ്ങിയത് മുൻധാരണകളെ ആകെ മാറ്റിമറിച്ചു. ഇന്ന് സൈബർ മലയാളം കാര്യമായി മുന്നേറുകയാണ്. മൊബൈൽ ഫോൺ പ്രവർത്തന സംവിധാനത്തിന്റെ സമ്പർക്ക മുഖം മുതൽ സാമൂഹിക മാധ്യമങ്ങളിൽ വരെ മലയാളം കാര്യമായ തോതിൽ ഉപയോഗിക്കപ്പെടുന്നു. മലയാളം വിക്കിപീഡിയ ഇന്ത്യയിലെ തന്നെ സജീവ പതിപ്പുകളിൽ മുന്നിൽ നിൽക്കുന്നു. മലയാളത്തിൽ ഇന്റർനെറ്റിൽ തിരഞ്ഞ് വിവരം എടുക്കുന്നവരുടെ എണ്ണം കുറവല്ല എന്നത് മറ്റൊരു തരത്തിൽ ഇന്റർനെറ്റ് വിവരപ്പുരകളിൽ നമ്മുടെ ഭാഷാ ഉള്ളടക്കം സാമാന്യം നല്ലത് എന്ന് കൂടിയാണ് സൂചിപ്പിക്കുന്നത്.

കാര്യങ്ങൾ ഇങ്ങനെയൊക്കെയാണെങ്കിലും ഇപ്പോഴും ചിലരെങ്കിലും ഇന്റർനെറ്റിൽ മലയാളം എഴുതുന്നതിന് മംഗ്ലീഷിനെയോ അല്ലെങ്കിൽ ഇംഗ്ലീഷിനെയോ ആശ്രയിക്കുന്നു എന്നത് വസ്തുതയാണ്. മലയാളത്തിൽ എഴുതാനും വായിക്കാനും പേജ് രൂപകല്പന നടത്താനും ഇംഗ്ലീഷ് ഭാഷയിലേത് പോലെ തന്നെ എളുപ്പമാണ് എന്നത് പ്രചരിപ്പിക്കേണ്ടിയിരിക്കുന്നു. സംസ്ഥാന സർക്കാർ ഔദ്യോഗിക വെബ്സൈറ്റിൽ തന്നെ പ്രത്യേക പേജ് ഇതിനായി സജ്ജമാക്കിയിട്ടുണ്ട്. ലിങ്കിൽ അക്ഷരരൂപങ്ങളും എഴുത്തുരീതിയും ലഭ്യമാണ് http://malayalam.kerala.gov.in ൽ നിന്ന് ഫോണ്ടുകൾ കമ്പ്യൂട്ടറിൽ കൊണ്ട് വരാനും, എഴുതാൻ ഉള്ള സങ്കേതങ്ങൾ ഉൾപ്പെടുത്താനും സഹായകരമാണ്.

സൈബർ ഇടത്തിൽ മലയാളത്തിന്റെ അവസ്ഥ ഇതര ഇന്ത്യൻ പ്രാദേശിക ഭാഷകളെ അപേക്ഷിച്ച് ശക്തമാണ്. വിക്കീപിഡിയ, ബ്ലോഗുകൾ, സോഷ്യൽ നെറ്റ്‌വർക്കിംഗ് സൈറ്റുകൾ എന്നിവയിൽ മലയാളത്തിൽ തന്നെ ഉള്ളടക്കം രചിക്കുന്നവരുടെയും അഭിപ്രായം എഴുതുന്നവരുടെയും എണ്ണം വളരെയധികമാണ്. നിലവിൽ ഇതിലേക്ക് പരിചയിച്ച് വരാത്തവരെ കൂടി പരിശീലനം നൽകി കൊണ്ട് വരുന്നതോടെ ഉള്ളടക്കത്തിന്റെ അളവ് കാര്യമായി വർധിക്കും അത് വഴി മലയാളത്തിൽ തന്നെ സർച്ച് ചെയ്യുമ്പോൾ ഇപ്പോഴുള്ളതിന്റെ പല മടങ്ങ് തിരയൽ ഫലം ലഭിക്കാനും ഉപകരിക്കും.

ഇതിന് സമാന്തരമായി തന്നെ ബ്ലോഗ്, സോഷ്യൽ നെറ്റ്‌വർക്കിംഗ് സൈറ്റ് എന്നിവയിലും മലയാളം കാര്യമായി ഉപയോഗിക്കപ്പെട്ടു. ഇനി അടുത്ത ഗതിവേഗം മലയാളം ഉള്ളടക്കത്തിനുണ്ടാകാൻ പോകുന്നത് മൊബൈൽ ഫോണിൽ നിന്നാകും. സ്മാർട്ട് ഫോൺ ഉപകരണങ്ങളിൽ ഇപ്പോൾ മലയാളത്തിൽ എഴുതാൻ ഉള്ള ആപ്ലിക്കേഷനുകൾ കാര്യമായി ഉപയോഗിച്ച് തുടങ്ങിയിട്ടില്ല. അത് വരും വർഷങ്ങളിൽ പ്രചുരപ്രചാരം നേടുന്നതോടെ മലയാളം ഇമെയിൽ മുതൽ എസ് എം എസ് വരെ തലങ്ങും വിലങ്ങും ഉപയോഗിക്കപ്പെടും. നിലവിൽ വെബ്സൈറ്റുകൾ അത് വാണിജ്യ വ്യാപാര ഉടമസ്ഥതയിൽ ഉള്ളതായാലും സർക്കാർ/പൊതുമേഖലാ സ്ഥാപനങ്ങളുടേതായാലും പ്രാദേശിക ഭാഷകളിലേക്ക് കൂടുമാറുന്നതേയുള്ളൂ. ഇന്റർനെറ്റ് ഇനി വളരണമെങ്കിൽ അത് അതാത് പ്രാദേശിക ഭാഷയിലൂടെ മാത്രമേ സാധിക്കൂ എന്ന നിലയിൽ എത്തി നിൽക്കുന്നു.

അറിവിനെയും എഴുത്തിനെയും അതിന്റെ പിന്നാമ്പുറ ചിന്തയേയും സാമൂഹിക സമ്പർക്ക മാധ്യമങ്ങൾ ഉചിതമായി സ്വാധീനിച്ച് തുടങ്ങിയിരിക്കുന്നു. ഇത് ഒരു പക്ഷെ രണ്ട് ദിശയിലും വരാം എന്ന് മാത്രം. ദുരുപയോഗം ചെയ്യുന്ന ന്യൂനപക്ഷം ഉണ്ടാകാം എന്ന് വച്ച് അത് സാമാന്യവത്കരിച്ച് ഗുണകരമായ പരശതം കാര്യങ്ങളോട് എങ്ങനെ പിണങ്ങി നിൽക്കാനാകും? അച്ചടി മാധ്യമങ്ങൾ അടക്കം ദുരുപയോഗിക്കുന്ന സാഹചര്യങ്ങൾ ചരിത്രത്തിലും വർത്തമാനത്തിലും പലകുറി ഉണ്ടാകുന്നുണ്ട്. എന്നാൽ അതിന്റെ ഗുണവശവും സമൂഹത്തെ എത്രത്തോളം ഇത് സുതാര്യവത്കരിക്കുന്നുണ്ട് എന്നതും കണക്കിലെടുക്കണം.

**(ലേഖകൻ യൂണിയൻ ബാങ്ക് ഓഫ് ഇന്ത്യ കോഴിക്കോട് റീജിയണൽ ഓഫീസിൽ ടെക്നിക്കൽ മാനേജരാണ്.)**




# ഇന്ത്യയുടെ കായിക പാരമ്പര്യം

ആർ. സുരേഷ്

**യു**ദ്ധങ്ങൾ എന്നും മാനവരാശിക്ക് നൽകിയിട്ടുള്ളത് ദുഃഖങ്ങളാണ്. എന്നാൽ വലിയ പടനിലങ്ങളിൽ നിന്നും പോരാട്ടം ആധുനികകാലത്ത് കൃത്യമായി വിസ്തീർണ്ണം നിശ്ചയിച്ചിട്ടുള്ള മൈതാനികളിൽ എത്തിയപ്പോൾ അവയുടെ ചിത്രം മാറി. സ്നേഹത്തിന്റെയും സഹവർത്തിത്വത്തിന്റെയും സമാധാനത്തിന്റെയും സന്ദേശങ്ങളായി അവ നിലകൊണ്ടു. ആഗോളതലത്തിൽ തന്നെ രാജ്യങ്ങളുടെ കരുത്ത് നിശ്ചയിക്കുന്ന തരത്തിൽ കായികമേഖല മാറിയിട്ടുണ്ട്. ഇന്ത്യൻ കായിക ചരിത്രത്തിന്റെ പഴക്കം കൃത്യമായി നിശ്ചയിക്കുക സാധ്യമല്ല. വിശ്വഖ്യാതി നേടിയ കായിക പാരമ്പര്യം നമുക്കുണ്ട്. ആ കായികശ്രേഷ്ഠതയുടെ ഓർമ്മയ്ക്കായാണ് എല്ലാ വർഷവും ഓഗസ്റ്റ് 29ന് നാം കായികദിനമായി ആചരിക്കുന്നത്. ഇന്ത്യൻ ഹോക്കിയെ ലോകത്തിന്റെ നെറുകയിൽ പ്രതിഷ്ഠിച്ച ധ്യാൻചന്ദ് എന്ന ഹോക്കി മാന്ത്രികന്റെ ജന്മദിനമാണ് ആ ദിവസം. രാജീവ് ഗാന്ധി ഖേൽരത്ന, അർജുന, ദ്രോണാചാര്യ തുടങ്ങിയ ദേശീയ കായിക പുരസ്കാരങ്ങൾ ആ ദിവസമാണ് രാഷ്ട്രപതി അർഹരായവർക്കു സമ്മാനിക്കുന്നത്.

**ഇന്ത്യൻ കായികരംഗം**

ഇന്ത്യയുടെ കായിക ചരിത്രത്തിന് വേദകാലഘട്ടത്തോളം പ്രായമുണ്ട്. വേദങ്ങളിൽ തന്നെ കായികരംഗവുമായി ബന്ധപ്പെട്ട മന്ത്രങ്ങൾ നമുക്ക് കാണാൻ കഴിയും. 'സകടമ എന്റെ വലതുകൈയിലും വിജയത്തിന്റെ ഫലം ഇടതുകൈയിലുമാണ്' എന്ന അഥർവവേദത്തിലെ മന്ത്രം നമ്മെ ഓർമ്മിപ്പിക്കുന്നത് 'എന്റെ രാജ്യത്തിന്റെ അഭിമാനത്തിനും കായികമേഖലയുടെ യശസിനുമായി' എന്ന പഴയ ഒളിമ്പിക്സ് പ്രതിജ്ഞയാണ്. അമ്പെയ്ത്ത്, വാൾപയറ്റ് തുടങ്ങിയ ആദ്യകാല ഇന്ത്യൻ ആയോധകലകൾ മുതൽ ചതുരംഗം പോലുള്ള കായിക വിനോദങ്ങൾ വരെ ഇന്ന് ലോക കായികഭൂപടത്തിൽ ഇടം പിടിച്ചിട്ടുണ്ട്. ഇന്ത്യയുടെ തന്നെ കണ്ടുപിടുത്തമായിരുന്നു ഹോക്കി. കളിക്കളത്തിലെ മാന്ത്രികനായ ഇന്ത്യയുടെ എക്കാലത്തേയും അഭിമാനം ധ്യാൻചന്ദ് ആ രംഗത്ത് വിരിയിച്ച വിസ്മയങ്ങൾ മറക്കാവുന്നതുമല്ല. ഒരു കാലത്ത് ഹോക്കി എന്ന കായികവിഭാഗത്തിൽ ഇന്ത്യയ്ക്ക് തക്ക എതിരാളികൾ ഉണ്ടായിരുന്നില്ല. എന്നാൽ ദേശീയ കായിക വിനോദമായ ഹോക്കി ഉൾപ്പെടെയുള്ള പല കായിക ഇനങ്ങളിലുമുള്ള ഇന്ത്യയുടെ ഇപ്പോഴത്തെ പിന്നോക്കാവസ്ഥ നാം പഠന വിധേയമാക്കേണ്ടതാണ്.

ഇന്ത്യൻ കായികരംഗത്തെ സ്വാതന്ത്ര്യത്തിന് മുൻപും പിൻപും എന്ന് രണ്ടായി തിരിക്കാം. സ്വാതന്ത്ര്യത്തിന് മുൻപ് നാം നമ്മുടെ തനതായ കായികവിനോദങ്ങളുമായി മുന്നോട്ടുപോകുകയായിരുന്നു. എന്നാൽ അധിനിവേശങ്ങൾ നമ്മുടെ ചിന്തകളിലെന്നതുപോലെ കായികതാൽപര്യങ്ങളിലും

വലിയ മാറ്റങ്ങളാണ് വരുത്തിയത്.

**സ്വാതന്ത്ര്യത്തിന് ശേഷം**

ഇന്ത്യയുടെ കായികാഭിരുചിയിൽ സാമ്രാജ്യ അധിനിവേശം വളർത്തിയത് വലിയ മാറ്റങ്ങളാണ്. നമ്മുടെ തനതായ കായികരൂപങ്ങൾക്ക് പകരം ക്രിക്കറ്റുൾപ്പെടെയുള്ള കോളോണിയൽ കായിക ഇനങ്ങൾ സ്ഥാനം പിടിച്ചു. അതോടെ ഹോക്കിയിലും ഇതര കായിക മേഖലയിലുമുണ്ടായിരുന്ന മേധാവിത്വം ക്രമേണ നഷ്ടമായി.

സ്വാതന്ത്ര്യാനന്തരം ഇന്ത്യയുടെ കായിക രംഗത്തുണ്ടായ ശ്രദ്ധേയമായ ആദ്യ നേട്ടം 1951 ൽ ഡൽഹിയിൽ സംഘടിപ്പിച്ച ദേശീയ ഗെയിംസായിരുന്നു. പിറവിയെടുത്ത് നാലുവർഷം മാത്രമായ ഒരു കുഞ്ഞിന്റെ ദൗർബല്യങ്ങൾ ഉണ്ടായിരുന്നുവെന്ന് വേണമെങ്കിൽ വിമർശകർക്ക് ചൂണ്ടിക്കാട്ടാമെങ്കിലും അത് ധീരമായ ഒരു കാൽവയ്പ്പായിരുന്നു. തുടർന്ന് 1982ലും ഏഷ്യൻ ഗെയിംസ് ഇന്ത്യൻ മണ്ണിലെത്തി. അതാണ് രാജ്യത്ത് ഒരു കായികവിപ്ലവത്തിന് വഴിമരുന്നിട്ടത്. അന്നാണ് രാജ്യത്ത് ആദ്യമായി ഒരു കായികമന്ത്രാലയം രൂപീകരിക്കപ്പെടുന്നത്. 1982ലെ ഏഷ്യൻ ഗെയിംസിന്റെ നടത്തിപ്പിന് രൂപീകരിച്ച കായികമന്ത്രാലയമാണ് പിന്നീട് 1985ലെ അന്താരാഷ്ട്ര യുവജനവർഷാഘോഷത്തോടനുബന്ധിച്ച് കായിക-യുവജനക്ഷേമമന്ത്രാലയമായത്. 1982ലെ ഏഷ്യൻ ഗെയിംസ് എന്തുകൊണ്ടും നമുക്ക് അഭിമാനകരമായിരുന്നു. തുടർന്ന് രാജ്യം വിവിധ കായികമാമാങ്കൾക്ക് വേദിയായെങ്കിലും കായികഭൂപടത്തിൽ ഇന്ത്യയെന്ന മഹത്തായ രാജ്യത്തിന്റെ സ്ഥാനം ദിനംപ്രതി താഴോട്ടുവരുന്നതാണ് കണ്ടത്. നിത്യപട്ടണിയിൽ ഉഴലുന്ന രാജ്യങ്ങൾപോലും കായികരംഗത്ത് കുതിപ്പ് നടത്തുമ്പോൾ, വലിപ്പത്തിലും ജനസംഖ്യയിലും ഏറെ മുന്നിലുള്ള നമുക്ക് വിരലിലെണ്ണാവുന്ന കായിക താരങ്ങൾ മാത്രമേ ലോകത്തിനു മുന്നിൽ ഉയർത്തിക്കാട്ടുവാൻ ഉണ്ടായിരുന്നുള്ളൂ. 1982ലെ ഏഷ്യൻ ഗെയിംസിൽ അത്‌ലറ്റിക്സിലും മറ്റും വൻ കുതിച്ചുചാട്ടം നടത്തിയ ഇന്ത്യ കഴിഞ്ഞ ഏഷ്യൻ ഗെയിസിംലും കോമൺവെൽത്ത് ഗെയിംസിലും വളരെ പരിതാപകരമായ പ്രകടനമാണ് നടത്തിയത്. 120 കോടിയിലേറെ ജനങ്ങൾ വസിക്കുന്ന ഒരു രാജ്യത്തിമെന്ന നിലയിൽ നിലവാരമില്ലാത്ത ഒന്നായി നമ്മുടെ കായിക പ്രകടനത്തെ പലപ്പോഴും വിലയിരുത്തപ്പെട്ടു.

**മാറുന്ന മുൻഗണനകൾ**

ഒരുകാലത്ത് ഹോക്കി, ഗുസ്തി, അത്‌ലറ്റിക്സ് എന്നിവയിലൊക്കെ വളരെ മുന്നിട്ടുനിന്ന നമ്മുടെ കായികമേഖലയിലെ മാറ്റത്തിന് 1983ലെ ക്രിക്കറ്റ് ലോകകപ്പിന് വലിയ പങ്കുണ്ട്. ആകെ പത്തിൽതാഴെ രാജ്യങ്ങൾ മാത്രമേ കളിക്കുന്നുണ്ടായിരുന്നുള്ളുവെങ്കിലും എല്ലാവരും എഴുതിത്തള്ളിയിരുന്ന ഇന്ത്യൻ ക്രിക്കറ്റ് ടീം ലോകത്തിന്റെ നെറുകയിലെത്തി. കപിൽ ദേവ് എന്ന നായകന്റെ നേതൃത്വത്തിലിറങ്ങിയ 'ഡെവിളുകൾ' ലോകക്രിക്കറ്റിനെ വിറപ്പിച്ചിരുന്ന താരനിബഡമായ വെസ്റ്റിന്റീസിനെ അട്ടിമറിച്ച് ആദ്യമായി ലോകകപ്പ് ഇന്ത്യയിൽ കൊണ്ടുവന്നു. അതോടെ ക്രിക്കറ്റ് ഒരു ജ്വരമായി ഇന്ത്യയിൽ പടർന്നുകയറി. അതിന്റെ വിപണനസാധ്യതകൾ മനസിലാക്കിയ കുത്തക ഭീമൻമാർ ആ കളിയെ ഏറെ പ്രോത്സാഹിപ്പിക്കുകയും ചെയ്തു. ക്രിക്കറ്റിന്റെ അപ്രമാദിത്വം ശക്തിപ്പെട്ടതോടെ, ഒരു ഏഷ്യൻ ഗെയിംസോ, ഒളിമ്പിക്സോ വരുമ്പോൾ മാത്രം ഓർമ്മിക്കുന്ന വിധം മറ്റെല്ലാ കായിക ഇനങ്ങളും നിർഭാഗ്യവശാൽ ഒതുക്കപ്പെട്ടുപോയി.

അതോടൊപ്പം തന്നെ ടെന്നീസ് പോലുള്ള പ്രൊഫഷണൻ സർക്യൂട്ടിലുള്ള കളികൾ കൂടുതൽ ശ്രദ്ധിക്കപ്പെട്ടുതുടങ്ങിയതോടെ നമ്മുടെ ഫുട്ബോളും ഹോക്കിയും അത്‌ലറ്റിക്സുമൊക്കെ ഏറ്റവും ചെറിയ പരിഗണന ലഭിക്കുന്നതായി മാറി. അതാണ് അന്താരാഷ്ട്ര മത്സര രംഗത്ത് നമ്മുടെ മോശം പ്രകടനങ്ങൾക്ക് കാരണം. ഇവയുടെ വിപണി സാധ്യതകൾ പരിഗണിച്ചുകൊണ്ട് നമ്മുടെ പരമ്പരാഗത കായികവിനോദങ്ങളെ പ്രോത്സാഹിപ്പിക്കാൻ ചില വൻ കോർപ്പറേറ്റുകൾ ഇന്ന് രംഗത്ത് വരുന്നുണ്ട്. ഫുട്ബോൾ, കബഡി, ഹോക്കി എന്നീ കായികവിനോദങ്ങളുടെ പ്രൊഫഷണൽ വൽക്കരണവും ടെലിവിഷൻ സംപ്രേക്ഷണവും സമൂഹത്തിൽ ഇവയുടെ സ്വീകാര്യത തിരികെ കൊണ്ടു

വരുവാനുള്ള ശ്രമങ്ങളായി കാണാവുന്നതാണ്.

**കായിക ഇന്ത്യയിൽ കേരളത്തിന്റെ സ്ഥാനം**

രാജ്യത്തിന് അഭിമാനമായ പല താരങ്ങളേയും സംഭാവനചെയ്ത കേരളം ഇന്ത്യയുടെ കായിക ഭൂപടത്തിൽ സവിശേഷസ്ഥാനം അർഹിക്കുന്നു. പ്രത്യേകിച്ചും മധ്യദൂര ഓട്ടത്തിൽ കേരളത്തിന്റെ സംഭാവനകൾ ഒരിക്കലും മറക്കാനാവില്ല. അത്‌ലറ്റിക്സ്, ഫുട്ബോൾ, നീന്തൽ എന്നീ രംഗങ്ങളിലാണ് കേരളത്തിന്റെ സംഭാവനകളിലേറെയും. പി.ടി. ഉഷ, എം.ഡി. വത്സമ്മ, ഷൈനി വിൽസൻ, ടി.സി. യോഹന്നാൻ, സുരേഷ്ബാബു, പ്രേമചന്ദ്രൻ, മേഴ്സികുട്ടൻ, റോസകുട്ടി, കെ. എം. ബീനാമോൾ, ഐ.എം. വിജയൻ, സി. വി. പാപ്പച്ചൻ, വി.പി.സത്യൻ, ഓമനകുമാരി, വിൽസൻ ചെറിയാൻ, സെബാസ്റ്റ്യൻ സേവ്യർ, രഞ്ജിത് മഹേശ്വരി, ഗീതു അന്നാ ജോസ്, സിറിൽ വെള്ളൂർ, ഉദയകുമാർ, രൂപ ഉണ്ണികൃഷ്ണൻ തുടങ്ങി പറഞ്ഞാലൊടുങ്ങാത്ത മികച്ച പ്രതിഭകളെയാണ് നാം ഇന്ത്യൻ കായികരംഗത്തിന് സമ്മാനിച്ചിട്ടുള്ളത്. അകാലത്തിൽ പൊലിഞ്ഞുപോയ ജിമ്മി ജോർജ് ലോക വോളിബോൾ രംഗത്തെ കേരളത്തിന്റെ വിലപ്പെട്ട സംഭാവനയായിരുന്നു. ദേശീയ-അന്തർദ്ദേശീയതലങ്ങളിൽ താരമികവുകൊണ്ട് പലപ്പോഴും കേരളം തലയുയർത്തിപ്പിടിച്ചു നിന്നിട്ടുമുണ്ട്.

എന്നാൽ ഇന്ന് കേരളത്തിന്റെ കായികരംഗം വല്ലാത്ത പ്രതിസന്ധി നേരിടുന്നുണ്ട്. കേരളീയ വനിതകൾ എന്നും തിളങ്ങിയിട്ടുള്ളത് മധ്യ ഹ്രസ്വദൂര ഓട്ടത്തിലാണ്. എന്നാൽ ഇന്ന് ആ രംഗത്ത് നമുക്ക് വലിയ സംഭാവനകൾ ചെയ്യാൻ കഴിയുന്നില്ല. ഇവിടെയും നമ്മുടെ മുൻഗണനകൾ മാറുന്നതാണ് കാരണം.

**കായികരംഗത്തിന്റെ ഭാവി**

കായികരംഗം എന്നത് കളിക്കളത്തിൽ വെന്നിക്കൊടി പാറിക്കാനുള്ളതു മാത്രമല്ല. ആധുനിക കാലഘട്ടത്തിൽ ഒരു രാജ്യത്തിന്റെ സാമൂഹിക-സാമ്പത്തിക വികസനത്തിന്റെ ഒരു പ്രധാനഘടകമാണ് കായികരംഗം. കായികമേഖലയിലെ നിരന്തരമായ ഇടപെടലുകൾ ആ രാജ്യത്തിന്റെ സാമൂഹിക-ആരോഗ്യ വളർച്ചകൾക്കും ഉൽപ്പാദനപരമായ നേട്ടങ്ങൾക്കും അനിവാര്യമാണ്. ജനങ്ങളിൽ വിനോദ അഭിരുചി വളർന്നാൽ മികച്ച ആരോഗ്യമുള്ള ജനതയെ സൃഷ്ടിക്കാനാകും. ഇക്കാര്യങ്ങൾ മുന്നിൽ കണ്ടുകൊണ്ടുള്ള കായികവികസന പദ്ധതിക്കാണ് രാജ്യത്ത് രൂപം നൽകി വരുന്നത്. ചെറുപ്രായത്തിൽ തന്നെ കുട്ടികളിൽ കായികാഭിരുചി വളർത്തുകയും, കഴിവുള്ള കായികതാരങ്ങളെ കണ്ടെടുത്ത് വളർത്തി പ്രോത്സാഹിപ്പിക്കുകയും ചെയ്യുക എന്ന നയമാണ് നാം ഇപ്പോൾ സ്വീകരിച്ചുവരുന്നത്.

അതോടൊപ്പം തന്നെ നിരന്തരം കായികമത്സരങ്ങൾ സംഘടിപ്പിക്കുന്നത് ആ മേഖലയിലെ അടിസ്ഥാന സൗകര്യ വികസനത്തിന് വളരെ ഗുണകരമാകും. ഒപ്പം തൊഴിൽ സാധ്യതകൾ വർധിപ്പിക്കുകയും വിദേശനാണ്യം രാജ്യത്തേക്ക് ഒഴുകാൻ സഹായിക്കുകയും ചെയ്യും. ഇത്തരത്തിൽ നാടിന്റെ സാമ്പത്തിക സ്ഥിതി കൂടി മെച്ചപ്പെടുത്താൻ നമുക്ക് കായികമേഖലകൊണ്ട് സാധിക്കും. അതിനുകൂടി ഊന്നൽ നൽകുന്ന നയങ്ങളാണ് അടുത്ത കാലത്തായി കായിക മന്ത്രാലയം സ്വീകരിച്ചുവരുന്നത്.

നമ്മുടെ രാജ്യത്ത് കായിക രംഗത്തിന്റെ വളർച്ചക്ക് വേണ്ട സുപ്രധാന പങ്കുവഹിക്കുന്നത് സർക്കാർ തന്നെയാണ്. സർക്കാരും സർക്കാരിന്റെ നിയന്ത്രണത്തിലുള്ള പൊതുമേഖലസ്ഥാപനങ്ങളുമാണ് രാജ്യത്തിന്റെ കായികനയം ഉൾപ്പെടെയുള്ളവ തീരുമാനിക്കുന്നത്. അതിന്റെ അടിസ്ഥാനത്തിൽ ഫണ്ടുകൾ നൽകുന്നതും ഈ ഏജൻസികളാണ്. അടിസ്ഥാന സൗകര്യ വികസനം, പ്രതിഭകളെ ചെറുപ്രായത്തിൽ കണ്ടെത്തി പ്രോത്സാഹിപ്പിക്കൽ തുടങ്ങിയവ സർക്കാരിന്റെ അധീനതയിലാണ്. എന്നാൽ കാലം കഴിയുന്തോറും കായികമേഖലയ്ക്ക് സർക്കാർ തലത്തിൽ നൽകിവരുന്ന ഫണ്ട് കുറഞ്ഞുവരുന്നുവെന്ന പരാതിയും ശക്തമാണ്.

ഇന്ന് പ്രതിഭകളെ ചെറുപ്രായത്തിൽ തന്നെ കണ്ടെത്തി ശാസ്ത്രീയമായി അവരെ രാജ്യത്തിനുതകുന്ന മണിമുത്തുകളായി മാറ്റുന്നതിൽ സുപ്രധാന

മായ പങ്ക് വഹിക്കുന്നത് 1984ൽ രൂപീകൃതമായ സായി അഥവാ സ്പോർട്സ് അതോറിറ്റി ഓഫ് ഇന്ത്യയാണ്. തിരുവനന്തപുരത്തെ എൽ.എൻ.സി.പി പാട്യാലയിലെ നേതാജി സുഭാഷ് നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പോർട്സ് എന്നിവയാണ് SAI യുടെ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നത്. ഇതിന് സഹായകരമായി നിരവധി ഉപകേന്ദ്രങ്ങളും ഇവയ്ക്കുണ്ട്.

ഇതോടൊപ്പം താഴേത്തട്ടുമുതൽ കായികപ്രതിഭകൾക്ക് പ്രോത്സാഹനം നൽകുന്നതിന് മറ്റ് പല പദ്ധതികളും കേന്ദ്രം ആവിഷ്ക്കരിച്ചിട്ടുണ്ട്. അതിലൊന്നാണ് പി.വൈ.കെ.കെ.എ. (പഞ്ചായത്ത് യുവകൃതാ ഓർ ഖേൽ അഭിയാൻ). പഞ്ചായത്ത് തലം മുതലുള്ള കായികവളർച്ചയാണ് ഈ പദ്ധതിയിലൂടെ ഉദ്ദേശിക്കുന്നത്. താഴേത്തട്ടിൽ നിന്ന് തന്നെ പ്രതിഭകളെകണ്ടെത്തി പ്രോത്സാഹിപ്പിക്കാൻ നിരവധി പദ്ധതികൾ സർക്കാരിന്റെ പല വിഭാഗങ്ങളും ആവിഷ്ക്കരിച്ച് നടപ്പാക്കുന്നുണ്ട്. ഓരോ കായിക വിഭാഗങ്ങളെയും പ്രതിനിധീകരിക്കുന്ന ഫെഡറേഷനുകൾ വഴി ഇത്തരം നിരവധി ചെറിയ പദ്ധതികൾക്ക് സർക്കാർ സഹായം ചെയ്യുന്നുമുണ്ട്.

ഇനിനൊക്കെ പുറമെ അടുത്ത ഒളിമ്പിക്സു ലക്ഷ്യം വച്ചുകൊണ്ട് 'ടാർജറ്റ് ഒളിമ്പിക്സ് പോഡിയം' എന്ന ഒരു പദ്ധതിക്കും സർക്കാർ രൂപം നൽകിയിട്ടുണ്ട്. കായികവളർച്ചയ്ക്ക് വേണ്ട സൗകര്യങ്ങൾ ഒരുക്കുന്നതോടൊപ്പം പരിശീലകർക്ക് കൂടുതൽ മികച്ച കായിക വിഭ്യാഭ്യാസം നൽകുകയും ചെയ്യുക എന്നത് ഈ പദ്ധതിയുടെ ഭാഗമാണ്. മികച്ച ഒരുകൂട്ടം കായിക പ്രതിഭകളെ വളരെ ചെറുപ്രായത്തിൽ കണ്ടെത്തി അവർക്ക് കേന്ദ്രീകൃത പരിശീലനം നൽകി 2020ലെ ടോക്കിയോ ഒളിമ്പിക്സിൽ മെഡൽ ജേതാക്കളാക്കാൻ യോഗ്യരാക്കുകയാണ് ലക്ഷ്യം. ഇതിന് എല്ലാ ഭാഗത്തുനിന്നും സഹായവും ലഭിക്കുന്നുണ്ട്.

കേരളവും ഈ ലക്ഷ്യം മുന്നിൽ കണ്ട് ശക്തമായ പ്രവർത്തനങ്ങളാണ് നടത്തുന്നത്. കേരളത്തിന്റെ സ്പോർട്സ് കൗൺസിലിന്റെ നേതൃത്വത്തിൽ യുവകായികതാരങ്ങൾക്ക് മികവിന്റെ തലത്തിൽ എത്തുന്നതിന് വേണ്ട സൗകര്യങ്ങൾ ഒരുക്കികൊടുക്കുന്നുണ്ട്. അതോടൊപ്പം തന്നെ ഇന്ത്യയുടെ അഭിമാനമായിരുന്ന പി.ടി. ഉഷ, മേഴ്സികുട്ടൻ എന്നിവരുടെ നേതൃത്വത്തിൽ വിവിധ സ്പോർട്സ് സ്കൂളുകളും കേരളത്തിൽ പ്രവർത്തിക്കുന്നുണ്ട്. മൂന്നാറിൽ ഒരു ഹൈ ആൾട്ടിറ്റ്യൂട് പരിശീലനകേന്ദ്രം സ്ഥാപിക്കാൻ ശ്രമം നടത്തിയെങ്കിലും അത് പൂർണ്ണമായും വിജയിച്ചിട്ടില്ല. കേരളം പോലൊരു സംസ്ഥാനം ഇന്ന് ഈ മേഖലയിൽ അഭിമുഖീകരിക്കുന്ന പ്രധാനപ്പെട്ട പ്രശ്നം ഫണ്ടാണ്. കഴിഞ്ഞ ദേശീയ ഗെയിംസിന്റെ ഭാഗമായി സംസ്ഥാനത്തെ കായിക മേഖലയിൽ അടിസ്ഥാന സൗകര്യങ്ങൾ നമുക്ക് വർധിപ്പിക്കാനായിട്ടുണ്ട്.

**കായിക വിഭ്യാഭ്യാസം.**

ഒളിമ്പിക്സ് എന്ന ലക്ഷ്യം മുന്നിൽ കണ്ടുകൊണ്ടുള്ള പരിശ്രമത്തിന് ഫലമുണ്ടാകുമെന്ന് പ്രതീക്ഷിക്കാമെങ്കിലും കായിക രംഗത്തിന്റെ സമഗ്രമായ വളർച്ചയ്ക്ക് കായികവിദ്യാഭ്യാസം ഏറെ അനിവാര്യമാണ്. സ്കൂളുകളുടെ പാഠ്യപദ്ധതിയിൽ കായിക മത്സരങ്ങളെ ഉൾപ്പെടുത്തണം. മറ്റ് പാഠ്യവിഷയങ്ങളെപ്പോലെ ഒരു പിരിയേഡ് കായികവിദ്യാഭ്യാസത്തിനായി മാറ്റിവയ്ക്കണം. നിലവിൽ പല സ്കൂളുകളിലും, കേരളത്തിലെങ്കിലും, കായികവിനോദത്തിനായി പിരീയഡുകൾ മാറ്റിവയ്ക്കാറുണ്ടെങ്കിലും അത് പാഠ്യപദ്ധതിയുടെ ഭാഗമല്ല. അതുകൊണ്ടുതന്നെ ഫലപ്രദമായി ആരും വിനിയോഗിക്കുന്നുമില്ല. എന്തിനേറെ, പരിശീലനം നൽകാൻ കഴിയുന്ന കായികാദ്ധ്യാപകർ പോലും നമുക്കില്ലെന്നതാണ് ദുഃഖസത്യം. സ്കൂൾ കായികമേളകളിൽ അപൂർവമായെങ്കിലും ചിലസ്കൂളുകൾക്ക് മികച്ച പ്രകടനം കാഴ്ചവയ്ക്കാൻ കഴിഞ്ഞത് അത്തരത്തിലുള്ള മെച്ചപ്പെട്ട കായികാദ്ധ്യാപകരുടെ സാന്നിധ്യം കൊണ്ടായിരുന്നു. ഇന്ന് വിദ്യാഭ്യാസത്തിനുള്ള ചെലവ് വെട്ടിക്കുറയ്ക്കുന്നതിന്റെ ഭാഗമായി ഇത്തരം അദ്ധ്യാപകരുടെ തസ്തികൾ ഇല്ലാതാക്കാനാണ് ശ്രമിക്കുന്നത്. എന്നാൽ 2011ൽ കേന്ദ്രസർക്കാർ കായികവിഷയം പാഠ്യപദ്ധതിയുടെ ഭാഗമാക്കാനുള്ള ഒരു തീരുമാനം കൈക്കൊണ്ടിട്ടുണ്ട്. അത് പൂർണ്ണമായി നടപ്പിലാക്കി കഴിയുമ്പോൾ ഈ

പ്രശ്നം ഒരുപരിധി വരെ പരിഹരിക്കപ്പെടുമെന്ന് കരുതാം.

**കായിക സർവകലാശാല**

കായികരംഗത്തെ പഠനത്തിന്റെ ഭാഗമാക്കുന്നതിന് മികച്ച ഉദാഹരണമാണ് ഒരു കായികസർവകലാശാല എന്ന കേരളത്തിന്റെ തീരുമാനം. കേന്ദ്ര കായികവകുപ്പ് ഇതിനുവേണ്ട പിന്തുണ നല്കാമെന്ന് ഉറപ്പും നൽകിയിട്ടുണ്ട്.

ആഗോള കായികഭൂപടത്തിൽ ഇന്ത്യ ഇന്നും ഒരു പ്രധാന ശക്തിയല്ല. നൂറ്റിയിരുപതുകോടി ജനങ്ങളുള്ള ഒരു രാജ്യം അർഹിക്കുന്ന സ്വാഭാവികമായ ഉന്നതിയിലേക്ക് ഇന്ത്യ ഇനിയും എത്തിച്ചേർന്നിട്ടില്ല. അത്‌ലറ്റിക്സ്, ഫുട്ബോൾ തുടങ്ങി വ്യാപക പ്രചാരമുള്ള ഇനങ്ങളിൽ നാം ലോകനിലവാരത്തിൽ നിന്ന് എത്രയോ അകലെയാണ്. അന്താരാഷ്ട്ര നിലവാരത്തിലുള്ള അടിസ്ഥാന സൗകര്യങ്ങളുടെ അഭാവവും കായിക സംസ്കാരം ജനജീവിതത്തിന്റെ ഭാഗമായി മാറാത്തതുമാണ് ഈ പിന്നാക്കാവസ്ഥയ്ക്ക് പ്രധാനകാരണമായി ചൂണ്ടിക്കാണിക്കപ്പെടുന്നത്. കായികസംസ്കാരം ജീവിതത്തിന്റെ ഭാഗമാകുമ്പോൾ മാത്രമേ ശാരീരികക്ഷമതയുള്ള ഒരു ജനതയെ വാർത്തെടുക്കാൻ കഴിയൂ. ജനങ്ങളെ കായികവിനോദത്തിലേക്ക് ആകർഷിക്കാൻ ദേശീയ ടീമുകളുടെ വലിയ വിജയങ്ങളും പ്രചോദനമായി മാറാൻ കഴിയുന്ന താരങ്ങളും ഉണ്ടാവണം. 1983ലെ ലോകകപ്പ് വിജയം ഇന്ത്യയിലെ ക്രിക്കറ്റിനെ എത്രമാത്രം ജനകീയമാക്കി മാറ്റി എന്ന് നമുക്ക് അറിവുള്ളതാണ്. ടി.സി. യോഹന്നാനെയും പി.ടി. ഉഷയെയും പോലുള്ള കായിക ഇതിഹാസങ്ങളാണ് അത്‌ലറ്റിക്സിനെ സ്നേഹിച്ച തലമുറകളെ കേരളത്തിൽ സൃഷ്ടിച്ചത്. ഇത്തരം താരങ്ങളേയും ടീമുകളേയും സൃഷ്ടിക്കാൻ സാമ്പ്രദായിക രീതികൾക്കപ്പുറത്തേക്ക് ചിന്തിക്കാൻ നമുക്ക് കഴിയണം. ശാസ്ത്രീയമായ പഠനങ്ങളും ഗവേഷണങ്ങളും നടത്തി, താരങ്ങളുടെ പ്രകടനങ്ങളുമായി അവയെ നേരിട്ട് ബന്ധപ്പെടുത്താൻ കഴിയുന്ന വേദികളുണ്ടാവണം. ലോകത്തിലെ കായികശക്തികളുടെ അനുഭവം നമുക്ക് നൽകുന്ന പാഠം അതാണ്. ആ പാഠം ഉൾക്കൊണ്ടുകൊണ്ടാണ് കായിക സർവകലാശാല എന്ന ആശയം രൂപം കൊള്ളുന്നത്.

സ്പോർട് സയൻസ് ഇന്ന് ലോകമെമ്പാടും അനുദിനം വളർന്നു വരുന്ന ഒരു പഠനമേഖലയാണ്. ശാസ്ത്രീയമായ അറിവുകളുടെ ശേഖരണവും അനുബന്ധമായ ഗവേഷണങ്ങളും വിവിധ രാജ്യങ്ങളുടെ കായികരംഗത്തെ പ്രകടനങ്ങളെ ഗുണപരമായി സ്വാധീനിച്ചുകൊണ്ടിരിക്കുകയാണ്. ഉന്നത നിലവാരം പുലർത്തുന്ന ഗവേഷണസ്ഥാപനങ്ങളും ആധുനിക അടിസ്ഥാന സൗകര്യങ്ങളും ഉള്ള രാജ്യങ്ങളിലെ കായികതാരങ്ങളാണ് ഇന്ന് അന്താരാഷ്ട്ര മത്സരങ്ങളിൽ നേട്ടങ്ങൾ കൊയ്യുന്നത്. ലോകചാമ്പ്യന്മാരായ കായികതാരങ്ങൾ പലരും സർവകലാശാലകളിൽ നിന്നുള്ളവരാണ്. ഈ മാതൃക ഇന്ത്യയ്ക്കും അനുകരണീയമാണ്. കായിക ശാസ്ത്രരംഗത്ത് മികച്ച പഠന-ഗവേഷണങ്ങൾ നടത്താനും മത്സരരംഗത്ത് അവയെ പ്രായോഗികമായി പ്രയോജനപ്പെടുത്താനും കഴിയുന്ന ഒരു ഉന്നത വിദ്യാഭ്യാസകേന്ദ്രം കാലഘട്ടത്തിന്റെ ആവശ്യമാണ്. കായികമേഖലയിൽ പഠന ഗവേഷണങ്ങൾ നടത്തി അവയെ പ്രായോഗിക തലത്തിൽ പ്രയോജനപ്പെടുത്താൻ കഴിയുന്ന ഒരു സ്ഥാപനം ഇന്ന് ഇന്ത്യയിൽ നിലവിലില്ല എന്നത് നിരാശാജനകമായ ഒരു യാഥാർഥ്യമാണ്. കായികരംഗത്ത് അപൂർവം ചില ഇനങ്ങളിലൊഴിച്ച് നമുക്ക് ലോകനിലവാരത്തിലെത്താൻ കഴിയാത്തതിന്റെ കാരണങ്ങളിലൊന്ന് ആധുനിക ജ്ഞാനസമ്പാദനത്തെയും പ്രായോഗിക പരിശീലനത്തെയും തമ്മിൽ ബന്ധിപ്പിക്കാൻ കഴിയാത്തതാണ്. പോരായ്മകൾ പരിഹരിച്ചുകൊണ്ട് മികവിന്റെ പുതിയ തലത്തിലേക്ക് ഇന്ത്യൻ കായികരംഗത്തെ പിടിച്ചുയർത്താൻ ഒരു കായിക സർവകലാശാല സ്ഥാപിക്കേണ്ടത് അത്യന്താപേക്ഷിതമാണ്.

രാജ്യത്തെ ഉന്നത പ്രകടനം കാഴ്ചവെക്കുന്ന കായിക താരങ്ങൾക്ക് വേണ്ട സാങ്കേതിക പിന്തുണ നൽകുകയും കായിക ശാസ്ത്രത്തെയും കായിക ചികിത്സാരംഗത്തെയും സംയോജിപ്പിച്ച് അത് പരിശീലനത്തിനായി ഉപയോഗിക്കുകയും ചെയ്യുന്ന മികവിന്റെ കേന്ദ്രമായിരിക്കണം ഈ കായിക

സർവകലാശാല.

ഇന്ത്യയ്ക്ക് കായിരംഗത്ത് ശോഭനമായ ഒരു ഭാവിയാണുള്ളത്. ഭൂതകാലവും ശോഭനമായിരുന്നു. എന്നാൽ അത് ഫലപ്രദമായി വിനിയോഗിക്കാൻ നമുക്ക് കഴിഞ്ഞിട്ടില്ല. മനുഷ്യവിഭവശേഷിയിൽ ലോകത്ത് രണ്ടാമത് നിൽക്കുന്ന ഒരു രാജ്യമെന്ന നിലയിൽ കായിക ലോകം നമ്മളിൽ നിന്നും ഏറെ പ്രതീക്ഷിക്കുന്നു. ഇന്ത്യയിൽ പ്രതിഭാദാരിദ്ര്യമല്ല കായിക രംഗത്തെ പിന്നോട്ടടിക്കുന്നത്. രാജ്യത്തെ സാമ്പത്തിക ദാരിദ്ര്യത്തിന് ഇതിൽ വലിയൊരു പങ്കുണ്ട്. നമ്മുടെ പല കായിക പ്രതിഭകളുടെയും ചരിത്രം പരിശോധിച്ചാൽ ഇത് വ്യക്തമാകും. മിൽഖാസിംഗ്, പി.ടി. ഉഷ തുടങ്ങി പല മികച്ച താരങ്ങളും വളരെ കഷ്ടതനിറഞ്ഞ കുടുംബങ്ങളിൽ നിന്നെത്തി കഴിവു തെളിയിച്ചവരാണ്.

ഇതുപോലെ കുടിലുകളിൽ രത്നങ്ങൾ മറഞ്ഞു കിടക്കുന്നുണ്ട്. അവയെ കണ്ടെത്തി ലോകത്തിന് മുന്നിൽ സമർപ്പിക്കണമെങ്കിൽ നമുക്ക് അതിന് തക്ക സാമ്പത്തികശേഷി വേണം. സർക്കാരാണ് ഇവിടെ കായികമേഖലയുടെ വളർച്ചയും തളർച്ചയും നിയന്ത്രിക്കുന്നതെങ്കിലും മാറുന്ന സാഹചര്യത്തിൽ ഇന്ത്യൻ സർക്കാരിന് എത്രത്തോളം ഇതിൽ ഇടപെടാൻ കഴിയുമെന്നത് സംശയകരമാണ്. സാമ്പത്തിക സ്ഥിതിഗതികൾ മാറിക്കൊണ്ടിരിക്കുന്ന സാഹചര്യത്തിൽ ഇതിന് ഫലപ്രദമായ ഒരു മറുവഴി കണ്ടെത്തേണ്ടതുണ്ട്. ഇതിനായി സ്വകാര്യ മേഖലയുടെ സഹായം തേടാവുന്നതാണ്.



ഇന്ത്യ എന്നത് ലോക കായികഭൂപടത്തിൽ ഏറ്റവും ലാഭം നേടാൻ കഴിയുന്ന ഒരു രാജ്യമാണെന്ന് പല കായിക അസോസിയേഷനുകളും കണ്ടെത്തിക്കഴിഞ്ഞു. അതിന്റെ ഏറ്റവും നല്ല ഉദാഹരണമാണ് കഴിഞ്ഞ വർഷം ആരംഭിച്ച പ്രൊഫഷണൽ ഫുട്ബോൾ ടൂർണമെന്റായ ഇന്ത്യൻ സൂപ്പർ ലീഗ് (ഐ.എസ്.എൽ). ഇന്ത്യയാണ് ഇനി ലോക ഫുട്ബോൾ ഫെഡറേഷനായ ഫിഫയുടെ ലക്ഷ്യസ്ഥാനം. അത് മനസിലാക്കിയതോടെ കോർപ്പറേറ്റുകൾ ഇന്ത്യൻ ഫുട്ബോൾ രംഗത്ത് ഇടപെടാൻ തുടങ്ങി. അതിന്റെ പരിണിതഫലമാണ് ഐ.എസ്.എൽ. അതുപോലെ ബാഡ്മിന്റൺ,ഹോക്കി, കബഡി എന്നിവയിലും പ്രൊഫഷണൽ ലീഗുകൾ തുടങ്ങിക്കഴിഞ്ഞു. ഇത് നല്ല സൂചനയാണ്. ഇനി അത്‌ലറ്റിക്സ് പോലുള്ള പ്രധാന കായിക ഇനങ്ങളിലും ഇത്തരം ഇടപെടലുകൾ അനിവാര്യമാണ്. ഹോക്കി സ്റ്റിക്കേന്തിയ മാന്ത്രിക വിരലുകൾ കൊണ്ട് ലോകത്തെ ഏറെനാൾ വിസ്മയിപ്പിച്ച ഭാരതീയ ഇതിഹാസം ധ്യാൻചന്ദിന്റെ ഓർമ്മദിനമായ ദേശീയ കായിക ദിനത്തിൽ, ഇന്ത്യൻ കായികരംഗത്തിന്റെ സമഗ്ര വളർച്ചയ്ക്കായി വരും ദിനങ്ങളിൽ 'കൂടുതൽ വേഗത്തിൽ, കൂടുതൽ ഉയരത്തിൽ, കൂടുതൽ കരുത്തോടെ', ഒരുമിച്ചു നിൽക്കാമെന്ന് നമുക്ക് ദൃഢപ്രതിജ്ഞയെടുക്കാം.

**(ലേഖകൻ മംഗളം ദിനപത്രത്തിന്റെ തിരുവനന്തപുരം കറസ്പോണ്ടന്റാണ്)**

# നിങ്ങൾക്കറിയാമോ?

## ഇ-മൻഡി

പച്ചക്കറികൾ ഓൺലൈനിൽ വിൽക്കുന്നതിനുള്ള ഇലക്ട്രോണിക് പ്ലാറ്റ് ഫോം ആണ് ഇ-മൻഡി (E-mandi). ചെറുകിട കച്ചവടക്കാർക്കും മൊത്തകച്ചവടക്കാർക്കും ഒരു പോലെ സൗകര്യപ്രദമായ ഒരിടമാണിത്. ഈ പദ്ധതി പ്രകാരം രാജ്യത്തിന്റെ വിവിധ സ്ഥലങ്ങളിൽ ഉള്ള കർഷകർക്ക് തങ്ങളുടെ ഉൽപന്നങ്ങൾ ന്യായമായ വിലക്ക് വിൽക്കുന്നതിനും അതുപോലെ ഉപഭോക്താക്കൾക്ക് മിതമായ വിലയിൽ സാധനങ്ങൾ ലഭ്യമാക്കുന്നതിനും ഉള്ള അവസരം ഉണ്ടാകുന്നു. കർഷകർക്ക് തങ്ങൾ വഞ്ചിക്കപ്പെടാതിരിക്കാനും സ്വകാര്യ മാർക്കറ്റുകൾ കൂടി ഇതിൽ ഉൾപ്പെട്ടിരിക്കുന്നതിനാൽ കൂടുതൽ ആൾക്കാരിലേക്ക് മാർക്കറ്റ് വ്യാപിപ്പിക്കാനും കഴിയുന്നു.

കാർഷിക മാർക്കറ്റിൽ നിലവിലുള്ള പ്രശ്നങ്ങളായ ലൈസൻസ് ലഭ്യമാക്കുന്നതിനുള്ള ബുദ്ധിമുട്ട്, ചെറുകിട മാർക്കറ്റുകളുടെ ധാരാളിത്തം, ഒന്നിലധികം തവണ മൻഡി ഫീസ് ഈടാക്കുക, വിവിധ APMC കളുടെ ലൈസൻസുകൾ കിട്ടുന്നതിനുള്ള കാലതാമസം, അടിസ്ഥാന സാങ്കേതിക സൗകര്യങ്ങളുടെ അപര്യാപ്തത, വിലനിലവാരത്തിന്റെ സുതാര്യത ഇല്ലായ്മ, കച്ചവടം നടത്തുന്നതിനുള്ള പരിമിതികൾ എന്നിവയ്ക്കെല്ലാം പരിഹാരമാണ് ഇ-മൻഡി പദ്ധതി. കർഷകർക്ക് മെച്ചപ്പെട്ട വരുമാനം ഉറപ്പുവരുത്തി, ധാരാളം ആളുകളിലേക്ക് ഉൽപ്പന്നങ്ങൾ എത്തിച്ച് ദേശീയ തലത്തിലും സംസ്ഥാന തലത്തിലും ഏകീകരണം നടപ്പിലാക്കാൻ ഇതിലൂടെ സാധിക്കുന്നു.

രാജ്യത്തെ തെരഞ്ഞെടുക്കപ്പെട്ട മാർക്കറ്റുകളിൽ ഇലക്ട്രോണിക് പ്ലാറ്റ്ഫോം ഉണ്ടാക്കി ചെറുകിട കർഷകരെ ഏകോപിപ്പിച്ച് പദ്ധതി നടപ്പിലാക്കുന്നത് കാർഷിക വകുപ്പാണ്. 2015-16 മുതൽ 2017-18 വരെയുള്ള കാലഘട്ടത്തിലേക്കായി 200 കോടിയുടെ പദ്ധതിയാണ് ആവിഷ്ക്കരിച്ചിട്ടുള്ളത്. രാജ്യമെമ്പാടുമായി 585 തെരഞ്ഞെടുക്കപ്പെട്ട മാർക്കറ്റുകളിൽ ഇ-മൻഡി സംവിധാനം ഏർപ്പെടുത്തും. 2015-16 ൽ 250 മൻഡികളും 2016-17ൽ 200 മൻഡികളും 2017-18ൽ 135 മൻഡികളുമാണ് ഉൾപ്പെടുത്താൻ ഉദ്ദേശിക്കുന്നത്. കാർഷിക- സഹകരണവകുപ്പിൽ നിന്ന് സോഫ്റ്റ് വെയറുകൾ സൗജന്യമായി കേന്ദ്രഭരണ പ്രദേശങ്ങളിലെയും സംസ്ഥാനങ്ങളിലെയും മൻഡികൾക്ക് ലഭ്യമാക്കും. കൂടാതെ ഓരോ മൻഡികൾക്കും 30 ലക്ഷം രൂപവരെ ഇന്ത്യാഗവൺമെന്റ് സബ്സിഡി നൽകുന്നുമുണ്ട്.

ഈ പദ്ധതി കർണാടകത്തിൽ വിജയകരമായി നടപ്പിലാക്കി കഴിഞ്ഞു. 55 മാർക്കറ്റുകൾ വെബ്സൈറ്റുമായി ബന്ധപ്പെടുത്തി ലഭ്യമായ ഉൽപന്നങ്ങളുടെ വിവരങ്ങൾ ലിസ്റ്റ് ചെയ്ത് രേഖപ്പെടുത്തുന്നുണ്ട്. ഓരോ സംസ്ഥാനത്തിലെയും 30,000 കച്ചവടക്കാർക്ക് 'യൂസർനെയിം', പാസ്‌വേർഡ് എന്നിവ നല്കും. ഇതു വഴി ബാംഗ്ലൂരിൽ ഉള്ള കച്ചവടക്കാരന് മറ്റ് ജില്ലകളിൽ ലഭ്യമായ ഉൽപ്പന്നങ്ങൾ ഏതെല്ലാമാണെന്ന് മനസ്സിലാക്കാം. ദൂരത്തിനനുസരിച്ച് കച്ചവടക്കാർക്ക് സാധനങ്ങളുടെ ചരക്ക് കൂലി കണക്കാക്കി വിലപേശാവുന്നതാണ്. ചിലപ്പോൾ ഗവൺമെന്റ് മിനിമം വില നിശ്ചയിക്കാറുമുണ്ട്. കഴിഞ്ഞ 16 മാസത്തിനിടെ കർണ്ണാടകയിൽ 8521 കോടിയുടെ വരുമാനം ഉണ്ടായിട്ടുണ്ട്. കൊപ്ര, ഉഴുന്ന്, നെല്ല്, റാഗി, നിലക്കടല, എന്നിവയായിരുന്നു പ്രധാന കാർഷിക ഉൽപന്നങ്ങൾ. പദ്ധതി നടപ്പിലാക്കുന്നതിന്റെയും കർഷകരിൽ അവബോധം ഉണ്ടാക്കുന്നതിന്റെയും ഉത്തരവാദിത്തം സംസ്ഥാന സർക്കാരുകളുടേതാണ്.

# നൈപുണ്യ സംരംഭങ്ങൾ

## ദേശീയ നൈപുണ്യ വികസന സംരംഭകത്വ നയം 2015

സമ്പത്തും തൊഴിലവസരങ്ങളും സൃഷ്ടിക്കാൻ പര്യാപ്തമായതും നൂതന സംസ്കാരത്തിലൂന്നിയതുമായ സംരംഭങ്ങളിലൂടെ രാജ്യത്തെ എല്ലാ പൗരന്മാർക്കും സുസ്ഥിര ജീവിതം ഉറപ്പാക്കുക എന്നതാണ് ഈ നയത്തിന്റെ കാഴ്ച്ചപ്പാട്. ഓരോ വ്യക്തിയെയും സ്വന്തം കഴിവുകളെ കുറിച്ച് ബോധവാന്മാരാക്കി ശാക്തീകരിക്കുക, ആജീവനാന്ത പഠനപരിപാടിയിലൂടെ മികവു നേടുക, അതിനുള്ള സാക്ഷ്യപത്രങ്ങൾ കൈവശമാക്കുക എന്നിവയ്ക്ക് സഹായിക്കുകയാണ് ഈ നയത്തിന്റെ ആത്യന്തിക ലക്ഷ്യം. വ്യക്തികൾ വളരുമ്പോൾ അവരുടെ വളർച്ചയിലൂടെ സമൂഹവും രാജ്യവും വളരുന്നു. സംരംഭകത്വ ആസൂത്രണത്തിന്റെ ലക്ഷ്യം രാജ്യത്ത് ഉടനീളമുള്ള സംരംഭങ്ങളുടെ വളർച്ചയെ ശാക്തീകരിക്കുക എന്നതാണ്.

**ലക്ഷ്യങ്ങൾ:**

- സംരംഭക സംസ്കാരം വളർത്തുക.
- സംരംഭങ്ങളെ പ്രോത്സാഹിപ്പിക്കുക.
- സംരംഭങ്ങൾക്ക് വേണ്ട സഹായങ്ങൾ ലഭ്യമാക്കുക.
- സംരംഭക വിദ്യാഭ്യാസവും ഔപചാരിക വിദ്യാഭ്യാസവും ഏകോപിപ്പിക്കുക.
- അടിസ്ഥാന തലത്തിലുള്ള ജനസമൂഹത്തിന്റെ ആവശ്യങ്ങൾ പരിഹരിക്കാൻ പര്യാപ്തമായ സാമൂഹ്യ സംരംഭങ്ങൾക്കു സൗകര്യം ഒരുക്കുക.
- ബാഹ്യമായ പ്രതിബന്ധങ്ങൾ ഒഴിവാക്കി വ്യവസായങ്ങൾ ആരംഭിക്കുവാൻ സഹായിക്കുക.
- ധനകാര്യ സ്ഥാപനങ്ങളിൽ നിന്ന് വായ്പ വഴി വേണ്ടത്ര മൂലധനം സമാഹരിക്കാൻ സൗകര്യം ഒരുക്കുക.
- വനിതാ സംരംഭങ്ങളെ പ്രോത്സാഹിപ്പിക്കുക.
- സാമൂഹികവും ഭൂമിശാസ്ത്രപരവുമായ ബുദ്ധിമുട്ടുകൾ അനുഭവിക്കുന്ന വിഭാഗങ്ങൾ, പിന്നാക്ക വിഭാഗങ്ങൾ, ന്യൂനപക്ഷങ്ങൾ, വിഭിന്ന ശേഷിയുള്ളവർ തുടങ്ങിയവരുടെ ആവശ്യങ്ങൾ നിറവേറ്റികൊണ്ട് വ്യവസായ സംരംഭങ്ങളുടെ അടിത്തറ വിപുലപ്പെടുത്തുക.

## നാഷണൽ കരിയർ സർവീസ്

തൊഴിൽ ദാതാക്കൾ, തൊഴിൽ അന്വേഷകർ, നൈപുണ്യ പരിശീലകർ, കൗൺസിലർമാർ തുടങ്ങിയവരുടെ ഒരു രജിസ്റ്റർ സൂക്ഷിക്കുന്നതിനും ഇവരെ പരസ്പരം ബന്ധിപ്പിക്കുന്നതിനുമായി ഒരു ദേശീയ തൊഴിൽ സേവന സംവിധാനം നടപ്പിൽ വരുത്തിയിട്ടുണ്ട്. തൊഴിലന്വേഷകർക്ക് നൈപുണ്യ വികസന പരിശീലന പരിപാടികൾ സംബന്ധിച്ച അറിയിപ്പുകൾ, വിവിധ കമ്പനികളിൽ പ്രവൃത്തി പരിചയം നേടുന്നതിനുള്ള അവസരങ്ങൾ, വിദഗ്ധ ഉപദേശങ്ങൾ തുടങ്ങിയ മേഖലകളിലാണ് ഈ സേവനം ലഭിക്കുക.

തൊഴിൽ അന്വേഷിക്കുന്നവർക്ക് ഓൺലൈൻ രജിസ്ട്രേഷനുള്ള സൗകര്യം, ആധാർ ഉപയോഗിച്ച് വിവിധ വിവരങ്ങൾ എവിടെനിന്നും ലഭിക്കാനുള്ള സൗകര്യം, ഒഴിവുകൾ ഉൾപ്പെടെയുള്ള വിവരങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ട് സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ, അപേക്ഷകളുടെ ഇലക്ട്രോണിക് പ്രോസസിംങ്, തൊഴിൽ മാർഗ്ഗനിർദ്ദേശം, നൈപുണ്യ വികസന പരിശീലനം, ഇന്റേൺഷിപ്പ്, അപ്രന്റിസ്ഷിപ്പ് തുടങ്ങിയവയ്ക്കുള്ള സഹായം, ഇ- കിയോസ്കുകൾ വഴിയുള്ള തൊഴിൽ അന്വേഷണ സേവനം, എസ്എം എസ്, ഇ- മെയിൽ തുടങ്ങിയ ആധുനിക വാർത്താവിനിമയ സംവിധാനം വഴി വിവരങ്ങളും വിജ്ഞാപനങ്ങളും കൈമാറ്റം ചെയ്യൽ, ഉദ്യോഗാർത്ഥിയുടെ വ്യക്തിവിവരങ്ങൾ പുതുക്കൽ, രജിസ്ട്രേഷൻ തുടങ്ങിയ പ്രവൃത്തികളിൽ ബഹുഭാഷാ കോൾ സെന്ററുകളുടെ സേവനം, വിവിധ തൊഴിൽ അവസരങ്ങൾ സംബന്ധിച്ചുള്ള വിവരങ്ങൾ കൈമാറൽ, സ്മാർട്ട് ഫോൺ, ലാപ്ടോപ്പ് തുടങ്ങിയ ഉപകരണങ്ങൾ വഴി വിവരങ്ങൾ കൈമാറൽ എന്നീ സേവനങ്ങൾ ലഭ്യമാക്കും.

Yojana (Malayalam) August 2015 Rs. 10 RNI. 22588/72 Postal Regn. Regd. KL/TV (S) 29/2015-17
Licensed to post without pre-payment : KL/TV(S)/WPP/172/2015-17
Published on 1/8/2015




ഇന്ത്യാ ഗവൺമെന്റിന്റെ പബ്ലിക്കേഷൻസ് ഡിവിഷനുവേണ്ടി **അഡീഷണൽ ഡയറക്ടർ ജനറൽ ഡോ. സാധനാ റാവുത്**
സെന്റ് ജോസഫ്സ് പ്രസിൽ അച്ചടിച്ച് തിരുവനന്തപുരത്തെ ഗവ. പ്രസ് റോഡിലുള്ള യോജന ഓഫീസിൽ നിന്ന് പ്രസാധനം ചെയ്യുന്നത്.
**ചീഫ് എഡിറ്റർ – ദീപിക കച്ചൽ, സീനിയർ എഡിറ്റർ – ഡോ. നീതു സോണ എം.**